


DHARMARAM COLLEGE LIBRARY
17873
BANGALORE


എ.കെ.സി.സി. ബുള്ളറ്റിൻ

അഖിലകേരള ക്രിസ്ത്യാനിക കോൺഗ്രസ്സിന്റെ ഔദ്യോഗിക പത്രിക

പുസ്തകം 15 | 1963 ജൂൺ | ലക്കം 4

ഈ ലക്കത്തിൽ

1	ആദരാഞ്ജലി	–	എഡിറ്റർ
2	യുവജനങ്ങളും മതപഠനവും	–	മോസ്റ്റ് റവ:ഡോ.ജോസഫ് അട്ടിപ്പേറ്റിതിരുമേനി
3	Messages	–	
4	ഒന്നിച്ചു ജീവിക്കണമോ-ഭിന്നിച്ചു നശിക്കണമോ	–	ശ്രീ. തോമസ് സിബാസ്റ്റ്യൻ ബി. എ, എൽ. റ്റി
5	വഴിക്കാരി (കവിത)	–	,, ജോസഫ് കോതനല്ലൂർ
6	ബുള്ളറ്റിൻ എന്തിനു്	–	,, കെ. എം. ജോസഫ് (ദീപിക)
7	വീതിക്കാത്ത മുതൽ (ചെറുകഥ)	–	,, ജയിംസ് മണിമല
8	അൽമായ കത്തോലിക്കരും സാമൂഹ്യ പ്രവർത്തനങ്ങളും	–	,, മാത്യു ജെ. പള്ളിത്താനം
9	നമ്മുടെ പ്രാർത്ഥനകളും ഭാഷയും	–	,, ടി. വി. വക്കി ബി. എ
10	ശ്രദ്ധിക്കേണ്ട കാര്യങ്ങൾ	–	,, കെ. സി. തോമസ് ബി. എ, എൽ. റ്റി
11	ചില നിർദ്ദേശങ്ങൾ	–	,, എം. സി. ചാക്കോ മാന്തുരുത്തിൽ
12	ശവസംസ്കാരം–മെഴുകിരിവകാശം	–	,, ഇ. പി. വറുഗീസ് എം. എ, ബി. എൽ
13	ഞങ്ങൾ തയ്യാർ	–	,, അപ്പൻ പാറേക്കാട്ട്
14	കോൺഗ്രസ് കാര്യങ്ങൾ	–	





ഇപ്പാരിൽ ശാന്തിദീപം, നരതതിസതതം
കാണുമാറേകി, ലോക—
ക്കെപ്പോഴും പൂജ്യനാദ്ധ്യാത്മിക ഗുരുകരുണാ
പൂർണ്ണകല്ല്യാണചിത്തൻ.
അപ്പേരിൻ പാവനത്വം പറവതിനെളുതോ,
നിത്യകൈവല്യനാം ജോൺ
മാപ്പാപ്പാ പൂകിസ്വർഗ്ഗം; വിധിബലമഖിലം
ദുഃഖസമ്പൂർണ്ണമായി.

ആർ. കെ. ശാസ്ത്രി.

ആദരാഞ്ജലി

മാനവലോകത്തെ ആകമാനം ശോകനിമഗ്നമാക്കിക്കൊണ്ട് ജോൺ മാപ്പ്രാപ്പാ തിരുമേനി ദിവംഗതനായി.

പ്രശ്നസങ്കീർണ്ണമായ ആധുനികലോകത്തിൽ നീതിയുടെ സാമ്രാട്ടും സമാധാനത്തിന്റെ പരിരക്ഷകനുമായി, അതുല്യമായ വ്യക്തിപ്രഭാവംകൊണ്ട് "മഹാനായ ഒരു മാപ്പ്രാപ്പായും ആധുനിക ചരിത്രത്തിലെ മഹാനായ ഒരു വ്യക്തിയും" എന്ന് സഭാവിദ്വേഷികളുടെപോലും മുക്തകണ്ഠമായ പ്രശംസയാർജ്ജിച്ച അവിടത്തെ വിയോഗത്തിൽ ആരും സന്തപ്തചിത്തരാകും. അങ്ങേക്ക് "അണുയുഗത്തിന്റെ പാപ്പാ-ജനങ്ങളുടെ പാപ്പാ-സമസ്തലോകത്തിന്റെയും പാപ്പാ-സമാധാനത്തിന്റെ പാപ്പാ" എന്ന സംജ്ഞകൾ നൽകി ഇതരർ സമാശ്വസിക്കുമെങ്കിലും കത്തോലിക്കരായ നമുക്ക് അവിടുന്ന നമ്മുടെ പിതാവാണ്-നമ്മുടെ ദുഃഖം അവാച്യവുമാണ്. അത്യുൽകൃഷ്ടമായ സ്നേഹപ്രചുരിമയും അതിലളിതമായ ജീവിതചര്യയും നിസ്തുലമായ ജീവിതവിശുദ്ധിയും മറ്റനേകം സൽഗുണങ്ങളും തികഞ്ഞു, ക്രിസ്തീയചൈതന്യത്തിന്റെ മൂർത്തീഭാവമായി, ക്രിസ്തുവിന്റെ സാക്ഷാൽ പ്രതിപുരുഷനായി വിശുദ്ധ പത്രോസിന്റെ തിരുസിംഹാസനത്തിൽ അവിടുന്ന സമാരംഭിച്ച ദൈവീകയത്നങ്ങളുടെ പൂർത്തീകരണത്തിനു് ആവശ്യമായ സ്വർഗ്ഗീയദാനങ്ങൾക്കു വഴിതെളിക്കുവാൻ അവിടുന്ന നമ്മെ വേർപിരിഞ്ഞിരിക്കുന്നുവെന്നേ നമുക്കു ആശ്വാസമുള്ളൂ.

ഇറ്റലിയിലെ സോട്ടോ ഇൽമെന്തൊ എന്ന ഗ്രാമത്തിൽ കുലീനമെങ്കിലും ദരിദ്രമായ ഒരു കഷ്കകുടുംബത്തിൽ 1881 നവംബർ 25-ാംതീയതി അവിടുന്ന ജ്ജാതനായി. ബാല്യകാലം മുതൽക്കുതന്നെ പഠനകാര്യങ്ങളിൽ അത്യുത്സാഹിയും വൈദികവൃത്തിയിൽ അതീവതല്പരനുമായിരുന്ന ആൻജലോ ഗിസപ്പെ റൊങ്കാളി. ദരിദ്രമായ റൊങ്കാളികുടുംബത്തിലെ വ്യഗ്രതകൾ ആൻജലോയെ ഭഗ്നാശനാക്കിയതായി അറിയുന്നില്ല. വിശിഷ്ടമായ ദൈവപരിപാലനയും ഉദാരമായ പ്രോത്സാഹനങ്ങളും അദ്ദേഹത്തെ മുന്നോട്ട നയിച്ചു. 1904 മേയ് 10-ാംതീയതി അവിടുന്ന പുരോഹിതപദവിയിൽ അഭിഷിക്തനായി. തുടർന്ന് ഒൻപതുവർഷക്കാലം ബെർഗാമോയിലെ വന്ദ്യമെത്രാൻതിരുമേനിയുടെ സെക്രട്ടറിയായും, ഒന്നാംലോകമഹായുദ്ധകാലത്തു് ഒരു സൈനിക സർജൻറായും സേവനമനുഷ്ഠിച്ചു. 1925-ൽ അരിയോപ്പോളിസ്സിലെസ്ഥാനികമെത്രാനായി അഭിഷേകം ചെയ്യപ്പെടുകയും ബൾഗേറിയയിലെ അപ്പസ്തോലിക് വിസിറേറായി നിയമിക്കപ്പെടുകയും ചെയ്തു. 1953 വരെ ടർക്കി, ഗ്രീസ്, ഫ്രാൻസ് എന്നീ രാജ്യങ്ങളിൽ വത്തിക്കാന്റെ പ്രതിനിധിയായിരുന്നു് ഒരു ഒന്നാംകിടരാജ്യതന്ത്രജ്ഞനെന്നു് അവിടുന്ന ബഹുമതിയാർജ്ജിച്ചു. 1953 ജനുവരി 12-ാം തീയതി കർദ്ദിനാൾസ്ഥാനത്തേയ്ക്കു് ഉയർത്തപ്പെടുകയും 1958 ഒക്ടോബർ 28-ാംതീയതി വിശുദ്ധ പത്രോസിന്റെ 262-ാമത്തെ പിൻഗാമിയായി പ്രഖ്യാപിക്കപ്പെടുകയും ചെയ്തു, ഹ്രസ്വമായ ഈ കാലയളവിൽ ആ തിരുസിംഹാസനത്തിൽനിന്നുണ്ടായിട്ടുള്ള ചലനങ്ങളും നേട്ടങ്ങളും പ്രതിപാദിക്കേണ്ടതില്ല. ക്രൈസ്തവസഭാഐക്യത്തിനും ലോകസമാധാനത്തിനും അവിടുന്ന തെളിച്ച സ്വർഗ്ഗീയദീപം നിതരാം പ്രകാശിക്കട്ടെ എന്നു നമുക്കു നിരന്തരം പ്രാർത്ഥിക്കാം.

അരുമമാതാതന്റെ ദേഹവിയോഗത്തിൽ കേരളീയകത്തോലിക്കർക്കുള്ള ഉൽക്കടമായ ഹൃദയവ്യഥ ബാഷ്പാദ്രങ്ങളോടുകൂടി നമുക്കു രേഖപ്പെടുത്താം.

(എഡിറ്റർ)

യുവജനങ്ങളും മതപഠനവും

സത്യത്തിന്റെയും നീതിയുടെയും സംരക്ഷണത്തിനുള്ള വീരോചിതപ്രവർത്തനങ്ങൾക്ക് മതപഠനം യുവതീയുവാക്കളെ പ്രബുദ്ധരാക്കണം — കേരളകാത്തലിക്ക് ബിഷപ്സ് കോൺഫ്രൻസിന്റെ പ്രസിഡന്റായ വരാപ്പുഴ മെത്രാപ്പോലീത്താ മോസ്റ്റ് റവ.ഡോ.ജോസഫ് അട്ടിപ്പേററി തിരുമേനിയുടെ ഉൽബോധനം *



ക്രിസ്തുവിനോട് അടുപ്പിക്കുന്നു.

പ്രഥമദിവ്യകാരുണ്യസ്വീകരണത്തിനു ഒരുങ്ങുമ്പോൾ പഠിക്കുന്നസംക്ഷിപ്തവും ലഘുവുമായ മതപഠനം തുടങ്ങി ഉന്നതബിരുദംനൽകുന്ന സർവ്വകലാശാലാ നിലവാരത്തിൽനടത്തപ്പെടുന്ന ഗഹനവും വിപുലവുമായ ദൈവശാസ്ത്രപഠനംവരെ മതാദ്ധ്യായനം പലതോതിലും രീതിയിലും നിർവ്വഹിക്കപ്പെടുന്നുണ്ട്. ഏതു നിലവാരത്തിൽ നൽകുന്നമതപഠനത്തിന്റെയും സിദ്ധി നമ്മുടെ വിശ്വാസത്തെ ദൃഢതരമാക്കി നമ്മെ സത്യവും ജീവനുമാകുന്ന ക്രിസ്തുവിനോട് കൂടുതൽ കൂടുതൽ അടുപ്പിക്കയാണ്. ഇതുകൊണ്ടാണ് മതാദ്ധ്യായനത്തിൽ ഏർപ്പെടുന്നവർ ക്രിസ്തുവിനോട് അടുക്കുവാൻ ശ്രമിക്കുകയാണെന്നു പറയുന്നതു്.

നവമായ ജീവിതക്രമം

ലോകഗുരുവായ ക്രിസ്തു വെറും തത്വോപദേശംകൊണ്ടു ലോകവിജ്ഞാനം വർദ്ധിപ്പിക്കമാത്രമല്ല ചെയ്തതു്. അവിടന്നു നവമായ ഒരു ജീവിതക്രമം ലോകത്തിനു കണിച്ചുകൊടുക്കുകയും അതനുസരിച്ചു് ജീവിക്കുവാൻ മനുഷ്യരെ സഹായിക്കുകയും ചെയ്തു. താൻ ലോകത്തിനു ഒരു തത്വസംഹിതമാത്രമല്ല നൽകിയതു്. ഒരു ജീവിതവുംനൽകി. താൻ പഠിപ്പിച്ച സത്യങ്ങളും ജീവിച്ച ജീവിതവും രണ്ടായിരുന്നില്ല, അവിണ്ടും അവിഭാജ്യമായവിധം ഒന്നായിരുന്നു. ഇതരനാൽ ക്രിസ്തു പഠിപ്പിച്ച സത്യങ്ങൾ പഠിക്കുകയും ക്രിസ്തുവിനെ ദർശിക്കാതിരിക്കുകയും ചെയ്യുക എന്നവരുന്നതു വളരെ വിചിത്രവും അപഹാസ്യവുമായ ഒരു പഠനരീതിയായിരിക്കും. ഈ ഒരു അബദ്ധം നിങ്ങളുടെ മതാദ്ധ്യയനത്തിൽവരാതിരിക്കാൻ നിങ്ങൾശ്രദ്ധാലുക്കളായിരിക്കണം. മതാദ്ധ്യായനം കേവലം ബുദ്ധിയുടെമാത്രം ഒരു പ്രവർത്തിയാകുമ്പോഴാണ് ഈ വൈകല്യം സംഭവിക്കുന്നതു്. മതപഠനത്തിന്റെ ഫലമായി കുറെ സത്യങ്ങൾ ബുദ്ധിയിൽ അടക്കിക്കൂട്ടുവാൻ ശ്രമിച്ചാൽ പോര. മതപരമായി കുറെ പുതിയ അറിവുകൾ ബുദ്ധിക്കുലഭിച്ചതുകൊണ്ട് മതിയാകയില്ല. നിങ്ങൾ അറിയുകയും സ്വീകരിക്കുകയും ചെയ്യുന്ന സത്യങ്ങളെപ്പറ്റി ശക്തിമത്തായ ബോദ്ധ്യം നിങ്ങളിൽ ഉണ്ടാകണം, നിങ്ങൾക്ക് പഠനത്തിൽനിന്നു ലഭിക്കുന്ന അറിവു നിങ്ങളിൽ—നിങ്ങളുടെ മനസ്സിൽ-ബലമായ ഒരു പ്രചോദനം ചെലുത്തണം. അറിവിൽ നിന്നു സംലബ്ധമാകുന്ന ബോദ്ധ്യത്തിന്റെ ശക്തിയെ ആശ്രയിച്ചാണ് മനുഷ്യർ പ്രവർത്തിപഥത്തിൽ മുന്നോട്ടുചരിക്കുന്നതു്, മതപഠനത്തിൽ നമ്മുടെ ബുദ്ധിദർശിക്കുന്ന സത്യങ്ങളുടെ ദീപ്തിയിൽ സൗന്ദര്യവിശേഷവും, യുക്തിവൈശിഷ്ട്യവും നമ്മുടെ മനസ്സിനെ ശക്തിയായി ആക

---

* ഏപ്രിൽ 29-ാം തീയതി സെൻറ് ആൽബർട്ട്സ് കോളേജിൽ സമ്മേളിച്ച കാത്തലിക്ക് സമ്മർസ്കൂളിന്റെ ഉൽഘാടന പ്രസംഗസംക്ഷേപം- കേരളാടൈംസിൽ നിന്നു്.

MESSAGES

Most Rev. Benedict Mar Gregorios
D. I. C., M. A. D. D.,

Arch-Bishop's House,
Trivandurm 4-India.
September 27, 1962.

Dear Mr. Abraham,

I thank you for your letters of 19th, 20th and 25th September, 1962. I wish you success in the endeavour of the Working Committee and I pray God for His Blessings on the activities of the Catholic Congress.

.....

I assure you that I shall earnestly pray that God may bless your leadership and may make use of you to do something really positive for the well-being of our people and through them to the country. There was never such an opportunity for doing good and never such a challenge to one's generosity.

God bless you.

Yours in our Lord,
Sd/-
Arch-Bishop of Trivandurm.

Mr. P. C. Abraham,
President, A. K. C. C.,
Head Office: Nagampadom,
Kottayam.

Rt. Rev. Jerome M. Fernandez
Tuppasseril. Bishop's House,
Bishop of Quilon Kerala-S. India.
September 26. 1962.

Mr. P. C. Abraham,
President, All Kerala Catholic Congress,
Kottayam.

Dear Mr. Abraham,

Please accept my thanks for your gracious letters of 20th and 25th instants, with proposals for strengthening the A. K. C. C. and for furthering the interests of our Catholic Community.

With many of your proposals I fully agree, but to have them considered by the Kerala Hierarchy presently is not possible as many of our Bishops have left for Rome; I am leaving tomorrow.

Personally I have been always for strengthening the A. K. C. C. and forming a united front; on many occasions in our K. C. B. C. meetings I have advocated the cause of the A. K. C. C.

Divisions and confusions in our lines get completely confounded: and we are the children of "One Holy, Catholic and A/pstp; oc Church". God help us out of this muddle and from the impending danger. Let us pray and work for God and His Church in Kerala.

With cordial blessing,
Yours devotedly in Jesus & Mary,
Sd/- Bishop of Quilon.

ർഷിക്കുകയും ചെയ്യണം. അങ്ങനെ മനസ്സ് വിശിഷ്ടമായ മൂല്യങ്ങളും ആദർശങ്ങളും സമാശ്ലേഷിച്ച ഉത്തമമായ മനസ്ഥിതി വിശേഷത്തോടുകൂടി ഉൽകൃഷ്ടമായ പ്രവർത്തനത്തിനു സന്നദ്ധമാകുന്നു.

വീരോചിതപ്രവർത്തനം

ഇതിന്റെ ഫലമായിട്ടാണ് ശ്രേഷ്ഠവും പരിശുദ്ധവുമായ, മാത്രമല്ല, വീരോചിതമായ പ്രവർത്തനങ്ങൾക്കുപോലും മനുഷ്യർ സധൈര്യംമുന്നോട്ടു നീങ്ങുന്നതു്. ഇങ്ങനെ ശരിയായവിധത്തിൽ നടത്തപ്പെടുന്ന മതാദ്ധ്യായനം ഉത്തമമായ മതജീവിതത്തിനും മതപരമായ അനവധി പ്രവർത്തനങ്ങൾക്കും പ്രചോദനം നൽകുന്നു. നിങ്ങളുടെ മതപഠനം ഈ വിശിഷ്ടഫലങ്ങൾ ഉളവാക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നതു്. നിങ്ങൾക്ക് ഇവിടെ ലഭിക്കുന്ന അറിവ് വെറും ബുദ്ധിയിൽമാത്രം തങ്ങിനിൽക്കാതെ അതു നിങ്ങളെ ക്രിസ്തീയ ജീവിതത്തിൽ മുന്നോട്ടു നയിക്കുവാൻ ഇടവരണം. വെറും ബുദ്ധിപരമായ അറിവ് എത്ര വർദ്ധിച്ചാലും അതു സ്വഭാവത്തെ ബാധിക്കണമെന്നില്ല. വളരെ മതപഠനക്ലാസുകളിൽസംബന്ധിച്ചിട്ടും ചിലരുടെ ജീവിതം അവർ പഠിച്ച സത്യങ്ങളുമായി പൊരുത്തപ്പെടാത്തതിന്റെ കാരണംഅവരുടെബുദ്ധിപരമായഅറിവ് അവരുടെ മനസ്സിൽ സ്വാധീനം ചെലുത്തുവാൻ അവർ അനുവദിച്ചുകൊടുക്കാത്തതാണ്. മതാദ്ധ്യായനത്തിനായിനമ്മൾഏർപ്പെടുത്തുന്നഅനേകംപരിപാടികൾ അദ്ധ്യേതാക്കളുടെ ഈദൃശ്യമായ അശ്രദ്ധകൊണ്ടു ഫലശൂന്യമായിത്തീരുന്നുണ്ട്. ഇന്നു ക്രൈസ്തവരെ ബാധിച്ചിരിക്കുന്ന പല തിന്മകളുടെയും മൂലകാരണം മതാദ്ധ്യയനത്തിന്റെ അഭാവമാണെന്നു് പറയപ്പെടുന്നതു് വളരെ പരമർത്ഥമാണ്. പക്ഷെ ഞാൻ നേരത്തെ പറഞ്ഞതരത്തിൽ ബുദ്ധിമാത്രം ഉപയോഗിച്ചുകൊണ്ടുള്ള മതപഠനം എത്രനടന്നാലും പ്രസ്തുത തിന്മകൾ നീങ്ങുകയില്ല. നേരേമറിച്ച് ബുദ്ധിയും മനസ്സും ഒന്നായി പ്രയോഗിച്ചുകൊണ്ടുള്ള മതപഠനം. നിങ്ങൾ അറിയുന്ന സത്യങ്ങളെയും ആദർശങ്ങളെയും ഹൃദയപൂർവ്വം സ്വീകരിക്കുകയും ആശ്ലേഷിക്കയും അവയ്ക്കു സ്വയം അർപ്പിക്കയും ചെയ്യുന്ന രീതിയിലുള്ള മതപഠനം, എത്രമാത്രം മഹത്തായ ഫലങ്ങൾ ഉളവാക്കും. ഇത്തരം സജീവമായ മതാദ്ധ്യായനത്തിന്റെ ഫലമായി വിശ്വാസധീരതയും സ്നേഹതീഷ്ണതയുമുള്ള ധാരാളം യുവതീയുവാക്കന്മാരെ നമുക്കു ലഭിക്കും. ഇത്തരം മതപഠനത്തിന്റെ ഫലമായി നമ്മുടെ യുവതീയുവാക്കന്മാരുടെ ജീവിതത്തിൽ ക്രിസ്തീയപുണ്യങ്ങളും പരിശുദ്ധിയും മനോഹരമായി തഴച്ചുവളരും. അവർ ക്രിസ്തുവിന്റെ സഭയുടെയും അവകാശങ്ങൾ സംരക്ഷിക്കുവാൻ ധീരമായി അണിനിരക്കും.

Bishop's House.
Alleppey, S. India.
24th September, 1962

Mr. P. C. Abraham,
President, A.K.C.C.
Kottayam.

Dear Mr. Abraham.

I have your letter regarding the formation of a Standing Committee for co-ordinating views and policies of Catholic News papers, and regarding the establishment of branches of the Congress in the parishes.

I quite approve the formation of the above-mentioned Standing Committee, and subject to correction by the K.C.B.C., I wish only to suggest that the spiritual adviser of the Congress be also the *ex-officio* adviser and member of the Standing Committee.

Rt. Rev. Msgr S. Jackson, Vicar General of this Diocese will shortly be sending a Circular to the Rev. Parish Priests, advising them to give their co-operation and advise to the Organisers of the Congress to establish branches of the same in the parishes of this Diocese. It might be good that you write also to the N. B. Samajam and request its Working Committee to nominate one or two members of the Samajam to help you in starting branches of the Congress in the parishes.

— — — — — — — — — — —

With cordial blessings,

Sincerely yours in Christ,
Sd/—
Bishop of Alleppy.

Bishop's House
Tellicherry P. O.
26-9-1962

From
Rt. Rev Msgr. Thomas Pazheparambil,
Vicar General,
Bishop's house,
Tellicherry.

To
Mr. P. C. Abraham,
Pallivathukal

Dear Mr. P. C. Abraham,

... ...

I promise you, however, that we will be doing all in our power to strengthen the organisation in the parishes of our Diocese.

Wishing you God's help in your endeavours to promote the interests of our community.

I wish to remain,
Yours in Our Lord,
Sd/—

Rt. Rev. Mgr. Cyriac J. Mattathil,
Vicar General,

The Catholic Bishop's House,
Kottayam
28th September 1962

My Dear Mr. Abraham,

I thank you for your letters dated 20th&25th inst. You are aware, I believe, that His Lordship, the Bishop has left for Rome on 22nd and your letters reach here on 24th & 27th only. It has therefore become not possible to consider your letters on their merits.

As you state, the Congress does not at present hold a position which it should have. A section of opinion honestly believes that the free yielding, of late to factional influences accounts for this fall.

I prayerfully wish that your bold and self-sacrificing attempts may help to revive and re-vitalize the organisation so as to enable it to do useful service to the communitty.

With greetings the best,
Yours sincerely in J. C.,
Sd/—
V. G.

Mr. P. C. Abraham Pallivathukal,
President, A. K. C. C.,
Kottayam.

Please contact us
for your
requirements of:-
SUPERIOR
Power & Treadle
Printing, Cutting
&
Ruling Machines
and
Printers' Equipments
Valavi & Co.,
Kottayam
P. O. BOX No. 13

ഒന്നിച്ചു ജീവിക്കണമൊ– –ഭിന്നിച്ചുനശിക്കണമൊ?

(തോമസ് സിബാസ്റ്റ്യൻ ബി.എ.,എൽ.റ്റി.)

ബാല്യകാലം മുതൽ നാമെല്ലാവരും മനഃപാഠമാക്കിവച്ചിട്ടുള്ള ഒരു അവിതർക്കിതതത്വമാണ് 'ഐകമത്യം മഹാബലം' എന്നുള്ളതു്. ഒരു കെട്ട ചൂലിനെ കെട്ടായി പിടിച്ചൊടിക്കാൻ ശ്രമിച്ചാൽ ഒടിയുകയില്ലെന്നും കെട്ടഴിച്ചു് ഓരോന്നായി നിഷ്പ്രയാസം ഒടിക്കാമെന്നും ഒരച്ഛൻ തന്റെ ഭിന്നിച്ചു കഴിഞ്ഞ മക്കളെ പഠിപ്പിച്ചതും നാം കേട്ടിട്ടുണ്ടു്. "ഒത്തുപിടിച്ചാൽ മലയും പോരും" എന്ന പതിരില്ലാത്ത പഴഞ്ചൊല്ലും നാം ഹൃദിസ്ഥമാക്കിയിട്ടുണ്ടു്.

പക്ഷെ എന്തിനു നാം ഇതെല്ലാം പഠിച്ചു? പ്രവൃത്തിയിൽ വരുത്താൻ കഴിയാത്ത പഠനം യഥാർത്ഥ പഠനമല്ല. അതു മനുഷ്യനു ലൗകികവും പാരത്രികവുമായ യാതൊരു നന്മയും കൈവരുത്തുകയുമില്ല.

ജനാധിപത്യയുഗത്തിൽ അഭിപ്രായൈക്യമുള്ളവർ ചേർന്നു പാർട്ടികൾ രൂപീകരിച്ചു ഭരിപക്ഷപാർട്ടി ഭരണം നടത്തുന്ന സമ്പ്രദായമാണല്ലൊ കാണപ്പെടുന്നതു്. ഭരിപക്ഷത്തിന്റെ അഭിപ്രായത്തിനു് ശക്തിയും വിലയുമുണ്ടു്. 28 ലക്ഷം വരുന്ന നാം ഗ്രൂപ്പുകളിലും പാർട്ടികളിലും ചിന്നിച്ചിതറിപ്പോയാൽ എല്ലാ മണ്ഡലങ്ങളിലും, വിശിഷ്യ, രാഷ്ട്രീയമണ്ഡലങ്ങളിൽ, ക്രൈസ്തവാദർശങ്ങൾ ആഹുതി ചെയ്യപ്പെട്ടപോകുമെന്നു നാംമനസ്സിലാക്കിപ്രവർത്തിക്കേണ്ടതായിരുന്നു

വിദ്യാഭ്യാസം, വിവാഹം, കുടുംബസംവിധാനം, മതപരിവർത്തനം എന്നിങ്ങനെ അനേക കാര്യങ്ങളിൽ നമുക്കു ക്രൈസ്തവാദർശങ്ങളിൽ നിന്നു വ്യതിചലിക്കാൻ നിവ്വാഹമില്ലല്ലൊ. ഒറ്റക്കെട്ടായി നിൽക്കുന്ന 28 ലക്ഷത്തിന്റെ സുചിന്തിതമായ അഭിപ്രായത്തെ സ്റ്റേറ്റിനൊ മറ്റു സമുദായങ്ങൾക്കൊ അവഗണിക്കാൻ അത്ര എളുപ്പമായിരിക്കുകയില്ല.

ആകയാൽ കേവലം നിസ്സാരങ്ങളായ വേലിക്കെട്ടുകളെ അവഗണിച്ചുകൊണ്ടുതന്നെ നാം ഒന്നാണെന്നുള്ള വസ്തുത പ്രാവർത്തികമാക്കണം, റീത്തുവ്യത്യാസങ്ങൾ നമ്മുടെ ഐക്യത്തിനു പ്രതിബന്ധമാകുമെങ്കിൽ അതു ഖേദകരമാണു്. പൗരസ്ത്യദേശങ്ങളിൽനിന്നുവന്നവർ സുറിയാനിറീത്തു കൊണ്ടുവന്നു, പാശ്ചാത്യർ ലത്തീൻറീത്തും കൊണ്ടുവന്നു. ആ രണ്ടു റീത്തുകളും സ്വീകരിച്ചു നാം ഭാരതമക്കളാണു്, കേരളീയരാണു്, മലയാളികളാണു്. ആ റീത്തുകൾ നമ്മെ വ്യത്യസ്ഥസമുദായങ്ങളാക്കുന്നില്ല. റീത്തുകൾ സഭയുടെ ആരലങ്കാരമാണു്, ഒരു ഭൂഷണമാണു്. ഒരു മുതൽക്കൂട്ടാണു്. എന്നാൽ നിത്യരക്ഷയ്ക്കു് അതൊരുപാധിയല്ല. ആവശ്യമുള്ളവർ ആവശ്യമുള്ള റീത്തുകൾ സ്വീകരിച്ചുകൊള്ളട്ടെ. നാമെല്ലാവരും കേരളകത്തോലിക്കരാണു്. നമ്മുടെ വിശ്വാസം ഒന്നു്, നമ്മുടെ കൂദാശ ഒന്നു്, നമ്മുടെ തലവൻ ഒന്നു്, നമ്മളും ഒന്നു്.

ഭിന്നിച്ചു നശിക്കാതെ നമുക്കു ഒന്നിച്ചു ജീവിക്കാം. ഒന്നിച്ചു മുന്നേറാം. അതാണു് കരണീയം, അതാണു് മഹനീയം.

വഴിക്കാരി

(കോതനല്ലൂർ ജോസഫ്)

'പൊറുതിനൽകീട്ടുകെനിക്കമ്മേ! സ്നേഹത്തിൻ-
തറവാട്ട ദ്രോഹിക്കമന്ദം;
അറിയുമാറായില്ലിക്കരളിനു, നിങ്കലേ-
മരതൻ പൊരുളിന്റെ വാസം.'

.. ..

വഴിപോക്കരാരാനും വന്നെങ്കിലാശ്രയം-
വഴിയാരറിനക്കരെപ്പോകാൻ,
ഒഴുകുന്നവെള്ളവും നോക്കിയിരുന്നാരു—
കിഴവി യെഴുപതുകാരി.

പതിനഞ്ചുവഷ്ത്തിനപ്പുറം, നിർഭയം-
പതിവുണ്ടവരതുനീന്തി,
മതിയാകയില്ലിന്നു, മുട്ടോളംവെള്ളത്തിൻ-
ഗതിവേഗം താങ്ങുവാൻ ദേഹം
പരസഹായത്തിന്നിരക്കും വാർദ്ധക്യമേ!
നരരെയൊരുക്കുകയാം, നീ;
മരണത്തിൻ മുമ്പിലേയ്ക്കെത്തുവാൻ പൈതലായ്,
നരയും ജരയും കളവാൻ.

തരണം ചെയ്തീടുവാനാവഴിവന്നൊരു-
തരുണൻ വിഭ്രഷിതകായൻ,
പരിമിതവാക്കിനാലിംഗിതമർപ്പിച്ചാൾ
പരിണതരൂപിണിയേവം:-
'മകനേ! ഗുണമുണ്ടിപ്പാവത്തെ യക്കര-
സ്സുകമഴിഞ്ഞൊന്നുതുണയ്ക്കിൽ.'
മുകുളിത പാണിയായ് നില്പുമാവൃദ്ധതൻ-
നികടസ്ഥനോതി, സഗർവം:-
'വകതിരിവില്ലാത്തവാക്കുകളെന്തു, നിൻ-
മകനോ ഞാൻ, ദാരിദ്ര്യപ്രേതം?
വയസ്സെങ്കിൽ വീട്ടിൽച്ചുരുണ്ടുകിടക്കണം;
ഭയമെങ്കിൽപ്പിന്തിരിഞ്ഞൊട്ടെ.''
'അറിവുള്ളോനായിട്ടുമെൻകുഞ്ഞൊരിക്കലും
പറകൊല്ലപാപവചനം,
കറയറദൈവംകുടികൊള്ളുമപ്പള്ളി-
യറയാണു,മർത്യന്റെ ചിത്തം;
കരയാതിരിക്കട്ടെ താതൻ, ശ്രുവിച്ചുനിൻ-
പരനിന്ദനങ്ങൾ മകനേ!
ഇഴയുകയാണു ഞാനാതുരശാലയിൽ-
പ്പുഴകടന്നെത്തുവാൻകുഞ്ഞേ!
കഴിയുകയാണങ്ങുപൊന്മകൻ ദീനനായ്,
കിഴവിയോ പിന്നെന്തുചെയ്യും?'
വഴിയുന്നദുഷ്കൃഷ്ടംശമിപ്പിച്ചാ-
പ്പുഴകിയ ജീവസംസാരം,
മൊഴിയുകയാണവനേറെം വിനീതനായ്,
തൊഴുകൈയോടാത്ത വിഷാദം:-
പൊറുതിനൽകീട്ടുകെനിക്കമ്മേ! സ്നേഹത്തിൻ-
തറവാട്ടദ്രോഹിക്കമന്ദം,
അറിയുമാറായില്ലിക്കരളിനു,നിങ്കലേ-
മരതൻപൊരുളിന്റെ വാസം.

ഒരു ബുള്ളറിൻ എന്തിന്?

കത്തോലിക്കാകോൺഗ്രസ് ബുള്ളറിൻ പരിഷ്ക്കരിക്കേണ്ടതു് സമുദായത്തിന്റേയും പ്രത്യേകിച്ചു് സമുദായത്തിലെ ബുദ്ധിജീവികളുടേയും ഒരു ആവശ്യമാണു്.

(കെ. എം. ജോസഫ് ബി.എസ്സി.,ബി.എൽ.)

ഒരു പ്രസിദ്ധീകരണശാല ആരംഭിച്ചാൽ സമുദായത്തിന്റെ അഭ്യുന്നതിയെക്കരുതി കത്തോലിക്കാകോൺഗ്രസിനു് പലതും ചെയ്യാം. പക്ഷേ അതൊന്നും തൽക്കാലം നടക്കാൻപോകുന്നില്ല. ഇപ്പോൾ ചെയ്യാവുന്നതു് ഉള്ള ബുള്ളറിനെ കഴിയുന്നത്ര പരിഷ്ക്കരിക്കുകയാണു്. സംഘടനാപ്രവർത്തനത്തെ അതു സഹായിക്കുമെന്നു മാത്രമല്ല, അതിൽനിന്നുണ്ടാകുന്ന അനുഭവജ്ഞാനംവച്ചുകൊണ്ടു് പ്രസിദ്ധീകരണവ്യവസായത്തിൽ പിന്നീടു് ഏർപ്പെടുകയും ചെയ്യാം.

ചെയ്യാവുന്നതു്.

കോൺഗ്രസ് ബുള്ളറിൻ ഉടനെ ഒരു ഒന്നാംതരം സാഹിത്യപ്രസിദ്ധീകരണമാകുമെന്നു് വിചാരിക്കുന്നവർ കണ്ടേക്കാം. പക്ഷേ സാഹിത്യരംഗത്തു് നമുക്കുള്ള പരാധീനതകൾ അവർ മനസ്സിലാക്കുന്നില്ല. നമ്മുടെ ഈ ബലഹീനതയ്ക്കു പല ന്യായങ്ങളും പറയാനുണ്ടു്. അതേപ്പറ്റി പറയാനുള്ളതു മുഴുവൻ പറഞ്ഞാൽ പലരും ശുണ്ഠി പിടിക്കുമെന്നു് അറിയാവുന്നതുകൊണ്ടും പുതിയ വഴക്കുകളൊന്നും ഏറ്റെടുക്കാൻ തൽക്കാലം ഒരുക്കമില്ലാത്തതുകൊണ്ടും ആ വശത്തേയ്ക്കു കടക്കുന്നില്ല.

സാഹിത്യസേവനം എങ്ങിനെ ഇരുന്നാലും ബുള്ളറിനു വേണമെങ്കിൽ ഒരു സമുദായസേവനംചെയ്യാം. അതു് ഒന്നു സൂചിപ്പിക്കാനേ ഇവിടെ ഉദ്യമിക്കുന്നുള്ളൂ.

പറയാൻ കൊതിക്കുന്നു.

സമുദായാഭിവൃദ്ധിയെ ലക്ഷ്യമാക്കി പലതും പറയാൻ കൊതിക്കുന്ന ബുദ്ധിജീവികളും വിവിധരംഗങ്ങളിൽ പ്രായോഗികജ്ഞാനമുള്ളവരുമായ ഒരു വലിയ വിഭാഗം നമ്മുടെ സമുദായത്തിലുണ്ടു്. അവർക്കു തങ്ങളുടെ അഭിപ്രായങ്ങൾ സമുദായസമക്ഷം അവതരിപ്പിച്ചുനോക്കാൻപോലും ഇന്നു് ഇടമില്ല. കഴിഞ്ഞ ഒരു ദിവസം സമുദായസ്നേഹിയായ ഒരു ധനശാസ്ത്രപ്രഫസ്സറെ കാണാൻ ഇടയായി. ഇംഗ്ലീഷിനും മലയാളത്തിനും ധനശാസ്ത്രത്തിനും ഒന്നാംക്ലാസ്സിൽ ഒന്നാമതായി ബി. എ. ജയിച്ചശേഷം ധനശാസ്ത്രത്തിൽ ഉന്നതബിരുദം നേടി പ്രഫസ്സറായിരിക്കുന്ന ആളാണു് അദ്ദേഹം. സമുദായത്തിന്റെ സാമ്പത്തികാഭിവൃദ്ധിയെക്കരുതി വരുത്തേണ്ട ചില പരിഷ്കാരങ്ങളെപ്പറ്റി വളരെ വിദഗ്ദ്ധമായി അദ്ദേഹം സംസാരിച്ചു. ഭംഗിയായിട്ട മലയാളം എഴുതാൻ അറിയാവുന്ന അദ്ദേഹത്തിനു് ഇതൊക്കെ നമ്മുടെ പത്രങ്ങളിൽ എഴുതിക്കൂടേ എന്നു ഞാൻ ചോദിച്ചു. അപ്പോൾ കിട്ടിയ മറുപടിയുടെ ചുരുക്കം ഇതാണു്, "അധികാരികളും പ്രമാണികളുമായ പലരും സ്വീകരിച്ചുപോരുന്ന നയങ്ങളുടെ വൈകല്യങ്ങൾ ചൂണ്ടിക്കാട്ടാതെ ഒന്നും സമർത്ഥിക്കാൻ സാദ്ധ്യമല്ല. അതിനു തുനിഞ്ഞാൽ നമ്മുടെ പ്രസിദ്ധീകരണങ്ങൾ അതു പ്രസിദ്ധപ്പെടുത്തുകയില്ല. അഥവാ പ്രസിദ്ധപ്പെടുത്തിയാൽ അധികാരികളും പ്രമാണികളുംകൂടി സമുദായദ്രോഹിയായി എന്നെ ചിത്രീകരിക്കുകയും ചെയ്യും. അതുകൊണ്ടു് സമുദായകാര്യങ്ങളിലൊന്നും യാതൊരു താല്പര്യവും കാട്ടാതിരിക്കുന്നതാണു് രക്ഷാകരം." നമ്മുടെ ബുദ്ധിജീവികളെ ഇന്നു് സഭാകാര്യങ്ങളിൽനിന്നും സമുദായകാര്യങ്ങളിൽനിന്നും അകറ്റിനിറുത്തുന്ന ചിന്താഗതിയുടെ ഒരു മാതൃകയാണു് ഇതു്. സമുദായകാര്യങ്ങളെപ്പറ്റി പഠിക്കുകയോ ചിന്തിക്കുകയോ അഭിപ്രായപ്രകടനം നടത്തുകയോ ചെയ്യുന്നതു് തങ്ങൾക്കാപത്താകുമെന്നാണു് അവരുടെ ഭയം. അടിസ്ഥാനരഹിതമായ ഈ ഭയത്തിനു് അറുതി വരുത്തേണ്ടതു് കേരളത്തിലെ കത്തോലിക്കാ സമുദായത്തിന്റേയും സഭയുടേയും ഭാവിശ്രേയസ്സിനു് അത്യാവശ്യമാണു്. ഇക്കാര്യത്തിൽ അല്പമൊക്കെ പ്രവർത്തിക്കാൻ കത്തോലിക്കാകോൺഗ്രസുവക ഒരു പ്രസിദ്ധീകരണത്തിനു കഴിയുമെന്നാണു് എന്റെ വിശ്വാസം.

വൈദികരും പ്രസിദ്ധീകരണങ്ങളും.

കുറെ കത്തോലിക്കാപ്രസിദ്ധീകരണങ്ങളുള്ളതെല്ലാം വൈദികരുടെ നിയന്ത്രണത്തിലാണു്. വൈദികരുടെ ലക്ഷ്യം സമുദായത്തിന്റെ അഭിവൃദ്ധിയാണെന്നു സമ്മതിച്ചാൽത്തന്നെയും അവരുടേയും അൽമേനികളുടേയും വീക്ഷണങ്ങളും താല്പര്യങ്ങളും സമീപനരീതികളും തമ്മിൽ വളരെ വ്യത്യാസമുണ്ടു്. ജീവിതസാഹചര്യങ്ങളുടേയും നേരിടേണ്ടിവരുന്ന പ്രശ്നങ്ങളുടേയും വ്യത്യാസമാണു് ഇതിന്റെ അടിയിൽക്കിടക്കുന്നതു്. വക്കീലിന്റെയും വൈദ്യന്റെയും എഞ്ചിനീയറുടേയും രാഷ്ട്രീയക്കാരന്റേയും വീക്ഷണഗതികളിൽ കാണുന്നതുപോലുള്ള പ്രത്യേകതകൾ വൈദികരുടേയും വീക്ഷണഗതിയിലുമുണ്ടു്. ഇങ്ങനെയുള്ള വൈദികരുടെ നിയന്ത്രണത്തിലുള്ള ഒരു പ്രസിദ്ധീകരണത്തിനു് അൽമേനികളുടെ ആവശ്യങ്ങൾ യഥായോഗ്യം നിറവേറ്റുവാൻ ഒരിക്കലും സാദ്ധ്യമല്ല. അത്തരം പ്രസിദ്ധീകരണങ്ങൾ വളരെയധികം പരിമിതികൾക്കു വിധേയമാണു്. വിശ്വാസസത്യങ്ങൾക്കോ സഭയ്ക്കോ യാതൊരു കോട്ടവും തട്ടാതെ സമുദായത്തിന്റേയും സഭയുടേയും ഉൽക്കർഷത്തെ കരുതി കത്തോലിക്കർക്കു പുറപ്പെടുവിക്കാവുന്ന ചില അഭിപ്രായങ്ങൾപോലും വൈദികനിയന്ത്രണത്തിലുള്ള ഒരു പ്ര

സിദ്ധീകരണത്തിലൂടെ വെളിച്ചം കാണുക പ്രയാസമാണ്. കത്തോലിക്കാപ്രസിദ്ധീകരണങ്ങളുടെ ചുമതല വഹിക്കാൻ ഓരോ കാലത്തും നിയമിക്കപ്പെട്ടുന്നവൈദികർ എത്ര ഉദാരമതികളായിരുന്നാലും അവർക്ക് പോകാവുന്ന ദൂരം, സമുദായത്തിനു പോകാവുന്നതും സമുദായം പോകേണ്ടതുമായ ദൂരത്തിന്റെ ഒരംശംമാത്രമായിരിക്കും. കൂറിയിൽ കെട്ടിയിരിക്കുന്ന പശു കയറിന്റെ നീളത്തിനൊത്തവൃത്തത്തിൽ സഞ്ചരിക്കുന്നതുപോലെ ചിലതൊക്കെ അവർ ചെയ്യുമെന്നേ ഉള്ളൂ.

വലിയ തരക്കേട്

മേൽപറഞ്ഞ പരിമിതി സമുദായത്തിനു് ഭയങ്കരമായ തരക്കേടുണ്ടാക്കുന്നുണ്ടു്. സഭയേയും സമുദായത്തേയുംപറ്റി പഠിക്കുകയും ചിന്തിക്കുകയും ചെയ്യുന്നവർക്കു് പുതുതായി പലതും പറയാനുണ്ടാവും. ഇക്കാര്യത്തിൽ താല്പര്യമില്ലാത്തവരേപ്പോലെ നിഷ്ക്രിയമായിരിക്കാൻ ഇവർക്കു സാദ്ധ്യമല്ല. ഇവക്കു് ഇവരുടെ അഭിപ്രായങ്ങൾ ഇതര സമുദായസ്നേഹികളെ അറിയിക്കുകയും അവരുടെയുംകൂടി അഭിപ്രായം അറിയുകയും വേണം. സ്വന്തം തെറ്റുകൾ തിരുത്തുന്നതിനും നേരായ മാർഗ്ഗം കാണുന്നതിനും ഈ അഭിപ്രായവിനിമയം ആവശ്യമാണു്. പക്ഷേ ഇതിനുവേണ്ട സൗകര്യം ഇന്നുള്ള കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ നാമമാത്രമായേ പ്രദാനംചെയ്യുന്നുള്ളൂ. അതുകൊണ്ടു് എന്തു വരുന്നു? സഭയേയും സമുദായത്തേയുംപറ്റി പഠിക്കുകയും ചിന്തിക്കുകയും അഭിപ്രായപ്രകടനം നടത്തുകയും ചെയ്യുന്ന ബുദ്ധിജീവികളുടെ സംഖ്യ നാൾക്കുനാൾ കുറഞ്ഞാണു വരുന്നതു്.

പഠിക്കുകയും ചിന്തിക്കുകയും ചെയ്താൽ സ്വന്തമായ ചില അഭിപ്രായങ്ങൾ ഉണ്ടാവും. അതു പ്രകടിപ്പിക്കാൻ ഇടമില്ല. അതുകൊണ്ടു് സഭയേയും സമുദായത്തേയുംപറ്റി ചിന്തിക്കുകയോ പഠിക്കുകയോ വേണ്ടെന്നുള്ള അഭിപ്രായത്തിലാണു് മഹാഭൂരിപക്ഷം ബുദ്ധിജീവികളും എത്തിച്ചേർന്നിരിക്കുന്നതു്. സഭയ്ക്കും സമുദായത്തിനും പ്രയോജനപ്പെടേണ്ട അനവധി ബുദ്ധിജീവികളുടെ സേവനം സമുദായത്തിനു് ഇന്നു നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണു്, എനിക്കു് അഭിപ്രായം പറയാൻപോലും കാര്യമില്ലാത്ത ഒന്നു് എന്നേറ്റുംകൂടിയാണെന്നു് ഞാൻ ക്രമേണ ചിന്തിക്കാതാവും. ഇതിന്റെ തരക്കേടു് സമുദായത്തിനു് ഇന്നു വളരെയുണ്ടു്. വിശ്വാസത്തേയും സന്മാർഗ്ഗത്തേയും സംബന്ധിക്കാത്ത കാര്യങ്ങളിൽ അഭിപ്രായപ്രകടനത്തിനുള്ള സ്വാതന്ത്ര്യമെങ്കിലും അനുവദിച്ചിരുന്നെങ്കിൽ സഭാകാര്യങ്ങളിലും സമുദായകാര്യങ്ങളിലും സജീവതാല്പര്യമുള്ള ബുദ്ധിജീവികളുടെ എണ്ണം ഇന്നത്തേതിൽ എത്രയോ അധികമാകുമായിരുന്നു. അതോടൊപ്പം ചോദിക്കാനും പറയാനും ആളില്ലാതെ നടന്നുവരുന്നതും സമുദായഗാത്രത്തെ ദൂഷിപ്പിക്കുന്നതുമായ അനേകം തിന്മകൾക്കു് അറുതിവരുത്താനും സ്വതന്ത്രമായ നിരൂപണങ്ങൾ സഹായിക്കുമായിരുന്നു.

മാർ ളയീസ് പറഞ്ഞതു്

ഇതേപ്പറ്റി ആലോചിക്കുമ്പോൾ പണ്ടു് മാർ ളയീസ് പഴേപറമ്പിൽ ദുർന്നടത്തക്കാരനായ ഒരു വൈദികനോടു പറഞ്ഞതായി ഷെവലിയർ ഐ. സി. ചാക്കോ ഉദ്ധരിക്കുന്ന ഒരു വാചകമാണു് ഓർമ്മവരിക. "തനിക്കു ദൈവത്തെ ഭയമില്ലെങ്കിൽ മനുഷ്യരെയെങ്കിലും ഭയം വേണ്ടേ?" മനുഷ്യരെല്ലാം വായ്മൂടിക്കെട്ടിയിരിക്കുന്നിടത്തു് അവരെ ആക്ഷേപിക്കുന്നതിൽ ഭയം കാണുകയില്ല. ഭയമുണ്ടാകണമെങ്കിൽ കുറെ അഭിപ്രായപ്രകടനങ്ങളും നിരൂപണങ്ങളും കൂടിയേ തീരൂ. കൊള്ളരുതായ്മകൾ കാട്ടുന്നവർ ലജ്ജിച്ചിട്ടെങ്കിലും അതു നിറുത്തണം. ദൈവസ്ഥാപിതവും യുക്തിപൂർണ്ണമായ പഠനങ്ങളിൽ അധിഷ്ഠിതവുമായ സഭയ്ക്കു് ആരുടെയും അഭിപ്രായപ്രകടനത്തെ ഭയപ്പെട്ടിട്ടു കാര്യമില്ല. പക്ഷേ സ്വന്തം കുരങ്ങൾ ശുദ്ധമല്ലാത്തവർക്കു് കുറെ ഭയപ്പെടാൻ വകയുണ്ടു്. അവരാണു് എല്ലാവിധ അഭിപ്രായപ്രകടനങ്ങൾക്കുമെതിരായി വാൾ ഓങ്ങി നിൽക്കുന്നതു്. അനേകം ബുദ്ധിജീവികളുടെ സേവനത്തെ സമുദായത്തിനു നഷ്ടപ്പെടുത്തുന്നതാണു് ഇവർ സമുദായത്തിനു ചെയ്യുന്ന ദ്രോഹം.

ഇമ്മാതിരി കാര്യങ്ങളിൽ കത്തോലിക്കാദിനപത്രങ്ങൾക്കു് വളരെയൊന്നും ചെയ്യാൻ സാദ്ധ്യമല്ല. എല്ലാ സമുദായക്കാരും, ചുരുങ്ങിയപക്ഷം അവരുടെ പത്രക്കാരെങ്കിലും വായിക്കാനിടയാകുന്ന കത്തോലിക്കാദിനപത്രങ്ങളിൽ സമുദായത്തിന്റെ അഴുക്കു് അലക്കുവാനോ സമുദായാംഗങ്ങൾമാത്രം അറിയത്തക്കവണ്ണം എന്തെങ്കിലും പ്രസിദ്ധപ്പെടുത്താനോ സാദ്ധ്യമല്ലല്ലൊ. എന്നാൽ കോൺഗ്രസ് ബുള്ളറിനു് കുറേക്കൂടി ഒതുക്കത്തിൽ ഈ കൃത്യം നിർവ്വഹിക്കാം. ഈ വിഷയത്തിൽ അല്പം ശ്രദ്ധിച്ചാൽ സമുദായാംഗങ്ങൾക്കു് ബുള്ളറിനിൽ അനായാസേന താല്പര്യം ഉളവാക്കാവുന്നതും അതുവഴി സഭയിലും സമുദായത്തിലും സജീവതാല്പര്യമുള്ള ഒരു വലിയ ബുദ്ധിജീവിവിഭാഗത്തെ സൃഷ്ടിക്കാവുന്നതുമാണു്.

വീതിക്കാത്ത മുതൽ

(ജെയിംസ് കെ. സി.-മണിമല)

"മൊട്ടസൂചിവരെ വീതിക്കണം; അപ്പന്റെ പക്കൽ സ്വത്തിനു് എനിക്കവകാശമുണ്ടു്." ചാക്കോച്ചൻ അതു കട്ടായമായിപ്പറഞ്ഞതാണു്. ഹോ! ആ മുഖഭാവം ഒന്നു കാണേണ്ടതായിരുന്നു. നീതിശാസ്ത്രത്തിന്റെ ഏടുകൾ മുഴുവൻ അവൻ മറിക്കുകയാണെന്നുതോന്നി. "അവൻ അങ്ങനെ പറഞ്ഞല്ലൊ." കുട്ടിച്ചേട്ടനു തീരെ സഹിച്ചില്ല. അയാളുടെ കൈത്തണ്ടയിൽകിടന്നു പുഞ്ചിരിച്ച കൊച്ചുനിയനാണവൻ. അയാൾ അവനെ കിക്കിളിക്കുട്ടുകയും കുടുകുടെ ചിരിപ്പിക്കുകയും ചെയ്തിട്ടുണ്ടു്. സ്നേഹത്തിന്റെ അമൃതധാര ആ പുഞ്ചിരിയിൽ നിന്നു വഴിഞ്ഞൊഴുകുമെന്നു അയാൾക്കറിയാം,

"ചാക്കോച്ചനെ പഠിപ്പിച്ചു് വല്യ ഒരെഞ്ചിനീയരാക്കണം." അവന്റെ കുഞ്ഞിക്കവിളുകളിൽ ഉമ്മവച്ചുകൊണ്ടു് ആ ചേട്ടൻ എത്രതവണ ആവേശപൂർവ്വം പറഞ്ഞിട്ടുണ്ടെന്നോ!

"നീ ചുമ്മാതിരിയെടാ; മാക്രിത്തവളയ്ക്കു പരുന്തിന്റെകൂടെ പറക്കാനൊക്കുമോ?" അപ്പൻ പറയുമായിരുന്നു. അദ്ദേഹം ശയ്യാവലംബിയായിട്ടു് കാലം കുറെയായി. ആ സ്വപ്നം യഥാർത്ഥമായി. കുട്ടിച്ചേട്ടന്റെ പ്രതീക്ഷകൾ ഫലിച്ചു. അനുജൻ എൻജിനീയറായി. പക്ഷെ ആ പാവത്തിന്റെ ചോരയും നീരും വറ്റി. കാൽകഴപ്പും നട്ടുവേദനയും പിരിയാത്ത കൂട്ടുകാരുമായി.

അപ്പന്റെ സ്ഥിതി അപ്പോഴും പഴയപടിതന്നെ. അയാൾ ഒരു വാതരോഗിയാണു്. എണ്ണയും കുഴമ്പും കൂടെ ആ മനുഷ്യനെ ജീവിപ്പിക്കുന്നു. മരണത്തിന്റെ വക്കിലേയ്ക്കു അയാൾ വേച്ചുവേച്ചു നീങ്ങുകയാണു്.

കുടുംബത്തിന്റെ ചുക്കാൻ കുട്ടിച്ചേട്ടന്റെ കയ്യിലാണു്. അഞ്ചു പെങ്ങന്മാരെ അയാൾ കെട്ടിച്ചയച്ചു. അനുജനെ പഠിപ്പിച്ചു മിടുക്കനാക്കി, അവനുദ്യോഗമുണ്ടു്; ഉദ്യോഗമുള്ള ഒരു ഭാര്യയുമുണ്ടു്.

ഏഴേക്കർ തരിശുഭൂമി വിളഭൂമിയായി. പക്ഷെ ആ തെങ്ങുകളുടെയും നല്ലകാലം കഴിഞ്ഞിരിക്കുന്നു. കാറുവീഴ്ച നെടുനീളെ വ്യാപിക്കുകയാണു്.

കാലം കുട്ടിച്ചേട്ടനെ എട്ടു കുട്ടികളുടെ പിതാവാക്കി. മൂത്ത മകളെ കെട്ടിച്ചയക്കാറായി. ഇളയ കുഞ്ഞിനു ഒരു വയസ്സേയുള്ളു. മറ്റുള്ളവരൊക്കെ പഠിക്കുന്നു. അനുജനെപ്പോലെ അവരെയും പഠിപ്പിച്ചു മിടുക്കരാക്കണമെന്നായിരുന്നു അയാളുടെ പ്ലാൻ,

പക്ഷെ പാറക്കെട്ടുകൾ തകർക്കുന്ന അയാളുടെ ആലോചനാശക്തി ക്ഷയിച്ചുപോയി. ആറുറാത്തൽ ഭാരമുള്ള ചുമ്മാ ഇപ്പോൾ ആ മനുഷ്യന്റെ തലയ്ക്കുമീതെ ഉയർന്നൊഴുമ്പോൾ ചെമ്പിൽ തല്ലുന്നതുപോലെ ഒരു ചുമ കേൾക്കാം. അദ്ധ്വാനത്തിനുവേണ്ടി ഉഴിഞ്ഞുവച്ച ഒരു ജീവിതത്തിന്റെ പെരുമ്പറമുഴക്കം!

എങ്കിലും അയാൾക്കു ഖേദമില്ല. ചാക്കോച്ചനായി വളർന്നുനില്ക്കുന്നതു തന്റെ നിരന്തര പ്രയത്നമാണു്. തന്റെ വിയർപ്പുതുള്ളികൾ മുഴുവൻ അവൻ പ്രതിമാസം ശമ്പളമായി എണ്ണി വാങ്ങുന്നുണ്ടു്. കുഞ്ഞുങ്ങളെയെല്ലാം അവൻ പഠിപ്പിക്കും, അവനേപ്പോലെ മിടുക്കരാക്കും.

അപ്പനാണു് അതു പറഞ്ഞതു'- "ഉള്ളതൊന്നു വീതിച്ചുകളയാം. ഞാൻ കണ്ണടയ്ക്കുന്നതെപ്പോഴാണെന്നറിഞ്ഞില്ല."

"അപ്പന്റെ ഇഷ്ടംപോലെ." കുട്ടിച്ചേട്ടനു വിരോധമൊന്നുമില്ല.

അങ്ങനെ ഭാഗപത്രത്തെപ്പറ്റി ആലോചന നടന്നു. വേണ്ടപ്പെട്ടവരൊക്കെ വന്നു, ന്യായം നിവർന്നുനിന്നു. രണ്ടു മക്കൾക്കു മുഴുവൻ സ്വത്തുക്കളും തുല്യമായി വീതിക്കണം.

ചാക്കോച്ചൻ അതു നിഷ്കൃഷ്ടമായിപ്പറഞ്ഞുകഴിഞ്ഞു. "മുട്ടസൂചിവരെ രണ്ടായി വീതിക്കണം . . ."

അതു ന്യായമാണു്; കറകളഞ്ഞു കടഞ്ഞെടുത്ത തനിനിയമത്തിന്റെ കാതൽ. എങ്കിലും ചാക്കോച്ചൻ അങ്ങനെ പറഞ്ഞതെല്ലാ. ആയിരക്കണക്കിനു മുട്ടസൂചികൾ കുട്ടിച്ചേട്ടന്റെ ഹൃദയത്തിൽ ആരോ കുത്തിയിറക്കുന്നതുപോലെ തോന്നി.

മദ്ധ്യസ്ഥന്മാർ പലരും വന്നു. ആരും ആവശ്യപ്പെടാതെതന്നെ അവർ കുട്ടിച്ചേട്ടനുവേണ്ടി വാദിച്ചുനോക്കി: ഫലമില്ല. ചാക്കോച്ചൻ തന്റെ തീരുമാനത്തിൽ ഉറച്ചുനിൽക്കുന്നു.

അവനു് ഉടനെ പോകണമത്രെ. അവധി തീരാൻ പോകുന്നു. ഭാര്യയ്ക്കും ഇനി അവധി എടുക്കാനില്ല. അവളുടെ കാഷ്വൽ ലീവുപോലും തീർന്നുപോയി. കിട്ടാവുന്നിടത്തോളം അവധിയെടുത്താണു് അവർ മധുവിധു ആഘോഷിച്ചതു്.

"എല്ലാം തുല്യമായി വീതിക്കണം. അല്ലേ ചാക്കോച്ചാ?" കുട്ടിച്ചേട്ടൻ ഒന്നുകൂടെ എടുത്തുചോദിച്ചു.

"അതെ. അതിലെന്താണിത്ര സംശയം? ക്രിസ്തുവിന്റെ ഭാഷയിൽ പറഞ്ഞാൽ സ്വർഗ്ഗരാജ്യനിയമം അങ്ങനെയാണു്." അവൻ ഉറപ്പിച്ചുപറഞ്ഞു,

"വീതിക്കാൻപറ്റാത്ത മുതലുണ്ടല്ലൊ"

"അതെന്താണു്?"

"നമ്മുടെ അപ്പൻ!"

"അപ്പനെ മുഴുവനായി ചേട്ടനെടുത്തോണം"

"പെങ്ങന്മാരോ?"

"അവരെയും എടുത്തുകൊള്ളണം."

"നീ എന്തിനാടാ ഇത്രയും പഠിച്ചതു്?" പഞ്ചായത്തുമെമ്പർ പരമുപിള്ള ചോദിച്ചു.

"പഠിച്ചതോ, എനിക്കു കിട്ടാനുള്ളതു കണക്കുപറഞ്ഞു മേടിക്കാൻ."

"തോന്ന്യപോലെ ചെയ്യട്ടെ കുട്ടിമാപ്ലേ; തനിക്കു

ഈശ്വരൻ ദോഷമൊന്നും വരുത്തുകേല" പരമുപിള്ള പറഞ്ഞു.

ഭാഗപത്രം നടന്നു. ചാക്കോച്ചനും ഭാര്യയും നാട്ടിലേക്കു സ്ഥലംമാറ്റം വാങ്ങിച്ചു. കുടുംബത്തിൽ അവരാണു താമസം. കുട്ടിച്ചേട്ടൻ ഒരു വെട്ടിക്കെട്ടപുരവച്ചു താമസം മാറ്റി. അപ്പനെക്കൂടെ കൊണ്ടുപോകുവാൻ അയാൾ കഴിയുന്നത്ര പറഞ്ഞുനോക്കി. പക്ഷെ കുടുംബത്തിൽ ഇളയ മകൻറെകൂടെ താമസിക്കുന്നതാണു് അദ്ദേഹത്തിനു താല്പര്യം. മാത്രമല്ല "പരാതിനോം പണ്ടപ്പുരപ്പു"മുള്ള കുട്ടിച്ചേട്ടനെ ഇനി ബുദ്ധിമുട്ടിക്കുന്നതു ശരിയല്ലല്ലൊ.

II

ചാക്കോച്ചൻ വീട്ടു പുതുക്കിപ്പണിതു. ചിമ്മിനി വച്ചു് അടുക്കളപ്പുരയുണ്ടാക്കി. തൊട്ടടുത്തു സ്റ്റോറും ഊട്ടുമുറിയുമാണു്. കിണറ്റിൽ മോട്ടോർ വച്ചു പൈപ്പുവഴി വെള്ളമെടുത്തു.

മുൻവശത്തു് ഒരു ടെറസ്സുണ്ടാക്കി നല്ല ഡിസൈനിൽ റയിൽസ് പിടിപ്പിച്ചു. സ്വീകരണമുറിക്കും ഉറക്കറയ്ക്കും ചില്ലിട്ട ജനാലകൾ വച്ചു. ഭംഗിയായി പെയിൻറുചെയ്തുകഴിഞ്ഞപ്പോൾ അതു പണ്ടത്തെ പുകപിടിച്ച അറയും പുരയുമാണെന്നു തോന്നുകയില്ല.

അപ്പൻറെ കട്ടിൽ സന്ദർശനമുറിയുടെ പിൻഭാഗത്താണു്. എന്നാലും പ്രശസ്തരായ അതിഥികൾ വരുമ്പോൾ അപ്പൻറെ ചുമയും കുരയും ഏമ്പക്കവുമെല്ലാം അരോചകമായി ചാക്കോച്ചനു തോന്നി.

"ഒത്തിരി പതുക്കെയുമുച്ചകൂടെ?" ഒരിക്കൽ ജൂനിയർ എൻജിനീയറും വക്കീസുപ്രണ്ടും പൊയ്തുഴിഞ്ഞപ്പോൾ ചാക്കോച്ചൻ ചോദിച്ചു. ആ വൃദ്ധൻ മറുപടിയൊന്നും പറഞ്ഞില്ല.

ഇടവപ്പാതി കൊണ്ടുപിടിച്ചു. ഭയങ്കരമായ തണുപ്പുണ്ടു്. പുതപ്പുവാരിപ്പുതച്ചിട്ടും ആ വൃദ്ധൻ കെട്ടകെട്ടുകുന്നു. അടുക്കളവാതിൽക്കൽ ചെന്നു പലതവണ വിളിച്ചിട്ടാണു് വേലക്കാരൻ വന്നതു്. വളരെ നിർബന്ധിച്ചപ്പോൾ ഒരു നെരിപ്പോടിൽ തീകത്തിച്ചു് അവൻ കൊണ്ടുവന്നു. കണ്ണാടിപോലെ മിനുങ്ങിയ തറയിൽ നെരിപ്പോടുവച്ചു. തൊണ്ടും മടലും കൊതുമ്പുമെല്ലാം അവിടെ ശേഖരിക്കുകയും ചെയ്തു. അപ്പോൾ ആ മുറി കണ്ടാൽ ഒരു വിറകുപുരയാണെന്നു തോന്നും.

തീകത്തിക്കുന്നതു വൃദ്ധൻതന്നെയാണു്. വേലക്കാരനു് അതിനൊന്നിനും നേരമില്ല. 'അങ്ങുന്നും' 'കൊച്ചമ്മയും' വരുമ്പോഴേക്കു കാപ്പി തയ്യാറാകണം,

വിറച്ചുവിറച്ചു തീകത്തിക്കൽ ഉപദ്രവകരമാണു്. തീക്കനലും ചാരവും തറയിലൊക്കെ ചിതറിവീണു. ഒന്നരണ്ടു വിറകുകൊള്ളികൾ താഴെക്കിടന്നെരിയുകയും ചെയ്തു.

അന്നു വൈകിട്ടു ചാക്കോച്ചൻ വന്നപ്പോൾ ഈ 'പദ്ധതി' തീരെ ഇഷ്ടമായില്ല. "ഈ വീട്ടം പുരയും നശിപ്പിക്കരുതു്, ഇതു ഞാൻ കാശുമുടക്കി പണിയിച്ചതാണു്." ആരോടെന്നില്ലാതെ അയാൾ ഗൌരവത്തിൽ പറഞ്ഞു. അപ്പനു് അതു മനസ്സിലായി. മനസ്സിലാകണമെന്നു കരുതിത്തന്നെയാണു് ചാക്കോച്ചൻ പറഞ്ഞതു്

പിറേറന്നും തീകത്തിക്കൽ പരിപാടി ഊർജ്ജിതമായിത്തന്നെ നടന്നു. തറമുഴുവൻ ചാരമാണു്. തീക്കൊള്ളികൾ താഴെവീണെരിയുന്നു.

ചാക്കോച്ചൻ വന്നു. ആ മിനുമിനുപ്പേറിയ തറ മുഴുവൻ വൃത്തികേടായതു അവനു സഹിച്ചില്ല. നെരിപ്പോടിനെ 'അനുഗ്രഹിച്ചുകൊണ്ടു്' വൃദ്ധൻ കുനിപ്പിടിച്ചിരിക്കുകയാണു്. അയാൾ രണ്ടുകൊതുമ്പുകൂടെ എടുത്തുവച്ചു കത്തിച്ചു.

കോട്ടം തെടെയും അഴിച്ചിട്ടു ചാക്കോച്ചൻ ആ മുറിയിലേക്കു ചെന്നു. അവൻ നെരിപ്പോടു് എടുത്തുദൂരെ എറിഞ്ഞു. തോരെത്തോരെ മഴ പെയ്യുന്നുണ്ടായിരുന്നു; സായം കാലത്തിൻറെ കണ്ണീർക്കണികകൾ പോലെ.

"എടാ ശവമേ!" ചാക്കോച്ചൻ വേലക്കാരനെ വിളിച്ചുപറഞ്ഞു. "ഈ മുറിമുഴുവൻ നശിപ്പിച്ചടാ. അടിച്ചുവാരി വെടിപ്പാക്കു്; വൃത്തികെട്ട സാധനങ്ങളൊന്നും അതിൽ കണ്ടേക്കരുതു്."

സന്ധ്യയായപ്പോൾ മഴ പിന്നെയും ശക്തിപ്പെട്ടു. 'തുള്ളിക്കൊരു കുടം' വീതം പെയ്യുകയാണു്.

വേലക്കാരൻ ആജ്ഞ അനുസരിച്ചു. മുറി അടിച്ചുവാരി. ചൂട്ടും വൈക്കോലുമെല്ലാം ബഹിഷ്കരിച്ചു. വിറകുകൊള്ളിപോലെ മരവിച്ച ആ വൃദ്ധൻ മാത്രം ഒരു മൂലയിൽ കുനിപ്പിടിച്ചിരിപ്പുണ്ടു്.

അന്നു രാത്രി നനഞ്ഞൊലിച്ചു, വേച്ചും വീണും ഒരു വയസ്സൻ കുട്ടിച്ചേട്ടൻറെ വീട്ടിൽച്ചെന്നു കയറി. അതു അയാളുടെ അപ്പനായിരുന്നു. വിഗ്രഹവിസ്സാത്ത ഒരേഒരു 'മുതൽ'

ഒരാഴ്ച കഴിഞ്ഞപ്പോൾ നാട്ടുകാർ ഗംഭീരമായ ഒരു ശവമടക്കിൻറെ വാർത്തയറിഞ്ഞു. എൻജിനീയർ ചാക്കോച്ചൻറെ പിതാവു മരിച്ചുപോയത്രെ.

അനേകം പൊൻവെള്ളിക്കുരിശുകളുടെയും മുത്തുക്കുടകളുടെയും അകമ്പടിയോടുകൂടി പല പേരെടുത്ത വൈദികരുടെ സഹകരണത്തിൽ ആ ശവസംസ്കാരയാത്ര നീങ്ങി.

കുട്ടിച്ചേട്ടൻ ആ ശവമഞ്ചം വഹിക്കുന്നുണ്ടു്. അതു അയാളുടെ വീതിക്കാത്ത മുതലാണു്. എൻജിനീയർ അനുശോചനം പ്രകടിപ്പിക്കാൻ വന്ന ഉദ്യോഗസ്ഥന്മാരെ സത്കരിക്കുന്നതിൽ വ്യാപൃതനാണു്.

ശവം കഴിമാടത്തിൻറെ വക്കിൽവച്ചു. കുട്ടിച്ചേട്ടനും ഭാര്യയും ഏഴുമക്കളും അന്ത്യചുംബനങ്ങളർപ്പിച്ചു. എൻജിനീയരെയും ഭാര്യയെയും അവിടെകണ്ടില്ല. അതു അവർക്കു വീതിക്കാത്ത മുതലാണു്.

പിറേറന്നു ഒരു പത്രക്കുറിപ്പും ഫോട്ടോയും പ്രസിദ്ധീകൃതമായി. "— — —എൻജിനീയർ ജേക്കബ്മാത്യുവിൻറെപ്രിയപിതാവു വാർദ്ധക്യസഹജമായ അസ്വാസ്ഥ്യം മൂലം കത്താവിൽ നിദ്ര പ്രാപിച്ചിരിക്കുന്നു.— — - - അനേകം സുഹൃത്തുക്കൾ മി. ജേക്കബ്ബിൻറെ വസതിയിലെത്തി അനുശോചനം രേഖപ്പെടുത്തി. - - - - തുടങ്ങിയ പ്രശസ്ത വ്യക്തികൾ സന്ദേശങ്ങളയയ്ക്കുകയും ചെയ്തു- - - - -

അൽമായകത്തോലിക്കരും—സാമൂഹ്യപ്രവർത്തനങ്ങളും

പാരത്രികചിന്തകൾക്കുപോലും മനുഷ്യനെ അശക്തനാക്കുന്ന ഭൗതികക്ലേശങ്ങൾ ദൂരീകരിക്കുന്നതിനുള്ള യത്നം, സാമൂഹ്യപ്രവർത്തനം, ആധുനികലോകത്തിൽ ക്രിസ്തുവിന്റെ മൗതികശരീരത്തിന്റെ സംരക്ഷണത്തിനും വളർച്ചയ്ക്കും അൽമായജനതയിൽ നിക്ഷിപ്തമായിരിക്കുന്ന ഒരുന്നതപ്രേഷിതകർത്തവ്യമത്രെ.

(മാത്യു ജെ. പള്ളിത്താനം)

I

കേരളത്തിലെ കത്തോലിക്കർ ഉൽക്കണ്ഠാകുലമാംവണ്ണം സഭയിൽ നിന്നകന്നുകൊണ്ടിരിക്കുന്നുവെന്നു് നമ്മുടെ സ്ഥിതിഗതികളെസംബന്ധിച്ചു് അടുത്ത സമ്പർക്കമുള്ള ഒരു വിദേശീയ വൈദികൻ അടുത്ത കാലത്തു നമ്മുടെ ഒരു മിഷ്യൻ ഡയറക്ടറെക്കയച്ച ഒരു സന്ദേശത്തിൽ പ്രസ്താവിച്ചിരിക്കുന്നു. കേരളസഭയുടെ അപ്പസ്തോലികപാരമ്പര്യത്തിലും ബഹുവിധമായ ഭക്തിപ്രചുരിമയിലും അഭിമാനിയ്ക്കുന്നചിലർക്ക് ഈ പ്രസ്താവന ആശ്ചര്യകരമായിരിക്കും. പക്ഷെ നമ്മുടെ യുവചിന്തകരിൽ പലരെയും അസ്വസ്ഥരാക്കുകയും ചിലരിൽ ഉൽക്കടമായ പ്രതിസ്ഫുരണങ്ങൾക്കിടയാക്കുകയും ചെയ്തിട്ടുള്ള ഒരു സ്ഥിതിവിശേഷം നമ്മുടെ ക്രിസ്തീയജീവിതത്തിൽ വളർന്നു വന്നിട്ടുണ്ടെന്നു സ്പഷ്ടമാണു്; കഴിഞ്ഞ രണ്ടുമൂന്നു വ്യാഴവട്ടക്കാലമായി നിരീശ്വരഭൗതികവാദികളായ മാർക്സിയൻ കക്ഷികൾക്കനുകൂലമായ സംസ്ഥാനത്തു് അടിയ്ക്കടി വർദ്ധിച്ചുവന്നിട്ടുള്ള ജനസ്വാധീനം അതു പ്രത്യേകം തിപ്പിക്കുന്നുമുണ്ടു്. കമ്മ്യൂണിസത്തിന്റെ വേലിയേറ്റം ബഹുമുഖമായ കമ്മ്യൂണിസ്റ്റ് കർമ്മപദ്ധതികളിലേക്കും വ്യാപകമായ പ്രവർത്തനപരിപാടികളിലേക്കും നമ്മെ പ്രേരിപ്പിക്കുന്നു. പക്ഷെ നമ്മുടെ സംസ്ഥാനത്തിലെ രാഷ്ട്രീയവും കാഷികവും വ്യവസായികവും തൊഴിൽപരവും മറ്റുമായ രംഗങ്ങളിൽ കത്തോലിക്കരായ പല പ്രമുഖനേതാക്കളും ഒട്ടനേകം പ്രബുദ്ധപ്രവർത്തകരും സേവനനിരതരായിരിക്കെത്തന്നെയാണു് ഈ ദുഷ്പ്രവണത വളർന്നുവന്നിട്ടുള്ളതെന്നു നാം വേണ്ടതുപോലെ ചിന്തിച്ചു കാണുന്നില്ല. തന്ത്രപരമായ നീക്കങ്ങളാലും സമ്മർദ്ദശക്തിയാലും എല്ലാം കമ്മ്യൂണിസത്തിന്റെ വളർച്ചയെ അനായാസേന ഹനിക്കാമെന്ന പ്രതീതിയാണു് പലപ്പോഴും ദൃശ്യമാകുന്നതു്. നാം നിർവ്വഹിക്കുന്ന പല സാമൂഹ്യ പ്രവർത്തനങ്ങളിലും അകത്തോലിക്കരും, അക്രൈസ്തവരും, മതവിരോധികളും നിരീശ്വരഭൗതികവാദികളും എല്ലാം നമ്മെപ്പോലെ തന്നെ ഉത്സുകരും വ്യാപൃതരുമാണെന്നുള്ളവസ്തുത മുൻനിർത്തി കത്തോലിക്കരായ നമ്മുടെ പ്രവർത്തനങ്ങൾക്കു് മറ്റുള്ളവരുടേതിൽ നിന്നു വിഭിന്നവും വ്യതിരിക്തവുമായ എന്തെങ്കിലും ചൈതന്യവിശേഷവും ലക്ഷ്യവുമുണ്ടോ എന്നാണു് നാം ആദ്യമായി ആത്മപരിശോധന ചെയ്യേണ്ടിയിരിക്കുന്നതു്.

അൽമായരുടെ പദവി

സത്യവിശ്വാസത്തിന്റെ വെളിച്ചംലഭിച്ചതുകൊണ്ടു് എല്ലാം തികഞ്ഞുവെന്നോ, പ്രമാണങ്ങളുടെ ആചരണവും സഭാകല്പനകളുടെ അനുഷ്ഠാനവും ഏറിയാൽ അല്പം സുകൃതാഭ്യസനവും പരിഹാരാനുഷ്ഠാനവും കൊണ്ടു നമ്മുടെ ക്രിസ്തീയകർത്തവ്യങ്ങൾ പൂർണ്ണമായെന്നോ ഒരു ധാരണയാണു് അൽമായകത്തോലിക്കഗണങ്ങളുടെ ജീവിതം ഉളവാക്കുന്നതു്. "നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു. പുളിക്കാത്തമാവിനെ പുളിപ്പിക്കുന്നരസം (leaven) ആകുന്നു— നിങ്ങൾ പോയി നാനാജാതികളെയും പഠിപ്പിക്കുക" എന്ന അനുശാസനങ്ങളുടെ പൂർത്തീകരണത്തിൽ അൽമായ ജനതയ്ക്കു കാര്യമായ എന്തെങ്കിലും ഭാഗഭാഗിത്വമുണ്ടെന്നു നമ്മുടെ ജീവിതം സ്പഷ്ടമാക്കുന്നില്ല. അവയെല്ലാം തപശ്ചര്യകൾക്കും പ്രേഷിതവേലയ്ക്കും സ്വയം സമർപ്പിച്ചിട്ടുള്ള പുരോഹിത— സന്യാസിസമൂഹങ്ങളുടെ മാത്രം കാര്യമായി നാം സൗകര്യപൂർവ്വം മാറ്റിവെച്ചിരിക്കുന്ന ലക്ഷണവും കാണാം. കത്തോലിക്കസഭയുടെ മൗലികഘടനയിൽ അൽമായജനതയുടെ പദവിയെ സംബന്ധിച്ച ദുഃഖമായ ബോദ്ധ്യത്തിന്റെ അഭാവമാണു് ഇവിടെ തെളിഞ്ഞുകാണുന്നതു്.

മൗതികശരീരത്തിലെ അംഗങ്ങൾ

"ഞാൻ മുന്തിരിയും നിങ്ങൾ അതിന്റെ ശിഖരങ്ങളുമാകുന്നു"("St. John 15:1-6.)എന്നു് തിരുഅത്താഴവേളയിലും "ഇതാ നിന്റെ പുത്രൻ- - - ഇതാ നിന്റെ അമ്മ"- എന്നു് അന്തിമനിമിഷങ്ങളിലും ക്രിസ്തുനാഥൻ ചെയ്ത പ്രഖ്യാപനങ്ങളുടെ

കുട്ടിച്ചേട്ടൻ ആ പരസ്യം വെട്ടിയെടുത്തു. അപ്പന്റെ ഫോട്ടോ മാത്രം വേർതിരിച്ചെടുത്തു് അയാൾ വണക്കമാസപ്പുസ്തകത്തിൽ ഒട്ടിച്ചു, എന്നിട്ടു തിപ്പിട്ടിയുരച്ചു ആ കുറിപ്പുമാത്രം കണ്ടിച്ചു—— "എൻജിനിയർ ജേക്കബ് മാത്യുവിന്റെ പിതാവു—" അയാളുടെ അന്തരംഗം മന്ത്രിച്ചു. നിറഞ്ഞുതുളുമ്പിയ വികാരങ്ങൾ ഒരു പൊട്ടിക്കരച്ചിലിനു വഴിമാറിക്കൊടുത്തു. ആ 'വീതിക്കാത്ത മുതലി'ന്റെ പടത്തിൽ ചൂടും തണുപ്പുമുള്ള ഒരു മുത്തുകൂടെ പതിഞ്ഞു.

—o—

നമ്മുടെ പ്രാർത്ഥനകളും ഭാഷയും.

നമ്മുടെ പ്രാർത്ഥനകളുടെ ഭാഷ പരിഷ്ക്കരിച്ച് ശുദ്ധവും സുന്ദരവുമാക്കി ആധുനിക രീതിയിൽ പുനഃപ്രകാശനം ചെയ്യേണ്ടകാലം അതിക്രമിച്ചിരിക്കുന്നു.

(ടി. വി. വക്കി ബി. ഏ)

പൂജ്യന്മാരായ വിദേശ മിഷനറിമാർ നമ്മുടെ നാട്ടിൽവന്ന് സുവിശേഷ പ്രചാരണം നടത്തിയകൂട്ടത്തിൽ ജനങ്ങളെ പഠിപ്പിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനുംവേണ്ടി പ്രാർത്ഥനകൾ തർജ്ജമചെയ്തു പ്രചരിപ്പിച്ചു. ഒരു കത്തോലിക്കന്റെ ആത്മീയജീവിതത്തിൽ സുപ്രധാനമായ ഒരു സ്ഥാനമാണല്ലോ പ്രാർത്ഥനയ്ക്കുള്ളതു്. ആത്മീയമൂല്യങ്ങൾക്കു പ്രാധാന്യംകൊടുക്കുന്ന ഏതൊരു വ്യക്തിക്കും പ്രാർത്ഥിക്കാതെ കഴിഞ്ഞുകൂടുക സാദ്ധ്യമല്ല. ഈ വസ്തുത മനസ്സിലാക്കിയ വിദേശീയർ കത്തോലിക്കരുടെ സുപ്രധാനങ്ങളായ പ്രാർത്ഥനകൾ അന്നത്തെ ശൈലിക്കും രീതിക്കും യോജിച്ചവിധം ഭാഷാന്തരംചെയ്യുകയാണുണ്ടായതു്.

അപരിചിതമായ ഒരു ഭാഷ പഠിച്ചു് അതിൽ പ്രാവീണ്യംനേടി കനത്ത സാഹിത്യസംഭാവനകൾ ചെയ്ത പെള്ളക്കാരുടെ ത്യാഗമനോഭാവവും സഹിഷ്ണുതയും നമ്മുടെ കൃതജ്ഞതാപൂർണ്ണമായ സ്മരണയ്ക്കു വിഷയമാകേണ്ടതാണു്. സ്വന്തമായ ഒരു ഗദ്യം വളർന്നുവന്നിട്ടില്ലായിരുന്ന മലയാളഭാഷയിൽ നിഘണ്ടുവും വ്യാകരണവും നിർമ്മിച്ചു് ഭാഷയെ സംപുഷ്ടമാക്കാൻ ആ വിദേശീയരെ പ്രേരിപ്പിച്ചതു് തങ്ങളുടെ സന്ദേശം ജനങ്ങളെ മനസ്സിലാക്കത്തക്കവിധം ഭാഷയെ വളർത്തിയെടുക്കണമെന്ന ഉദ്ദേശമായിരുന്നു. കേവലം ശൈശവാവസ്ഥയിലിരുന്ന ഭാഷയിൽ എത്ര ബോധപൂർവ്വം പ്രവർത്തിച്ചാലും കാലികവും ദേശീയവുമായ ശൈലിവിശേഷങ്ങളും പ്രയോഗവൈകൃതങ്ങളും കടന്നുകൂടുക സ്വാഭാവികമാണു്. പ്രത്യേകിച്ചു് സുദൃഢങ്ങളായ രണ്ടു ഭാഷകളുടെ സമ്മർദ്ദത്തിനു വിധേയമായിരുന്ന മലയാളത്തിൽ ആ രണ്ടു ഭാഷകളുടെയും സ്വാധീനം വളരെയധികം ദൃഢതരമായിരുന്നു. അതിനുമുപരിയായി ഒരു ജീവൽഭാഷയുടെ ശൈലിക്കും രൂപത്തി

ആഴവും വ്യാപ്തിയും ഇനിയും നമുക്കു ബോദ്ധ്യപ്പെടേണ്ടതായിട്ടാണിരിക്കുന്നതു്. ക്രിസ്തു അവിടത്തെ ദൈവികവും മാനുഷികവുമായ എല്ലാ അംശങ്ങളിലും നമ്മെ ഭാഗഭാക്കുകളാക്കുന്ന ഉന്നതമായ ഒരുടമ്പടിയുടെ പ്രഖ്യാപനമാണു്, അതിനിഗൂഢമായ തന്റെ മൗതികശരീരത്തിന്റെ ഘടനയാണു്, നിർവ്വഹിച്ചതെന്നു നാം തികച്ചും ബോധവാന്മാരല്ല. ക്രിസ്തു ശിരസ്സും നാമെല്ലാം അംഗങ്ങളുമാകുന്ന ഈ മൗതികശരീരത്തെ സംബന്ധിച്ചു് അപ്പസ്തോലികകാലം മുതൽ നാം അറിയുന്നുണ്ടെങ്കിലും 'മിശിഹായുടെ പീഡാനുഭവത്തിന്റെ കുറവുകൾ എന്റെ ശരീരത്തിൽ ഞാൻ വഹിക്കും, എന്നു പ്രഖ്യാപിക്കുവാൻ വിശുദ്ധ അപ്പസ്തോലനെ പ്രചോദിപ്പിച്ച ചേതോവികാരത്തിൽ എത്തിച്ചേരുന്നതിനു നാം ഇനിയും ബഹുദൂരം ചരിക്കേണ്ടിയിരിക്കുന്നു.

"മിശിഹായുടെ മൗതികശരീരം എന്നതിൽക്കവിഞ്ഞു് ഉന്നതവും മനോഹരവും ദൈവികവുമായ ഒരു വിവക്ഷ ക്രിസ്തുവിന്റെ ഈ സത്യസഭയ്ക്കു നൽകുവാൻ സാദ്ധ്യമല്ല" എന്നു പന്ത്രണ്ടാംപീയൂസ് തിരുമേനിയുടെ വിശ്വോത്തരമായ തിരുവെഴുത്തിൽ (Mystical Body of Christ) പ്രഖ്യാപിച്ചിരിക്കുന്നു. "വ്യക്തികൾ അവയ്ക്കുവേണ്ടി മാത്രമല്ല സഭയിൽ ജീവിക്കുന്നതു്, പൊതുവായ ക്ഷേമത്തിനും ഈ മുഴുവൻശരീരത്തിന്റെ വളർച്ചയ്ക്കും ഒത്തൊരുമിച്ചു പ്രവർത്തിക്കുന്നു" എന്നാണു് ഈ മൗതികശരീരത്തിന്റെ ഘടനയെപ്പറ്റി അവിടുന്നു പറയുന്നതു്. "വിശുദ്ധപുരോഹിതന്മാർക്കും സന്ന്യാസജീവിതത്തിൽ ദൈവശ്രേഷ്ഠതയ്ക്കു സ്വയം പ്രതിഷ്ഠിച്ചിരിക്കുന്നവർക്കുംമാത്രമല്ല ക്രിസ്തുവിന്റെ മൗതികശരീരത്തിലെ മറ്റു് എല്ലാ അംഗങ്ങൾക്കും ആ ശരീരത്തിന്റെ വളർച്ചയ്ക്കും വികസനത്തിനുംവേണ്ടി പ്രവർത്തിക്കുവാനുള്ള ചുമതലയുണ്ടെന്നു് സഭയെ മാതാവായിക്കരുതുന്ന ഏവരും മനസ്സിലാക്കുവാൻ നാം ആഗ്രഹിക്കുന്നു" എന്നാണു് അൽമായജനതയോടു് അവിടുന്നു് ഉദ്ബോധിപ്പിക്കുന്നതു്.

അതിനിഗൂഢവും അഭേദ്യവുമായവിധം ക്രിസ്തുവിന്റെ തിരുശരീരത്തോടു നാം ബന്ധിക്കപ്പെട്ടിരിക്കുന്നു എന്നതാണു് ക്രിസ്തീയജീവിതത്തിന്റെ ഉറവിടം. ദൃശ്യമായ മനുഷ്യശരീരത്തിന്റെ സംരക്ഷണത്തിനും വളർച്ചയ്ക്കും നമ്മുടെ വിവിധജഡികാവയവങ്ങൾ എത്ര നിഷ്കർഷയായി പ്രവർത്തിക്കുന്നുവോ അതിലേറെ ജാഗ്രതയോടുകൂടി ക്രിസ്തുവിന്റെ മൗതികശരീരത്തിന്റെ സംരക്ഷണത്തിനും പൂർണ്ണതയ്ക്കുംവേണ്ടി ജീവിക്കുവാൻ നാം ബാദ്ധ്യസ്ഥരായിരിക്കുന്നു. വഴിയിൽ നടന്നുപോകുമ്പോൾ പാദങ്ങളിൽ തറയ്ക്കുന്ന മുള്ളുകൾ ഊരിയെടുക്കുവാൻ എത്ര തിടുക്കത്തിൽ നമ്മുടെ കരങ്ങൾ പാഞ്ഞെത്തുന്നുവോ അതിലും തീക്ഷ്ണതയോടുകൂടി ക്രിസ്തുവിന്റെ മൗതികശരീരത്തിൽ വേദനയനുഭവിക്കുന്ന ഇതരയംഗങ്ങളുടെ ആശ്വാസത്തിനു നാം അണയേണ്ടിയിരിക്കുന്നു. പാരത്രികചിന്തകൾക്കുപോലും മനുഷ്യനെ അശക്തനാക്കുന്ന ഉഗ്രമായ ഭൗതികക്ലേശങ്ങൾ ദൂരീകരിക്കുന്നതിനുള്ള യത്നം, സാമൂഹ്യപ്രവർത്തനം, ആധുനികലോകത്തിൽ ക്രിസ്തുവിന്റെ മൗതികശരീരത്തിന്റെ സംരക്ഷണത്തിനും വളർച്ചയ്ക്കും അൽമായജനതയിൽ നിക്ഷിപ്തമായിരിക്കുന്ന ഒരു ന്യൂനതപ്രേഷിതകർത്തവ്യമത്രെ.

നും കാലംകഴിയുംതോറും വ്യക്തതയും ഭംഗിയും ഏറിയേറി വരികയുംചെയ്യുമല്ലോ.

നമ്മുടെ അവഗണന

നൂറ്റാണ്ടുകളേറെക്കഴിഞ്ഞിട്ടും ഇതര മേഖലകളിൽ ഭാഷയുടെ വളർച്ച വളരെയധികം ഉണ്ടായിട്ടും വിദേശീയർ ഉണ്ടാക്കിത്തന്ന നമ്മുടെ പ്രാർത്ഥനകളുടെ രൂപം പഴയമട്ടിൽത്തന്നെ ഇന്നും തുടരുകയാണ്*. അന്നദിനം നാം ചൊല്ലുന്നതും നമ്മുടെ കുഞ്ഞുങ്ങളെ ഉരുവിട്ടുപഠിപ്പിക്കുന്നതും "അലസിഭാഗപ്പെട്ടതും", "ഉമ്മ ഗർഭിണിയായതും", "വർദ്പുഷ്പവും" മറ്റും മറ്റും കടന്നുകൂടിയിട്ടുള്ള പ്രാർത്ഥനകൾതന്നെ*. കൂടുതൽ ഉദാഹരണങ്ങൾ എടുത്തുകാണിക്കുന്നതുകൊണ്ട് വലിയ പ്രയോജനമില്ലല്ലോ. നമ്മുടെ പ്രാർത്ഥനകൾ ചൊല്ലുന്നതിൽ അഭ്യസ്തവിദ്യർ വിമുഖതകാണിക്കുന്നതിനു് ഒരു കാരണം ഭാഷാപരമായ ഈ വൈകല്യങ്ങളല്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

പ്രാർത്ഥനകളുടെ അന്തസ്സത്തയ്ക്ക് എന്തെങ്കിലും തകരാറുണ്ടെന്നോ അതിന്റെ രീതിയിൽ എന്തെങ്കിലും അഭംഗിയുണ്ടെന്നോ ഇവിടെ വിവക്ഷയില്ല. നല്ല ആശയങ്ങൾ തന്നെ പഴയഭാഷയിൽ പൊതിഞ്ഞു വച്ചിരിക്കുന്നതിന്റെ അഭംഗിയാണിവിടെചിന്താവിഷയം.

സംഗീതാത്മകത

നമ്മുടെ പ്രാർത്ഥനകളുടെ മറ്റൊരു ന്യൂനത അതിന്റെ സംഗീതാത്മകതയുടെ വൈരളൃമാണ്. ഗദ്യത്തിനു് ഇന്നു പദ്യത്തെക്കാൾ പ്രാധാന്യവും സ്വാധീനവുമുണ്ടെങ്കിലും മനുഷ്യമനസ്സിനെ ചലിപ്പിക്കുന്നതിനും ആന്തരികമായ ഒരേകാഗ്രത നിലനിറുത്തുന്നതിനും സംഗീതാവിഷ്കരണത്തിനു ഒരു പ്രത്യേകശക്തി കൂടുതലുള്ളതു് നിർവ്വിവാദമാണ്. ഈവസ്തുത കൂടുതൽ മനസ്സിലാക്കണമെങ്കിൽ ഹൈന്ദവരുടെ പ്രാർത്ഥനകൾ പരിശോധിച്ചാൽ മതിയാകും. വളരെ ലളിതമായ ഒരു നാമം ജപിക്കലാണെങ്കിൽപോലും സംഗീതാത്മകത അതിന്റെ ആകർഷണീയതയ്ക്കു മാറ്റുകൂട്ടുന്നു. പ്രത്യേകിച്ചു് ഹൈന്ദവസംസ്കാരത്തോടു് ഒത്തുനിൽക്കുന്ന നമുക്കു് ആ രീതിയോടു് അടുപ്പം കൂടുതലുണ്ടാകും.

വിദേശീയർക്കു് ആദ്യകാലങ്ങളിൽ പദ്യത്തിൽ പ്രാർത്ഥനകൾ നിർമ്മിക്കാൻ കഴിയാതെ വന്നതിന്റെ കാരണം നമുക്കു മനസ്സിലാക്കാവുന്നതാണ്. ഒരു ഭാഷ പഠിക്കുമ്പോൾ അതിന്റെ ഗദ്യമാണല്ലോ ആദ്യം സ്വാധീനമാകുന്നതു്. എന്നാൽ അല്ഫോൻസു് പാതിരിയെപ്പോലുള്ള ക്രാന്തദർശികൾ പ്രാർത്ഥനകളുടെ സംഗീതാത്മകതയെക്കുറിച്ചു് ബോധവാന്മാരായിരുന്നു. അതിന്റെ ഫലമായിട്ടാണു് 'പുത്തൻപാന' പോലുള്ള വിശിഷ്ടകൃതികൾ വിരചിക്കാൻ അദ്ദേഹം മുതിർന്നതു്. അവയ്ക്കു സാഹിത്യമൂല്യംകുറയുമെങ്കിലും, വലിയനോമ്പുകാലങ്ങളിൽ ഭക്തിപൂർവ്വം ഈണത്തിൽ പുത്തൻപാന വായിച്ചു നിർവൃതിക്കൊള്ളുന്ന മുത്തശ്ശിമാർ നമ്മുടെ നാട്ടിൽ വിരളമല്ല.

മാസവണക്കം

ഭക്തിസംവർദ്ധകവും സുകൃതോപലബ്ധിക്കു് ഉതകുന്നതുമായ ഒരു അനുഷ്ഠാനമാണല്ലോ നമ്മുടെ മാസവണക്കം. കന്യാമറിയത്തിന്റെയും വി. യൗസേപ്പിതാവിന്റെയും തിരുഹൃദയത്തിന്റെയും വണക്കമാസം എല്ലാക്രത്തോലിക്കരും പതിവായി ആചരിച്ചുപോരുന്നതാണ്. എന്നാൽ പഴക്കം ചെന്നതും അപരിഷ്കൃതവുമായ ഭാഷയിൽ എഴുതിയിട്ടുള്ള ഗ്രന്ഥങ്ങളാണു് മാസവണക്കത്തിനു് ഉപയോഗിക്കുന്നതു്. അതിൽ ദുഷ്ടാന്തങ്ങളായി (ചിലപുതുമകളുംകാണും) കൊടുത്തിരിക്കുന്ന സംഭവങ്ങളുടെ യുക്തിഹീനതയും അസ്വഭാവികതയും കൊച്ചുകുട്ടികളെപ്പോലും പൊട്ടിച്ചിരിപ്പിക്കുന്നതാണെന്നുള്ളതു മാറ്റിനിറുത്തിയാൽത്തന്നെയും അസുഖകരങ്ങളായ പ്രയോഗങ്ങളും ശൈലീഭംഗങ്ങളും തികച്ചും അനാകർഷകമാണ്.

ഈ ന്യൂനതകളകറ്റി ആകർഷകമായവിധത്തിൽ ശുദ്ധമായ ഭാഷയിൽമാസവണക്കഗ്രന്ഥങ്ങൾ നിർമ്മിക്കാൻ കഴിവുള്ളവർ നമ്മുടെ ഇടയിൽ ഇല്ലാഞ്ഞിട്ടല്ല. ബോധപൂർവ്വം മുന്നോട്ടു വരുന്നവരെ പ്രോത്സാഹിപ്പിക്കാത്തതുകൊണ്ടാണ് അധികവും നാം പഴയകുപ്പക്കഴിഭാഷയിൽ തപ്പിത്തടയുന്നതു്. (ശ്രീ. കെ. സി. ചാക്കോ വണക്കമാസഗ്രന്ഥങ്ങൾ പരിഷ്കരിച്ചു് പ്രസിദ്ധപ്പെടുത്തിയതായി കേട്ടിട്ടുണ്ട്. പക്ഷെ അതു ഇതുവരെ പ്രചാരത്തിൽ വന്നതായി അറിവില്ല.)

ഭാഷയോടുള്ള അവജ്ഞ

മലയാളഭാഷയ്ക്കു് വേണ്ടത്ര ഗൗരവം ഇല്ലെന്നു വിശ്വസിക്കുന്ന പഴഞ്ചൻ ചിന്താഗതിക്കാരും നമ്മുടെ ഇടയിൽ ധാരാളമാണ്. പുതിയ ക്രമത്തിൽ മലയാളംകുർബാനനടപ്പാക്കിയതിനോടു് എതിർപ്പുള്ള വന്ദ്യവൈദികരും സമുദായസ്നേഹികളും ധാരാളമുണ്ടു പോലും! ചൈനീസ് ഭാഷയിൽ പ്രാർത്ഥിച്ചാൽ ദൈവം കേൾക്കുകയില്ലെന്നും അതുകൊണ്ടു് ഇംഗ്ലീഷും ഭാഷയിൽ പ്രാർത്ഥിക്കണമെന്നും ഉപദേശിച്ച ഒരു പട്ടാളക്കാരന്റെ കഥപോലെ ബാലിശമാണ് ഇക്കൂട്ടരുടെ വാദഗതിയും.

ഭാഷയോടുള്ള ഈ അവഗണനാമനോഭാവംമൂലമാണ് കത്തോലിക്കർക്കു് ഒരു നല്ല സാഹിത്യം പോലുമില്ലാതായിപ്പോയതു്. വൈദേശിയ സംസ്കാരത്തിനും ഭാഷയ്ക്കും അമിതമായ വിധേയത്വം കാണിച്ചതുകൊണ്ടു് അവയ്ക്കു നാട്ടിൽസ്ഥാനം കുറഞ്ഞപ്പോൾ നാം കടലിലും കരയ്ക്കുമല്ലാത്ത ഒരു മട്ടിലായിട്ടുണ്ട്. അതങ്ങനെ നില്ക്കട്ടെ.

ചിലനിർദ്ദേശങ്ങൾ

നമ്മുടെ പ്രാർത്ഥനകൾക്കു് ഒരു ഏകീകരണം വരുത്തുകവിധം അവയുടെ ഭാഷ നവീകരി

---

* ചില രൂപതകളിലെ വേദോപദേശപുസ്തകങ്ങളിൽ ഇതിനൊക്കെ അല്പാല്പമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

"ഉത്തമമായ ഒരു പരിപാടിയും അതു നടപ്പിൽ വരുത്തുന്നതിനുള്ള ആത്മാർത്ഥമായ പ്രയത്നവും മൂലം അഖിലകേരളകത്തോലിക്കാകോൺഗ്രസ് അതിന്റെ ആസ്തിക്യത്തെ നീതീകരിക്കേണ്ടതാണ്" എന്നുൽബോധിപ്പിച്ചുകൊണ്ടു പ്രശസ്തവിദ്യാഭ്യാസപ്രവർത്തകനും ചിന്തകനുമായ റിട്ടയാർഡ് ഹെഡ്മാസ്റ്റർ ശ്രീ കെ. സി. തോമസ് ബി.എ.,എൽ.റ്റി., സമർപ്പിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ കോൺഗ്രസ് പ്രവർത്തകരുടെയും സമുദായാംഗങ്ങളുടെയും ശ്രദ്ധയ്ക്കു വിഷയമാക്കുകയാണ്— (എ ഡി റ റർ)

സഭ

1- മതപ്രസംഗം കത്തോലിക്കാ കോൺഗ്രസിന്റെ അധികാരത്തിലോ ചുമതലയിലോ പെടുന്നതല്ല. എന്നാൽ മതത്തിന്റെ വഴിയിൽ സ്ഥിതിചെയ്യുന്ന വിലങ്ങുതടികൾ എടുത്തുമാറ്റി വൈദികരെ സഹായിക്കുവാൻ കോൺഗ്രസ് ശ്രമിക്കേണ്ടതാണ്.

2- വേദപുസ്തകത്തിന്റെ ഒരു നല്ല പരിഭാഷ ഉണ്ടാക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും വൈദികരെ സഹായിക്കണം.

3- അയോഗ്യരായവർ വൈദികവൃത്തി സ്വീകരിക്കാതിരിക്കുന്നതിനും ചാർച്ചക്കാർ വൈദികരെ അലട്ടാതിരിക്കുന്നതിനും വേണ്ടതു ചെയ്യണം.

4- വേദപുസ്തകം ഹൃദിസ്ഥമാക്കുവാൻ വൈദികർക്കു സമയം ലഭിക്കുന്നതിനുവേണ്ടി ശവസംസ്കാരത്തിനും മറ്റും ഒന്നോ രണ്ടോ വൈദികരെമാത്രം ക്ഷണിക്കുന്ന പതിവു് ഏർപ്പെടുത്തുക-വൈദികരുടെ പ്രസംഗങ്ങളിലും സംസാരത്തിലും വേദവാക്യങ്ങൾ ധാരാളമായി കേൾക്കപ്പെടേണ്ടതാണല്ലോ.

ച്ചു് പുനഃപ്രകാശനം ചെയ്യേണ്ടിയിരിക്കുന്നു. അതിനു വിദഗ്ധന്മാരടങ്ങിയ—വൈദികരും ഭാഷാപണ്ഡിതന്മാരും- ഒരു കമ്മറ്റി ചുമതല ഏറ്റെടുത്തു് പ്രവർത്തിച്ചാൽ എളുപ്പമായിരിക്കും. വന്ദ്യപിതാക്കന്മാർ യോജിച്ചു് പ്രസ്തുതവിഷയത്തിൽ മുൻകൈയെടുത്താൽ മാത്രമേ പ്രവർത്തനം കാര്യക്ഷമമാകുകയുള്ളൂ. ഒരു വ്യക്തിയോ ചെറു സംഘമോ അംഗീകാരമില്ലാതെ എന്തെങ്കിലും മാറ്റം വരുത്തിയാൽ തലമുറകളായി ഉരുവിട്ടുകൊണ്ടിരിക്കുന്ന പ്രാർത്ഥനകൾക്കു് ഒരു പുതിയരൂപം കാണുമ്പോൾ സാധാരണ ജനങ്ങൾ തെറ്റിദ്ധരിച്ചേക്കാൻ ഇടവരും.

മാസവണക്കംപോലുള്ളവ ഏതെങ്കിലും വിദഗ്ദ്ധനായ വ്യക്തിയെക്കൊണ്ടു് എഴുതിച്ചു്, ഒരു വിദഗ്ദ്ധക്കമ്മറ്റി പരിശോധന നടത്തി പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും നന്നു്.

പുതിയതിതിയിൽ പരിഷ്കരിച്ച പ്രാർത്ഥനകളും മറ്റും നിർബന്ധിതമായിത്തന്നെ നമ്മുടെ സൺഡേസ്കൂളുകളിൽ പഠിക്കാൻ നിർദ്ദേശം നൽകുകയും പഴയവ കഴിയുന്നതും പുതിയ തലമുറയ്ക്കു് ലഭിക്കാത്തവിധം നശിപ്പിക്കുകയും ചെയ്താൽ പ്രവർത്തനം വളരെ എളുപ്പമായിത്തീരും. അങ്ങനെ ഈ കാലഘട്ടം കഴിയുമ്പോൾ ആകർഷകവും അനുനവുമായ ഭാഷയോടുകൂടിയ ഒരു പ്രാർത്ഥനക്രമം പ്രചാരത്തിൽ വരും.

5- പള്ളികൾ പണം സമ്പാദിക്കുന്നതും പണം ചിലവു ചെയ്യുന്നതും സത്യം, നീതി, സ്നേഹം ഇവയെ അടിസ്ഥാനമാക്കിയാണോ എന്നന്വേഷിക്കുന്നതിനും ന്യൂനതകളുള്ളപക്ഷം പരിഹരിക്കുന്നതിനും വൈദികരെ സഹായിക്കണം.

6- പള്ളികൾക്കു പണം കൊടുക്കേണ്ടതു് ഏതെല്ലാം തത്ത്വങ്ങളെ അടിസ്ഥാനമാക്കിവേണം എന്നു ജനങ്ങളെ മനസ്സിലാക്കണം. അമിതമായി പള്ളിക്കു പണം കൊടുത്തശേഷം വിഷമിക്കുന്നവരെ ആ പണംകൊണ്ടുതന്നെ സഹായിക്കുവാൻ വൈദികരോടു് അപേക്ഷിക്കണം.

7- മൂഢവിശ്വാസങ്ങളെ അടിസ്ഥാനമാക്കി പള്ളിക്കു പണംകൊടുത്തു മുടിയുന്നവരെ മൂഢവിശ്വാസത്തിൽനിന്നും ദാരിദ്ര്യത്തിൽനിന്നും രക്ഷിക്കണം.

8- പെരുന്നാളുകൾ യാതൊരു നിർബന്ധവുംകൂടാതെയുള്ള പിരിവെടുത്തു്, കിട്ടുന്ന സംഖ്യയുടെ വലിപ്പമനുസരിച്ചുമാത്രം, നടത്തേണ്ടതാണു്.

സമുദായം

9- സമുദായം ലൗകികമായി ഉയരുന്നതിനു് മതത്തിന്റെ വഴിയിലുള്ള വിലങ്ങുതടികൾ നീക്കേണ്ടതു് ആവശ്യമാണു്. എവിടെയും കാണാവുന്ന കാപട്യം, മാമ്മോൻസേവ, ജാതിഭ്രാന്തു്, മദ്യപാനം, മതസംബന്ധമായ അറിവില്ലായ്മ, ഒളിഞ്ഞുകിടക്കുന്ന ഇടത്തുട്ടുകൾ, മൂഢവിശ്വാസങ്ങൾ ഇവയെപ്പറ്റി ശരിയായ ഒരന്വേഷണം നടത്തുകയും പ്രതിവിധികൾ നിശ്ചയിക്കുകയും വേണം.

10- വ്യവഹാരഭ്രാന്തിനും മരുന്നു കണ്ടുപിടിക്കണം.

11- ഓരോ ഇടവകയിലും അഗതിമന്ദിരങ്ങളും സത്രങ്ങളും സൗജന്യ ചികിത്സാലയങ്ങളും സാധുക്കളായ ഇടവകക്കാരെ സഹായിക്കുന്നതിനുള്ള ഫണ്ടും ഇവയെല്ലാം നിയന്ത്രിക്കുന്നതിനുള്ള കമ്മറ്റികളും ഉണ്ടാക്കുന്നതിനു് സകല കത്തോലിക്കരെയും പ്രേരിപ്പിക്കണം.

12- പകരുന്ന വൻതരം ദീർഘകാല രോഗങ്ങൾ ബാധിച്ച കത്തോലിക്കർക്കുവേണ്ടി അഞ്ചാറു ഹോസ്പിറ്റലുകൾ സ്ഥാപിക്കുക.

13- സ്ത്രീകൾക്കു പത്രങ്ങളും പുസ്തകങ്ങളും വായിക്കുവാൻ സമയവും സൗകര്യവും ലഭിക്കത്തക്കവിധത്തിൽ അവരുടെ അടുക്കളജോലി പരിഷ്കരിക്കുവാൻ വീട്ടുകാരണവന്മാരെ പ്രേരിപ്പിക്കണം. അവശ്യസ്ഥാനങ്ങളിൽ ഏറ്റവും മെച്ചമായി പെരുമാറുവാൻ കത്തോലിക്കരെ അഭ്യസിപ്പിക്കണം.

14- അന്യസമുദായങ്ങളോടു സത്യം, സ്നേഹം, നീതി ഇവ പുലർത്തണം- ഇതിന്റെ പ്രാധാന്യം കത്തോലിക്കരെ മനസ്സിലാക്കണം.

15- സമുദായത്തിന്റെ ന്യൂനതകൾ അവഗണിച്ചുകൊണ്ടു് അന്യസമുദായങ്ങളെ വളരെ കൽനമായി വിധിക്കുവാനുള്ള ഒരു പ്രവണത കത്തോലിക്കരിലുണ്ടോ എന്നു് അന്വേഷിക്കണം. ഉണ്ടെങ്കിൽ "വെളിക്കുള്ളവരെ ദൈവം വിധിച്ചുകൊള്ളും, നിങ്ങളുടെ ഇടയിൽത്തന്നെയുള്ള ദുഷ്ടനെ പുറത്താക്കുവിൻ" (1 കൊറി. 5-13) എന്ന വി: പൗലോസിന്റെ വാക്കുകൾ അവരെ പഠിപ്പിക്കണം.

കത്തോലിക്കകോൺഗ്രസ് ശക്തിപ്പെടുത്താൻ ചില നിർദ്ദേശങ്ങൾ.

(എം. സി. ചാക്കോ—മാന്തുരുത്തിൽ)

കേരളത്തിലെ കത്തോലിക്കരെ മുഴുവൻ പ്രതിനിധാനം ചെയ്യുന്ന ഒരു സമുദായസംഘടന എന്നനിലയിൽ അഖിലകേരളകത്തോലിക്കകോൺഗ്രസ് കഴിഞ്ഞ അരശതാബ്ദക്കാലമായി കത്തോലിക്ക സമുദായത്തെ അഭിമുഖീകരിച്ചിരുന്ന പ്രശ്നങ്ങളെ വേണ്ടവിധം നേരിടുകയും സമുദായത്തിന്റെപൊതുവായ ഉൽകർഷത്തിനും അവശതാപരിഹാരത്തിനും കഴിവുള്ള ശ്രമങ്ങൾ ചെയ്യുകയും ഉണ്ടായിട്ടുണ്ട്. സർക്കാർസർവ്വീസിലും പ്രതിനിധിസഭകളിലും വേണ്ടത്രപ്രാതിനിധ്യംനേടുക, സ്വതന്ത്രമായി വിദ്യാലയങ്ങൾ നടത്തുന്നതിനുള്ള സ്വാതന്ത്ര്യം പരിരക്ഷിക്കുക, സന്മാർഗ്ഗമൂല്യങ്ങളെ നിഷേധിക്കുന്ന പാഠപുസ്തകങ്ങൾ ഉണ്ടാകാതെ സൂക്ഷിക്കുക, പള്ളികളും ശ്മശാനങ്ങളും സ്ഥാപിക്കുന്നതിനുള്ള സ്വാതന്ത്ര്യം കാത്തുസൂക്ഷിക്കുക, ദായക്രമത്തിലും വിവാഹത്തിലും കത്തോലിക്കർക്കുള്ള പ്രത്യേകാവകാശങ്ങൾ രക്ഷിക്കുക മുതലായ അനേകകാര്യങ്ങൾക്കുവേണ്ടി ഓരോകാലങ്ങളിൽ കത്തോലിക്കകോൺഗ്രസ് പരമാവധി പരിശ്രമിച്ചിട്ടുണ്ടെന്നുള്ള വസ്തുത ഇന്ന് ആരും നിഷേധിക്കുന്നതല്ല. അവശതാപരിഹാരത്തിനുവേണ്ടിവന്നപ്പോൾ പ്രക്ഷോഭണങ്ങൾ സംഘടിപ്പിക്കുവാനും മടിച്ചിട്ടില്ല.

എന്നാൽ വേണ്ടത്രശക്തി സംഭരിക്കുവാൻ ആ സംഘടനക്കു ഇന്നും കഴിഞ്ഞിട്ടില്ല, 28 ലക്ഷം കത്തോലിക്കരെ പ്രതിനിധാനം ചെയ്യുന്ന കോൺഗ്രസിനു തദനുസൃതമായ അംഗസംഖ്യയില്ലായെന്നതു് വലിയ ഒരു ന്യൂനതയാണു്. ഈ ന്യൂനതസമുദായം അടുത്തകാലത്തു വേണ്ടവണ്ണം മനസ്സിലാക്കിയിട്ടുണ്ടെന്നാണു് എന്റെ ബോദ്ധ്യം. ഈയിടെ നടന്ന പല നേതൃസമ്മേളനങ്ങളിലും ആലോചനായോഗങ്ങളിലും കത്തോലിക്കകോൺഗ്രസിനെ ശക്തിപ്പെടുത്തണമെന്ന അഭിപ്രായത്തിനു മുൻഗണനലഭിച്ചതായികാണുന്നു, അതു തീർച്ചയായും ശുഭോദർക്കമാണു്. സമുദായത്തിന്റെ സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ ഉന്നമനത്തിനു, ഇങ്ങനെയൊരു സംഘടന വായുവും വെള്ളവും പോലെ അത്യന്താപേക്ഷിതമാകുന്നു.

16- വിദേശികളിൽനിന്നു സാമ്പത്തികസഹായം സ്വീകരിക്കുന്ന സമുദായാംഗങ്ങളെപ്പറ്റി അന്വേഷിക്കുകയും സഹായത്തിനു് അനർഹരായവർ വിദേശികളെ ചതിക്കാതിരിക്കുവാൻ നടപടി നടത്തുകയും ചെയ്യുക-വിദേശികൾ നൽകുന്ന പാൽപൊടി മുതലായവയുടെ വിതരണം ശരിക്കു നടക്കുന്നുണ്ടോ എന്നന്വേഷിക്കുകയും ന്യൂനതകൾ പരിഹരിക്കുവാൻ ശ്രമിക്കുകയും ചെയ്യണം.

വിദ്യാഭ്യാസം

17- സമുദായത്തിന്റെ ഒരു ചരിത്രം- ശരിയായ ചരിത്രം- എഴുതിയുണ്ടാക്കണം. അനുകൂലമോ പ്രതികൂലമോ എന്നു നോക്കാതെ സത്യം മാത്രം രേഖപ്പെടുത്തുന്ന ഒരു ഗ്രന്ഥം ഉണ്ടാകേണ്ടിയിരിക്കുന്നു.

18- ഉത്തമവും ആവശ്യമുള്ള സകല കാര്യങ്ങളും അടങ്ങിയിട്ടുള്ളതും ആയ ഒരു ചോദ്യോത്തരഗ്രന്ഥം നിർമ്മിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും വൈദികരെ സഹായിക്കണം. ദരിദ്രർക്ക് അതിന്റെ പ്രതികൾ സൗജന്യമായി നൽകണം. കൽക്കട്ടാ അതിരൂപതയിലെ Larger Catechism വിവർത്തനം ചെയ്യുകയും ജാതിഭ്രാന്തു്, രഹസ്യഇടത്തുട്ടുകൾ, കമ്മ്യൂണിസം, അന്യമതങ്ങൾ മുതലായവയെപ്പറ്റി കുറെ ചോദ്യോത്തരങ്ങളും അനുബന്ധമായി ചേർക്കുകയും ചെയ്താൽ മതി.

19- കത്തോലിക്കസ്കൂളുകൾ യഥാർത്ഥ കത്തോലിക്കസ്കൂളുകളാണോ എന്നന്വേഷിക്കുകയും ന്യൂനതകൾ പരിഹരിക്കുവാൻ മാർഗ്ഗങ്ങൾ കണ്ടുപിടിക്കുകയും ചെയ്യണം.

20- ഇടവകകൾതോറും കത്തോലിക്ക ഗ്രന്ഥശാലകൾ സ്ഥാപിക്കുകയും വായനയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക-ഗ്രന്ഥശാലകൾ ചീട്ടുകളിസ്ഥലങ്ങളായിതീരാതിരിക്കുവാൻ സൂക്ഷിക്കണം.

സാമ്പത്തികം

21- ഉദ്യോഗവിതരണക്കാര്യത്തിൽ വഴക്കുണ്ടാക്കാതിരിക്കണം. സമുദായത്തിൽപെട്ട വ്യക്തികൾക്ക് അവരുടെ താല്പര്യങ്ങൾ രക്ഷിക്കുവാൻ അകമൃണിസ്റ്റ് രാഷ്ട്രീയപാർട്ടികൾ-പ്രത്യേകിച്ചു ഭരിക്കുന്ന പാർട്ടി— ഉണ്ടല്ലോ.

22- സക്കാർവക ഭൂമിയിലുംമറ്റും കയ്യേറ്റംനടത്തുന്നതു തെറ്റാണെന്നു കത്തോലിക്കരെ ബോദ്ധ്യപ്പെടുത്തണം. കത്തോലിക്കരുടെ കയ്യേറ്റംമൂലം മറ്റാർക്കെങ്കിലും നഷ്ടം വന്നിട്ടുണ്ടോ എന്നന്വേഷിക്കുകയും ആ നഷ്ടം പരിഹരിക്കുവാൻ ശ്രമിക്കുകയും ചെയ്യണം.

23- കത്തോലിക്കരായ കച്ചവടക്കാരുടെ ധാർമ്മികനിലവാരം ഉയർത്തുന്നതിനുവേണ്ടി ഉത്തമമായ ഒരു പെരുമാറ്റച്ചട്ടം നിർമ്മിക്കുക.

24- ബാങ്കുകൾ മുതലായവ നടത്തുന്ന കത്തോലിക്കർ തങ്ങൾക്കും കത്തോലിക്കസമുദായത്തിനും അവമാനംവരുത്തുന്ന തോന്ന്യാസങ്ങളിൽനിന്നു്— അപഹരണത്തിൽനിന്നു്— അകന്നുനിൽക്കാൻ അവരെ ഉപദേശിക്കുക.

25- ധനവാന്മാരും അവരുടെ പുത്രന്മാരും വിവാഹംമുഖം ഒരു വലിയസംഖ്യ തട്ടിയെടുക്കുവാൻ ശ്രമിക്കുന്നതു് അതിഹീനമായ മാമ്മോൻസേവയാണെന്നു ബന്ധപ്പെട്ടവരെ മനസ്സിലാക്കുക. സ്ത്രീധനത്തിലെ ഓരോ നയാപൈസായും സ്ത്രീക്കുവേണ്ടി ഉപയോഗിക്കുന്നതിനുപകരം തോന്ന്യാസം കാണിക്കുന്നതു് അതിഹീനമായ ഒരു അപഹരണമാണെന്നു് കത്തോലിക്കരെ മനസ്സിലാക്കുക.

26- പള്ളികളിലെ പെരുനാളുകൾ ഏറുനടത്തിയോ ഗൃഹസ്ഥരുടെ വേഷംകെട്ടുവാൻ ശ്രമിക്കുന്ന മാമ്മോൻസേവകാരെ നിരുത്സാഹപ്പെടുത്തുക.

27- മോഷണംകൊണ്ടു സമ്പാദിച്ചു മുതൽ തിരിച്ചുകൊടുക്കുന്നതിനും ന്യായമായി സമ്പാദിച്ച പണംകൊണ്ടു സാധുക്കളെ— ഇടത്തുകൈ അറിയാതെ— സഹായിക്കുന്നതിനും ധനവാന്മാരെ ഉപദേശിക്കുക. തൊഴിലാളികൾക്കു് ന്യായമായ കൂലികൊടുക്കുന്നതുകൂടാതെ അവരുടെ അത്യാവശ്യങ്ങളിൽ സഹായിക്കുന്നതിനും മുതലാളികളെ ഉപദേശിക്കുക.

രാഷ്ട്രീയം

28- തനി രാഷ്ട്രീയത്തിൽ കത്തോലിക്ക കോൺഗ്രസ് പ്രവേശിക്കുന്നതു നല്ലതല്ല.

29- കമ്യൂണിസ്റ്റുമതം രാഷ്ട്രത്തെ വിഴുങ്ങുവാനും മറ്റു മതങ്ങളെ- പ്രത്യേകിച്ചു കത്തോലിക്കാമതത്തെ- ഹനിക്കുവാനും ശ്രമിക്കുന്നതുകൊണ്ടു് അതിനെ രാഷ്ട്രീയായുധമായവോട്ടുകൊണ്ടും എതിർക്കേണ്ടതു് കത്തോലിക്കരുടെ മതസംബന്ധമായ കടമയാണു്. ഈ കടമ ശരിക്കു നിർവ്വഹിക്കുവാൻ കത്തോലിക്കരെ പഠിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം.

30- കത്തോലിക്കസമുദായത്തിൽപെട്ട ഏതെങ്കിലും വിഭാഗമോ വ്യക്തിയോ കമ്യൂണിസത്തിലേക്കു ചായുന്നുണ്ടോ എന്നു ഉടൻനന്വേഷിക്കുകയും അത്തരം പ്രവണതകളെ പ്രതിബന്ധിക്കുകയും ചെയ്യണം.

+++++

കേരളത്തിൽ പല രംഗങ്ങളിലും മുൻപന്തിയിലേക്ക കയറിയിരിക്കുന്നത് ബലിഷ്ടമായ സമുദായ സംഘടനകളുള്ള സമുദായങ്ങളാണെന്നുള്ള വസ്തുത മറക്കത്തക്കതല്ല.

സമുദായത്തിന്റെ നേതൃത്വം

കത്തോലിക്കകോൺഗ്രസിനു വേണ്ടത്ര പ്രാതിനിധ്യമില്ല, അതു ശ്രദ്ധിച്ചതാണ്, അതിന്റെ നേതൃത്വം പാരിയതല്ല എന്നിങ്ങനെ ചിലർ കാരം പറഞ്ഞു സംതൃപ്തരാകാറുണ്ടെങ്കിലും ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള സൃഷ്ടിപരമായ നിർദ്ദേശങ്ങൾ എന്തെങ്കിലും ആരുംതന്നെ പ്രകടിപ്പിച്ചു കണ്ടിട്ടില്ല. എന്നല്ല, കത്തോലിക്കകോൺഗ്രസ് ക്ഷീണിക്കുന്നതിനുള്ള പ്രധാനകാരണങ്ങളിലൊന്ന് അതിന്റെ നേതൃത്വത്തേയും പ്രാതിനിധ്യസ്വഭാവത്തേയും പ്രവർത്തനങ്ങളേയും യാഥാർത്ഥ്യം മനസ്സിലാക്കാതെ ഹിംസാത്മകമായവിധം വിമർശിക്കുന്നതാണെന്നു പറയാതെ തരമില്ല. ഈ വിമർശനങ്ങൾ കൊണ്ടു പ്രവർത്തനത്തിലേർപ്പെട്ടിരുന്ന ചിലരെ നിരാശരാക്കി പിന്തിരിപ്പിച്ചതല്ലാതെ ഒരൊറ്റയാളെപ്പോലും പ്രവർത്തനരംഗത്തേക്കു കൊണ്ടുവന്നിട്ടില്ലായെന്നാണ് പരമാർത്ഥം. ചിലരുടെ വിമർശനം കേട്ടാൽ, കത്തോലിക്കകോൺഗ്രസിന്റെ തലപ്പത്തിരിക്കുന്നവർ എക്കാലത്തും നേതൃത്വം കൈയടക്കിവച്ചിരിക്കുന്ന ഒരുമാതിരി പുൽക്കൂട്ടിലെ പട്ടികളാണെന്നു തോന്നിപ്പോകും. പക്ഷെ മറിച്ചാണ് പലപ്പോഴും അനുഭവം. പലരെയധികം നിർബന്ധം ചെലുത്തിയതിന്റെ ഫലമായി നേതൃത്വം ഏറ്റെടുത്തിട്ടുള്ളവരാണ് അവരിൽ പലരും. കത്തോലിക്കാകോൺഗ്രസിന്റെ നേതൃസ്ഥാനത്തു വന്നിട്ടുള്ളവർ അവരുടെ വീതം സമുദായസേവനം ഭംഗിയായി നിവ്വഹിച്ചിട്ടുണ്ടെന്നു കൃതജ്ഞതയോടുകൂടി സ്മരിക്കേണ്ടതാണ്.

ദീർഘകാലം നേതൃത്വംകൈവശം വച്ചു കായ്മയായിയാതൊന്നും പ്രവർത്തിക്കാതെ പിന്നീടു ചില വ്യാമോഹങ്ങൾക്കധീനരായി വീണ്ടും നേതൃത്വത്തിനു വരുന്നവരേയും, സമുദായനേതൃത്വം സ്വാർത്ഥതാല്പര്യത്തിനുവേണ്ടി വിനിയോഗിക്കുമെന്നു പ്രവൃത്തികളാൽ തെളിയിച്ചിട്ടുള്ളവരേയും കത്തോലിക്കാകോൺഗ്രസ് പ്രോത്സാഹിപ്പിക്കാറില്ലെങ്കിലും. നേതൃസ്ഥാനത്തുനിന്നും കോൺഗ്രസ് ആരെയെങ്കിലും മാറ്റിനിർത്തിയതായോ പുറംതള്ളിയതായോ ആക്ഷേപം ചൂണ്ടിക്കാണിക്കുവാൻ സാധിക്കുകയില്ല. സേവനസന്നദ്ധരായി മുന്നോട്ടു വരുന്ന ആരെയും അംഗീകരിക്കാനും യോഗ്യതാനുസരണം നേതൃസ്ഥാനത്തു പ്രതിഷ്ഠിക്കാനും കോൺഗ്രസ് എപ്പോഴും തയാറാണ്. ആത്മാർത്ഥതയോടും നിസ്വാർത്ഥതയോടും കൂടി സമുദായസേവനം നിവ്വഹിക്കുവാൻ വേണ്ടശേഷിയും സൗകര്യവുമുള്ളവർ ധാരാളമായി മുന്നോട്ടുവരണമെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന, അവരുടെ ബലിഷ്ഠങ്ങളായ തോളുകളിൽ സമുദായനേതൃത്വം അർപ്പിക്കുവാൻ കോൺഗ്രസിന്റെ ഇന്നത്തെ പ്രവർത്തകർക്ക് സന്തോഷമേയുള്ളൂ.

റിട്ടയർഡ്ഉദ്യോഗസ്ഥന്മാർ

കത്തോലിക്കാകോൺഗ്രസു മുൻനിന്നു നടത്തിയ സമുദായപ്രാതിനിധ്യവാദത്തിന്റെ ഫലമായി സർക്കാർസർവ്വീസിൽ പ്രവേശിച്ചു, ഉയർന്ന ഉദ്യോഗങ്ങളിലെത്തിയ, കത്തോലിക്കരുണ്ട്. സർവ്വീസിലിരുന്നകാലത്തു സ്വന്തം താല്പര്യസംരക്ഷണത്തിനാകും, അവരെസമീപിച്ച സ്വസമുദായാംഗങ്ങൾക്കു സ്വാഭാവികനീതിപോലും അവരിൽ നിന്നുംലഭിക്കാതിരുന്നിട്ടുള്ള അന്യായമായി ദ്രോഹിക്കുകയും ധിക്കരിക്കുകയും ചെയ്തിട്ടുള്ള അനുഭവങ്ങളാണുണ്ടായിട്ടുള്ളതു്. എന്നാൽ റിട്ടയർ ചെയ്തശേഷമെങ്കിലും അവരെക്കൊണ്ടു സമുദായത്തിനു വല്ല പ്രയോജനവുംഉണ്ടാകുന്നുണ്ടോ? ജീവിക്കുവാൻ വേണ്ട തുക പെൻഷനായി കിട്ടുന്നവർക്കു, കുറെക്കൂടി സ്വതന്ത്രമായി, ജീവിതവ്യഗ്രതകൾകൂടാതെ, സാമൂഹ്യസേവനത്തിനു സമയവും സന്ദർഭവും ലഭിക്കുന്നുണ്ട്. പക്ഷെ അവരുടെ നോട്ടവും കൂട്ടുതൽ സ്വാർത്ഥതയ്ക്കുവേണ്ടിയാണെന്ന പറയേണ്ടിവന്നതിൽ വ്യസനിക്കുന്നു.

രാഷ്ട്രീയപാർട്ടികളുടെ പേരോടുകൂടിയാണെങ്കിലും, സമുദായപ്രാതിനിധ്യത്തിന്റെ പേരിൽ തിരഞ്ഞെടുക്കപ്പെട്ടനാ കത്തോലിക്കാ എം. എൽ. എ—മാരും മന്ത്രിമാരും എക്സ്ട്രാ മന്ത്രിമാരും എം. പി-മാരും നമുക്കുണ്ട്. തെരഞ്ഞെടുപ്പുകാലങ്ങളിൽ അവർ എപ്രകാരമാണ് സമുദായത്തിന്റെപേരും പറഞ്ഞു ബഹു: വൈദികരെയും മറ്റു സമുദായപ്രമാണികളെയും സമീപിക്കാറുള്ളതെന്നു നമുക്കറിയാം. പക്ഷെ ഒരിക്കൽ തെരഞ്ഞെടുക്കപ്പെട്ടുകഴിഞ്ഞാൽ പിന്നെ അവർ സമുദായത്തെ മറക്കുന്നതായിട്ടാണ് കണ്ടുവരുന്നതെന്നാണ് ചിലരുടെ പരാതി.

സമുദായത്തിന്റെതാല്പര്യങ്ങൾ ചവിട്ടിമെതിക്കപ്പെട്ടപ്പോൾ നിർവ്വികാരരായി നോക്കിനിന്നുകൊണ്ടാതെ അവർക്കു സമുദായത്തോടുള്ള പ്രഥമവും പ്രധാനവുമായ കടമ അനുസരിച്ചു കഴിവുള്ളതു ചെയ്യുകയുണ്ടായാണെവരും അഭിലഷിക്കുന്നതു്. എന്നാൽ മറ്റു സമുദായങ്ങളുടെ നില എന്താണ്? നായർസർവ്വീസൊസൈറ്റിയുടേയും എസ്സ്. എൻ. ഡി. പി. യുടെയും ഉയർച്ചയ്ക്കുവേണ്ടി ബുദ്ധിമുട്ടിയിട്ടുള്ളതു് അധികവും നായർ സമുദായത്തിലേയും ഈഴവ സമുദായത്തിലേയും റിട്ടയർഡ്ഉദ്യോഗസ്ഥന്മാരും എം. എൽ. എ. മാരുമാകുന്നു. അവരുടെ സ്വാധീനവും സമയവും കഴിവുകളും ആ സമുദായ സംഘടനകൾക്കു വേണ്ടി നിർല്ലോഭം അവർ വിനിയോഗിക്കുന്നു. കത്തോലിക്കസമുദായത്തിലെ പെൻഷൻഡ്ഉദ്യോഗസ്ഥന്മാരും എം. എൽ. എ. മാരും അവരെ ഒന്നു കണ്ടുപഠിച്ചിരുന്നെങ്കിൽ! കുറഞ്ഞപക്ഷം ജസ്റ്റിസ്സു് തളിയത്തിനെ എങ്കിലും അവർ ഒന്നു മാതൃകയാക്കിയിരുന്നെങ്കിൽ! ഇനിയെങ്കിലും കത്തോലിക്കരായ പെൻഷ്യൻഡ്ഉദ്യോഗസ്ഥന്മാർ, സമുദായത്തോടുള്ള അവരുടെ കടമയും മനസ്സിലാക്കി, ഉത്തരവാദിത്വബോധത്തോടെ, മുന്നോട്ടു വരുമെന്നു ഞാൻ ആശിക്കുകയാണു്.

ഭാഗ്യവശാൽ പണവും കഴിവും സ്വാധീനവുമുള്ള ധാരാളമാളുകൾ ഇന്നു കത്തോലിക്കാസമുദായത്തിലുണ്ട്. ദൈവം പ്രദാനം ചെയ്തിരിക്കുന്ന ഈ പണത്തിന്റേയും കഴിവിന്റേയും സ്വാധീനത്തിന്റെയും ഒരംശം സമുദായത്തിനുവേണ്ടി ചെലവഴിക്കുവാൻ അവർക്ക് ധാർമ്മികമായ ബാദ്ധ്യതയുണ്ട്. അതു മനസ്സിലാക്കി, അല്പംത്യാഗസന്നദ്ധതയോടുകൂടി അവർ മുന്നോട്ടു വന്നു നേതൃത്വം ഏറ്റെടുക്കുകയാണു വേണ്ടതു്. അങ്ങനെ ആത്മാർത്ഥതയോടും ത്യാഗസന്നദ്ധതയോടും കൂടി സമുദായത്തെ സേവിക്കുവാൻ ആരും മുന്നോട്ടു വരുന്നില്ലായെന്നതാണ് സമുദായത്തെ ഇന്നു ബാധിച്ചിരിക്കുന്ന ഏറ്റവും വലിയവിപത്തു്.

സംഘടനാശ്രമങ്ങൾ

കത്തോലിക്കകോൺഗ്രസ് ശക്തിപ്പെടുത്തുന്നതിനു് അവശ്യം ആവശ്യമായിരിക്കുന്നതു് അംഗസംഖ്യ വർദ്ധിപ്പിക്കുകയാണു്. അംഗങ്ങളെ ചേർക്കുന്നതിനും ശാഖകൾ സ്ഥാപിക്കുന്നതിനും ഭാരവാഹികൾ എക്കാലത്തും പരിശ്രമിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ടുകൊല്ലങ്ങളിലെ അനുഭവം പറയുകയാണെങ്കിൽ പ്രസിഡൻറ് ഉൾപ്പടെയുള്ള ഒരു സംഘടനാപാർട്ടി കോതമംഗലം, തൃശ്ശൂർ, എറണാകുളം എന്നീ രൂപതകളിലെ എല്ലാ ഫൊറോനാകളും സന്ദർശിക്കുകയും ഓരോ ഫോറോനായിലും ഒവ്വച്ചു് ഫൊറോനായുടെ കീഴിലുള്ള പള്ളികളിൽ നിന്നുള്ള പ്രതിനിധികളുടെ യോഗങ്ങൾ നടത്തുകയും, ഓരോ ഇടവകയിലും ശാഖകൾ ശക്തിപ്പെടുത്തുന്നതിനും പുതിയതായി അംഗങ്ങളെ ചേർക്കുന്നതിനും കമ്മറ്റികളെ തെരഞ്ഞെടുക്കുകയും ഉണ്ടായിട്ടുണ്ട്. സംഘടനാപാർട്ടി സ്ഥലത്തു ചെന്നപ്പോൾ പ്രകടിതമായ ആവേശവും ഉത്സാഹവും കണ്ടിരുന്നവർ ഇതിനകം കോൺഗ്രസിനു ലക്ഷക്കണക്കിനു് അംഗങ്ങളുണ്ടായിട്ടുണ്ടെന്നും സംശയിച്ചുകാണും. എന്നാൽ 100 അംഗങ്ങൾപോലും ഇതുമൂലം പുതിയതായി ചേർന്നിട്ടില്ലായെന്നതാണു പരമാർത്ഥം. ഒരു വലിയസംഖ്യ കോൺഗ്രസിനു യാത്രച്ചെലവായതുമാത്രം മിച്ചം.

ഈ ലേഖകൻ ഉൾപ്പടെ ഒരു പാർട്ടി രണ്ടു കൊല്ലം മുൻപു വൈക്കം, പള്ളിപ്പുറം, തുപ്പുണിത്തുറ മുതലായ ഫൊറോനകളിലെ ബഹു: വികാരിമാരേയും ഇടവകപ്രതിനിധികളേയും ക്ഷണിച്ചു വരുത്തി ആ ഇടവകകളിൽ കോൺഗ്രസ് ശാഖകൾ സ്ഥാപിക്കുന്നതിനെപ്പറ്റി ആലോചിച്ചു.

എല്ലാവർക്കും വലിയ ഉത്സാഹവും ആവേശവുമായിരുന്നു. ഓരോ ഇടവകയിലും അംഗങ്ങളെ ചേർക്കുന്നതിനായി പ്രത്യേകം കമ്മറിറികളെ തിരഞ്ഞെടുക്കുകയും ചെയ്തു. പക്ഷെ കാര്യമായ യാതൊരു പ്രയോജനവുമുണ്ടായില്ല. ഞങ്ങൾ ബുദ്ധിമുട്ടിച്ചെന്ന ഫൊറോനാ ഇടവകകളിൽപ്പോലും യാതൊരു പ്രവർത്തനവും ഉണ്ടായില്ല. അതിന്റെ കാരണം സംഘടനാശക്തിപ്പെടുത്തണമെന്നു സമുദായാംഗങ്ങൾക്കു താല്പര്യമില്ലാത്തതാണോ, സമുദായസ്നേഹവും ത്യാഗസന്നദ്ധതയുമുള്ള യുവാക്കന്മാർ മുന്നോട്ടിറങ്ങി പ്രവർത്തിക്കാത്തതാണോയെന്നു നാം ഒരു ആത്മശോധനനടത്തുന്നതുനന്നായിരിക്കും. നമ്മുടെ ഏകസംഘടനയായ കത്തോലിക്കകോൺഗ്രസ് ശക്തിപ്പെടേണ്ടതു് നമ്മുടെ ഓരോരുത്തരുടെയും അനുപേക്ഷണീയമായ ആവശ്യവും ചുമതലയുമാണെന്നു് എല്ലാവരും മനസ്സിലാക്കി തദനുസരണം പ്രവർത്തിക്കണമെന്നാണു് എനിക്കു അഭ്യർത്ഥിക്കുവാനുള്ളതു്.

ഇപ്പോൾ കേരളത്തെ മുഴുവൻ 22 മേഖലകളായി തിരിച്ചു് സംഘടനാപ്രവർത്തനങ്ങൾക്കായി ഇരുപത്തിരണ്ടു് ഓർഗനൈസർമാരെ നിയമിച്ചു, അവർ കഴിഞ്ഞമാസംമുതൽ പ്രവർത്തനം ആരംഭിച്ചിരിക്കുകയാണു്, ഇവർക്കു വേണ്ടതു സഹായസഹകരണങ്ങൾ ചെയ്തുകൊടുത്തു് ഈ സംരംഭം വിജയിപ്പിക്കുന്നതിനു ഏവരും പരിശ്രമിക്കേണ്ടതാണു്.

ബ. വൈദികരോടു്

നമുക്കു സുശക്തവും ബലിഷ്ഠവുമായ ഒരു ആദ്ധ്യാത്മിക സംഘടനയുണ്ടു്. തൻമൂലം സാമൂഹ്യസംഘടനയുടെ അനുപേക്ഷണീയത സാമാന്യജനങ്ങൾക്കു പെട്ടെന്നു മനസ്സിലായെന്നു വരുന്നതല്ല. എന്നാൽ ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളും രാഷ്ട്രീയമയമായിത്തീർന്നുകൊണ്ടിരിക്കുന്ന ഇക്കാലത്തു് ആദ്ധ്യാത്മികസംഘടനയ്ക്കു നേരിട്ടു പ്രവേശിച്ചു പ്രവർത്തിക്കുവാൻ സാധിക്കാത്ത പല രംഗങ്ങളുണ്ടെന്നും അതിനു സമുദായസംഘടനതന്നെ വേണമെന്നും ജനങ്ങളെ പറഞ്ഞു മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇതരസമുദായങ്ങളെ അപേക്ഷിച്ചു കത്തോലിക്കാസമുദായത്തിനുള്ള ഒരു പ്രത്യേകത, മറ്റു സമുദായങ്ങൾക്കില്ലാത്ത ഒരു പ്രത്യേകത, നമ്മുടെ വൈദികനേതൃത്വമാണു്. എല്ലാ മണ്ഡലങ്ങളിലുംതന്നെ വൈദികരുടെ നേതൃത്വം അംഗീകരിക്കുകയെന്നതാണു നമ്മുടെ പാരമ്പര്യം. വളരെ പ്രയോജനകരമായ ആ കീഴ്വഴക്കം അഭംഗമായി തുടരുകയാണു വേണ്ടതു്. പക്ഷെ ആ നേതൃത്വം നിലനിൽക്കുന്നകാലത്തോളം ബ. വൈദികർ ആത്മാർത്ഥമായി ശ്രമിക്കാതെ കത്തോലിക്കകോൺഗ്രസ്പോലെയുള്ള ഒരു സാമൂഹ്യസംഘടന ഇടവകകളിൽ സജീവമായി പ്രവർത്തിക്കുകയില്ല. എവിടെയെല്ലാം ബ. വൈദികർ കോൺഗ്രസിനോടു താല്പര്യം കാണിക്കുന്നുവോ അവിടെയെല്ലാം കോൺഗ്രസ് ശാഖ സജീവമായിരിക്കുന്നതായിട്ടാണു് ഇതേവരെയുള്ള അനുഭവം.

ആകയാൽ ബ. വൈദികർ കത്തോലിക്കകോൺഗ്രസുകാര്യത്തിൽ കുറേക്കൂടി താല്പര്യം പ്രകടിപ്പിക്കണമെന്നു് സമുദായത്തിന്റെ നാമത്തിൽ ഞാൻ അഭ്യർത്ഥിച്ചുകൊള്ളട്ടെ. ബ. വൈദികർ ശ്രമിച്ചാൽ ഒരാഴ്ചകൊണ്ടു കേരളത്തിലെ എല്ലാ ഇടവകകളിലും കത്തോലിക്കകോൺഗ്രസിന്റെ ശാഖ സംഘടിപ്പിക്കുവാൻ സാധിക്കും. കേന്ദ്രത്തിൽനിന്നു ചുമതലപ്പെട്ടവർ വന്നു സംഘടന ശരിപ്പെടുത്തുകയെന്നുവച്ചാൽ 365 ദിവസവും തുടരെ പരിശ്രമിച്ചാലും ഒരു കൊല്ലത്തിൽ 100ശാഖകൾ സംഘടിപ്പിക്കുവാൻ കഴിഞ്ഞു എന്നു വരികയില്ല. ഇടവകയിലെ ത്യാഗസന്നദ്ധരും സേവനനിരതരുമായ ആളുകൾ ആരൊക്കെയാണെന്നു ബ. വൈദികർക്കു നല്ലതുപോലെ അറിയാം. പുറമെനിന്നു വരുന്നവർക്കു അതറിയുവാൻ സാധ്യമല്ലല്ലൊ, അങ്ങനെ സേവനനിരതരായ ചെറുപ്പക്കാരെ വിളിച്ചു്, കോൺഗ്രസ് സംഘടനാപ്രവർത്തനം അവരെ ചുമതലപ്പെടുത്തിയാൽ വളരെ എളുപ്പത്തിൽ ഇക്കാര്യം സാധിക്കാവുന്നതാണു്. വേണ്ടിവന്നാൽ ബ. വൈദികർതന്നെ നേരിട്ടിറങ്ങിയും ചെയ്യേണ്ട ഒരു കാര്യമാണിതെന്നാണു് എന്റെ ബലമായ അഭിപ്രായം. സമുദായത്തിനു ഏൽക്കുന്ന വിപത്തു് ഏറ്റം കൂടുതലായി ബാധിക്കുന്നതു ബ. വൈദികരെയായിരിക്കുമെന്നതിനാൽ സ്വന്ത താല്പര്യസംരക്ഷണത്തിനുതന്നെ അവർ ഇതു ചെയ്യേണ്ടതാണു്.

കത്തോലിക്കകോൺഗ്രസിനു് ഒരു 100 അംഗങ്ങളെങ്കിലും ചേരുവാൻ സൗകര്യമില്ലാത്ത ഇടവകകൾ വളരെ കുറച്ചേ കേരളത്തിലുള്ളു. ഇടവകകളെ പല വാർഡുകളായി വിഭജിച്ചു് ഓരോ വാർഡിലെയും പ്രവർത്തനത്തിനു ഒരു കമ്മറിറിയെ നിയമിക്കുകയും, ആ കമ്മറിറിവഴി ശാഖാപ്രവർത്തനം ഉജ്ജീവിപ്പിക്കുകയും ചെയ്യാം. ശാഖാപ്രവർത്തനങ്ങൾക്കായി കോൺഗ്രസ് വിഭാവനംചെയ്തിട്ടുള്ള വായനശാല, സ്റ്റോട്ട്സ്, വിനോദങ്ങൾ ചർച്ചാക്ലാസ്സുകൾ മുതലായ പരിപാടികൾ ഓരോ ഇടവകയിലും നടപ്പിൽവരുത്തുന്നപക്ഷം; ശാഖ സജീവമായിരിക്കുകയും, ഇടവകയിലെ ആബാലവൃദ്ധം ജനങ്ങൾ ശാഖയിലേക്കു് ആകൃഷ്ടരാക്കപ്പെടുകയും ചെയ്യും. ശാഖകളിലൂടെ നമ്മുടെ ഇടവകകളെ കത്തോലിക്കാ പ്രവർത്തനത്തിന്റെ സജീവകേന്ദ്രങ്ങളായി രൂപാന്തരപ്പെടുത്തുകയും ചെയ്യാം.

പുതിയ ഭരണഘടന

ഇങ്ങനെ സജീവമായിത്തീരുന്ന ഇടവകശാഖകൾ രൂപതാടിസ്ഥാനത്തിൽ സംഘടിപ്പിച്ചു് രൂപതാസംഘങ്ങൾ ഉണ്ടാക്കുന്നതിനും രൂപതാസംഘങ്ങൾചേർന്നു് അഖിലകേരള കത്തോലിക്കകോൺഗ്രസായി പ്രവർത്തിക്കുന്നതിനുമാണു് പുതിയ ഭരണഘടനയിൽ വ്യവസ്ഥചെയ്തിരിക്കുന്നതു്. നമ്മുടെ അഭിവന്ദ്യവൈദികമേലദ്ധ്യക്ഷന്മാരുടെ ആഗ്രഹമനുസരിച്ചാണു് ഇങ്ങനെ ഒരു ഭേദഗതി വരുത്തിയിട്ടുള്ളതു്. പല രീതികളിലും പല വിഭാഗങ്ങളിലുമായി കഴിയുന്ന കേരളകത്തോലിക്കർക്കു വിഭാഗീയതാല്പര്യങ്ങൾക്കു ഹാനികരമല്ലാത്തരത്തിൽ, ഏകോപിച്ചനിന്നു പൊതുതാല്പര്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കുവാൻ ഈ ഭരണഘടന അത്യധികം സഹായിക്കുന്നു; ആകയാൽ രീതിവ്യത്യാസമോ രൂപതാവ്യത്യാസമോ നോക്കാതെ എല്ലാവർക്കും ഇനി കത്തോലിക്ക കോൺഗ്രസിന്റെ കൊടിക്കീഴിൽ സംഘടിക്കാം.

ഓരോ രൂപതയ്ക്കും ഓരോ വർക്കിംഗ്കമ്മറിറി ഉണ്ടായിരിക്കുന്നതും അവയ്ക്കു് അതാതു രൂപതയുടെ ആവശ്യങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കാവുന്നതുമാണു്. ഓരോ രൂപതയിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഓരോ അംഗവും കേന്ദ്ര വർക്കിംഗ്കമ്മറിറിയിലെ അംഗമായിരിക്കും. ഇങ്ങനെ ഫെഡറേറ്റുചെയ്ത കേന്ദ്രകമ്മറിറി സമുദായത്തിന്റെ പൊതുതാല്പര്യത്തിനു വേണ്ടതെല്ലാം ചെയ്യുന്നതുമാണു്.

ഈ ഘട്ടത്തിൽ ക്നാനായ കത്തോലിക്ക മഹാജനസഭയെപ്പററിയും ഒരു വാക്കു്. കത്തോലിക്ക കോൺഗ്രസുമായി അഫിലിയേറുചെയ്തിരുന്ന ആ സംഘടന വാർഷികഫീസടയ്ക്കാത്ത കാരണത്താൽ, പിരിഞ്ഞുപോകേണ്ടിവന്നതു നിർഭാഗ്യമെന്നേ പറയാനുള്ളു. ക്നാനായ കത്തോലിക്കർക്കും പൊതുവായ ആവശ്യങ്ങൾ ഉണ്ടെന്നും, അവ പരിഹരിക്കുന്നതിനുള്ള എളുപ്പമാർഗ്ഗം പൊതുവായ സംഘടനതന്നെയാണെന്നും മനസ്സിലാക്കി ആ സംഘടന വീണ്ടും അഫിലിയേറുചെയ്യുമെന്നു ഞാൻ പ്രത്യാശിക്കുന്നു. നസ്രാണി ക്ഷേമസമാജം, മലങ്കര സിറിയൻ കത്തോലിക്ക കോൺഗ്രസ്, ലത്തീൻകത്തോലിക്ക മഹാജനസഭ മുതലായ സംഘടനകൾക്കും ഇങ്ങനെ അഫിലിയേറു ചെയ്യാവുന്നതാണു്. അതിനുള്ള വ്യവസ്ഥകളും പുതിയ ഭരണഘടനയിലുണ്ടു്.

ഹെഡ്ഓഫീസു്

കേരളകത്തോലിക്കരുടെ ഏക പൊതുസംഘടനയായ ഈ കോൺഗ്രസു് ഏതാണ്ടു് അര നൂറ്റാണ്ടുകാലമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എങ്കിലും ഇന്നുവരെ സ്വന്തമായി ഇതിനൊരു ഹെഡ്ഓഫീസുകെട്ടിടം പണിയാൻ സാധിച്ചില്ല എന്നുള്ളതു് ഒരു വലിയ പോരായ്കതന്നെയാണു്. കോൺഗ്രസ്സിന്റെ കാഞ്ഞിരപ്പള്ളി വാർഷികസമ്മേളനം കത്തോലിക്ക കോൺഗ്രസിനു ഒരു ഹെഡ്ഓഫീസുണ്ടാക്കുന്നതിലേക്കുവേണ്ടി ഒരു കമ്മറിറിയെ തെരഞ്ഞെടുത്തിരുന്നു. ഇവർ ചില ശ്രമങ്ങൾ ഒക്കെ ചെയ്തു. ഏതാണ്ടു് അരലക്ഷം രൂപാ മുടക്കി കോട്ടയത്തു് 16 വർഷം മുൻപു് ഒരു സ്ഥലം വാങ്ങിച്ചിട്ടുണ്ടു്. ഇതു് കാതോലിക്ക ട്രസ്റ്റ് എന്ന ഒരു കമ്പനിയുണ്ടാക്കി അതിന്റെ കീഴിലാക്കിയിരിക്കുകയാണു്. ഏതായാലും ഇതുവരെ ഹെഡ്ഓഫീസുപണി

ശവസംസ്കാരം

ക്രൈസ്തവരുടെ മൗലികാവകാശം.

ഇതു നിഷേധിക്കുവാൻ ചിലർക്കു വ്യഗ്രത.

(ഈ. പി. വറുഗീസ്, എം. ഏ. ബി. എൽ.)

മൃതദേഹങ്ങൾ ഭൂമിയിൽ സംസ്കരിക്കയെന്നതു ക്രൈസ്തവരും മുസ്ലീങ്ങളും അനുഷ്ഠിച്ചുപോരുന്ന ഒരു പുരാതന മതാചാരമാണു് ഇതിനെ തടയുന്നതു് ആ മതാനുയായികളെ പീഡിപ്പിക്കുന്നതിനായിട്ടാണു്. ഇങ്ങനെയുള്ള ഒരു മതപീഡനം ഇന്ത്യൻ ഭരണഘടനയ്ക്കു വിരുദ്ധമാണു്. മതസ്വാതന്ത്ര്യം ഉറപ്പുനൽകുന്ന ഇന്ത്യൻ ഭരണഘടനയുടെ 25-ാം വകുപ്പിൽ മൃതദേഹ സംസ്കാരവുമുൾപ്പെട്ടതാം. ഈ മൗലികാവകാശത്തിനുള്ള നിയന്ത്രണം ഇതിന്റെ പ്രയോഗം പൊതുസമാധാനത്തിനും സന്മാർഗ്ഗത്തിനും പൊതുജനാരോഗ്യത്തിനും വിഘാതമാകരുതെന്നു മാത്രമാണു്. ഇതേ നിയന്ത്രണങ്ങൾക്കു വിധേയമായി മതാവശ്യങ്ങൾക്കുവേണ്ടി സ്ഥാപനങ്ങളുണ്ടാക്കുവാനും സംരക്ഷിച്ചു കൊണ്ടുപോകുവാനും ഏതൊരു മതവിഭാഗത്തിനും മൗലികാവകാശമുണ്ടെന്നു 26—ാംവകുപ്പിലും പറയുന്നു. ഏതൊരു നിയമവും ദുരുപയോഗിക്കുവാൻ നിയമം നടത്തുന്നവക്കു് സാധിക്കും. നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ടുതന്നെ നിരവധി വിഘാതങ്ങളുണ്ടാക്കി ഏതൊരു മൗലികാവകാശത്തെയും നിഷ്പ്രയോജനമാക്കുവാൻ ഉദ്യോഗസ്ഥന്മാക്കു സാധിക്കും. ഈ പ്രവണത കേരളത്തിലെ ഉദ്യോഗസ്ഥന്മാക്കും വിശിഷ്യ തിരുവിതാംകൂറുകാരായ ഉദ്യോഗസ്ഥന്മാക്കും കൂടുതലാണു്. ഇതു തിരുവിതാംകൂറിലെ ഭരണാധികാരികളിൽനിന്നും പരമ്പരാഗതമായി ലഭിച്ചതായിരിക്കണം. ക്രൈസ്തവരുടെ മൃതദേഹങ്ങൾ മതവിധിയനുസരിച്ചു തയ്യാറാക്കപ്പെട്ട പ്രത്യേക സ്ഥലങ്ങളിലേ സംസ്കരിക്കുവാൻ പാടുള്ളുവെന്നതു കേരളീയർക്കു നല്ലപോലെ അറിയാവുന്ന ഒരു കാര്യമാണു്. ജനസംഖ്യ വർദ്ധിച്ചുവരുന്നതിനോടനുസരിച്ചു ദേവാലയങ്ങളും സിമിത്തേരികളും ക്രൈസ്തവർക്കും മുസ്ലീങ്ങൾക്കും കൂടുതലായാവശ്യമുണ്ടു്. ഈയാവശ്യത്തിനു പ്രതിബന്ധങ്ങൾ നേരിടുവിക്കുന്ന നിയമങ്ങളും നടപടികളും തിരുവിതാംകൂറിൽ ധാരാളമായിരുന്നു. എന്നാൽ ആ നിയമങ്ങളും നടപടികളും ഇന്ത്യൻ ഭരണഘടനയുടെ ആവിർഭാവത്തോടുകൂടി ദുർബലങ്ങളായിരിക്കയാണു്. തിരുവിതാംകൂറിൽ ഇപ്രകാരമുള്ള നിയന്ത്രണങ്ങളാദ്യമായുണ്ടാക്കിയതു് കൊല്ലവർഷം

നടത്തുവാൻ സാധിച്ചിട്ടില്ലെന്നുള്ളതാണു പരമാർത്ഥം. ഒരു കത്തോലിക്കാസെൻറർ, ഇൻഫൊർമേഷൻബ്യൂറോ, ഒരു കത്തോലിക്ക എംപ്ലോയിമെൻറു ബ്യൂറോ മുതലായ പലതും ഈ ആഫീസിനോടനുബന്ധിച്ചു നടത്തേണ്ടതാണു്. വാടകയ്ക്കു കൊടുക്കാവുന്ന കുറെ മുറികളും അവശ്യം ഉണ്ടായിരിക്കേണ്ടതാണു്.

ട്രസ്റ്റുവകയായിരിക്കുന്ന സ്ഥലം വിട്ടുകിട്ടുന്നപക്ഷം ഒരു കൊല്ലത്തിനകം മനോഹരമായ ഒരു ഹെഡ്ഓഫീസ് അവിടെ നിർമ്മിക്കുവാൻ സാധിക്കുമെന്നാണു് എന്റെ പ്രതീക്ഷ. ആഫീസുനിർമ്മാണത്തിലേയ്ക്കു് ആകർഷകമായ ഒരു തുക സംഭാവനചെയ്യാമെന്നു നാലഞ്ചു വ്യക്തികൾ ഈ ലേഖകനോടുതന്നെ പറയുകയുണ്ടായി. അതുപോലെ വേറെ പലരും മുന്നോട്ടു വരുമെന്നുള്ളതിനു സംശയമില്ല. പോരാതെവരുന്നപണം ഒരു ലോട്ടറിനടത്തി ശേഖരിക്കാവുന്നതാണു്. ആയതിനാൽ ഏതുവിധവും അൻപതുകൊല്ലത്തെ പാരമ്പര്യമുള്ള കത്തോലിക്കകോൺഗ്രസിന്റെ ഈ അടിയന്തിരാവശ്യം സാധിക്കുന്നതിനു സമുദായനേതാക്കന്മാരുടെ സത്വരശ്രദ്ധ പതിയണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

സാമ്പത്തികനില

സമുദായത്തിനു ഗുണകരമായ പലതും ചെയ്യണമെന്നു കത്തോലിക്കകോൺഗ്രസിനു് ആഗ്രഹമുണ്ടു്. പല നല്ല പദ്ധതികളും അതു് ആസൂത്രണം ചെയ്തിട്ടുണ്ടു്. പക്ഷെ നടപ്പിൽ വരുത്തുന്നതിനു പണം വേണം. കത്തോലിക്ക കോൺഗ്രസിനു ആകെയുള്ള വരുമാനമാർഗ്ഗം അംഗങ്ങളുടെ വരിസംഖ്യയാണു്. പുതിയ ഭരണഘടനയനുസരിച്ചു് ഒരു സാധാരണ സാമാജികനിൽനിന്നും 12 നയാപൈസയാണു് കേന്ദ്രത്തിനു ലഭിക്കുന്നതു്. ഇക്കണക്കിനു കൃത്യമായി വരിസംഖ്യ അടക്കുന്ന അൻപതിനായിരം സാധാരണ സാമാജികരുണ്ടായിരുന്നാൽ ആഫീസുചെലവുകൾ ഒരുവിധം സാധിക്കാമെന്നേയുള്ളു. എന്നാലും പ്രവർത്തനത്തിനുവേണ്ട പണം വേറെ ഉണ്ടാകേണ്ടിയിരിക്കുന്നു.

ഒരു വിജ്ഞാനകേന്ദ്രം, അഭ്യസ്തവിദ്യരായ ചെറുപ്പക്കാക്കു തൊഴിൽ അന്വഷിച്ചു കൊടുക്കത്തക്ക ഒരു എംപ്ലോയിമെൻറു ആഫീസു്, കടിയേറിത്താമസിക്കുന്നവക്കു സഹായം നൽകത്തക്ക ഒരു കോളനൈസേഷ്യൻ ആഫീസു്, സൽസാഹിത്യം പ്രചരിപ്പിക്കുന്നതിനുതകുന്ന ഒരു പ്രസിദ്ധീകരണശാലയും മുദ്രണാലയവും, ഉപരിവിദ്യാഭ്യാസം നടത്തുന്നതിനു് ആഗ്രഹിക്കുന്നവക്കു് ഉപദേശവും സാമ്പത്തികസഹായവും നൽകത്തക്ക ഒരു എഡ്യൂക്കേഷൻ ബ്യൂറോ മുതലായി ഇന്നു അത്യന്താപേക്ഷിതമായിരിക്കുന്ന പല പ്രസ്ഥാനങ്ങളും ഏറെറടുത്തു നടത്തുവാൻ കോൺഗ്രസ് തയാറാണു്. പക്ഷെ പണമില്ലാതെ ഒന്നും നടക്കുകയില്ല.

നമ്മുടെ സമുദായത്തിൽ സാമ്പത്തികമായി ഉയർന്നിലയിലെത്തിയിട്ടുള്ള അനേകമനേകം വ്യക്തികളും ഇടവകകളും സ്ഥാപനങ്ങളും ഉണ്ടു്. പൊതുനന്മയ്ക്കുവേണ്ടി അവർ ഉദാരമായി സംഭാവന നൽകുമെങ്കിൽ ഇത്തരം പ്രസ്ഥാനങ്ങൾ നടപ്പിൽ വരുത്താവുന്നതാണു്. പദ്ധതിയുണ്ടു്, പ്രവർത്തിക്കാനാളുണ്ടു്, പ്രവർത്തനത്തിനുവേണ്ട പണംമാത്രം ഉണ്ടായാൽ മതി. നമ്മുടെ ഇടവകകളും, സ്ഥാപനങ്ങളും, സമ്പന്നരും, ഒരു വാർഷികസംഭാവന നൽകുന്ന സമ്പ്രദായം സ്വീകരിച്ചാൽ എത്ര നന്നായിരുന്നു. ആകയാൽ സമുദായത്തിന്റെ ഇന്നത്തെ ആവശ്യങ്ങളെ സമുദായസ്നേഹികളുടെ അവഗാഢമായ ശ്രദ്ധക്കു ഞാൻ വിഷയീഭവിപ്പിച്ചുകൊള്ളട്ടെ.

സമുദായം എന്തുചെയ്യണം. നമുക്കു എന്തു പ്രയോജനമുണ്ടായിട്ടെന്നുള്ള പ്രഥമമായി ചിന്തിക്കേണ്ടതു്, നേരെമറിച്ചു ഓരോരുത്തരും സമുദായത്തോടു ചെയ്യുവാൻ ഉള്ള കടമ അനുസരിച്ചു എന്തുചെയ്യണമെന്നു ചിന്തിച്ചു് അവനവനാൽ കഴിയുന്ന വിധത്തിൽ സമുദായത്തിനു ചെയ്യുന്നതിനായി അഹമഹമികയാ മുന്നോട്ടു വരണമെന്നുൽബോധിപ്പിക്കുകയും ചെയ്തുകൊള്ളുന്നു.

1004-ാമാണ്ട മകരമാസം 23-ാംനു-യിലെ രാജകീയ വിളംബരംവഴിയാണു്. അതിലെ സംഗതമായ ഭാഗം ഇപ്രകാരമാണു്.

"പത്മനാഭസേവിനി വഞ്ചിധമ്മവദ്ധിനീ രാജ രാജേശ്വരി റാണി പാർവ്വതീഭായി മഹാരാജാവവർകൾ നകലമാനജനങ്ങൾക്കും പ്രസിദ്ധപ്പെട്ടുത്തുന്ന വിളംബരം.

നമ്മുടെ രാജ്യത്തുള്ള പ്രജകൾ അവരവരുടെ മതമര്യാദ അനുസരിച്ചു യാതൊരു വ്യത്യാസവും കൂടാതെ നടക്കുന്നതിനും ആയതിന്റെ മുറകൾ ന്യായപ്രകാരം ആയാളുകൾ ശരിയായിട്ടു നടത്തുന്നതിനും വേണ്ടുന്ന ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുന്നതിനു നമുക്കു മനസ്സാകുന്നു എങ്കിലും ഏതു മതത്തിൽ ചേർന്നവരാകട്ടെ അവരവർക്കു ബോധിച്ചതിനുള്ളും ക്ഷേത്രങ്ങളും കിരിസ്തുമാർഗ്ഗത്തിൽ ചേർന്ന പള്ളികളും പള്ളിക്കുടങ്ങളും തുലുക്കുമാർഗ്ഗത്തിൽചേർന്ന പള്ളികളും മറ്റു ഇതിൻവണ്ണം കർമ്മം നടക്കുന്ന സ്ഥലങ്ങൾ മുറപ്രകാരം പണ്ടാരവക ഉത്തരവുകൂടാതെ യാതൊരുത്തരും ഒണ്ടാക്കുകയും അരുതു്. ആ വക സ്ഥലങ്ങൾ ഉണ്ടാക്കുന്നതിനു് ആവശ്യം ഉണ്ടായിരുന്നാൽ പണ്ടാരവകയുദ്യോഗസ്ഥന്മാർമുഖാന്തിരം മുറപ്രകാരം ബോധിപ്പിച്ചാൽ ആ സംഗതികൾ നല്ലവണ്ണം വിചാരിച്ചുനോക്കി മറ്റുള്ള ജാതിക്കാർക്കു ഒരു അസഖ്യത്തിനും ഇടയില്ലാതെ ഇരിക്കുന്ന സ്ഥലമായിട്ടു നിശ്ചയിച്ചുകൊട്ടുക്കുകയും ചെയ്യും. എന്നു 1004-ാമാണ്ട മകരമാസം 23-ാംനു-

സിമിത്തേരികൾ സ്ഥാപിക്കുന്നതിനെപ്പറ്റി ഇതിൽ യാതൊരുവ്യവസ്ഥയുമില്ലെന്നു വ്യക്തമാണല്ലൊ.

ഈ വിളംബരത്തെ 13-4-1074-ലെ മറ്റൊരു വിളംബര വഴി ഭേദഗതിചെയ്തുകയുണ്ടായി. ആ വിളംബരത്തിലും സിമിത്തേരികൾ സ്ഥാപിക്കുന്നതിനെപ്പറ്റി പ്രത്യേകമായി യാതൊരു വ്യവസ്ഥയുമില്ല. പൊതു ആരാധനസ്ഥലങ്ങൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷകളെയും അവയിന്മേലുള്ള നടപടികളെയും പറ്റി മാത്രമാണു് ആ വിളംബരത്തിൽ പറഞ്ഞിരിക്കുന്നതു്. എന്നാൽ ഈ വിളംബരത്തിന്റെ അനുബന്ധമായി കൊടുത്തിരിക്കുന്ന അപേക്ഷാഫോറത്തിന്റെ 4-ാംകോളത്തിൽ "ദേവാലയത്തോടുകൂടി സിമത്തേരിയുണ്ടോയെന്നും ഉണ്ടെങ്കിൽ അതു സ്ഥാപിക്കുന്ന സ്ഥലത്തിന്റെ പ്രത്യേകവിവരങ്ങളും' എന്നു് ഒന്നുണ്ടു്. ഇതിനെ അടിസ്ഥാനമാക്കി സിമിത്തേരികൾ അനുവദിക്കയോ നിഷേധിക്കയോ ചെയ്യുന്ന ഒരു നടപടി നടപ്പിൽവന്നുവെന്നുവരികിലും ഇതുകൊണ്ടു സിമിത്തേരികൾ അനുവാദംകൂടാതെ ഉണ്ടാക്കിക്കൂടെന്നു വരുന്നില്ല. ഈ അപേക്ഷകളനുസരിച്ചുള്ള പല ഉത്തരവുകളിലും സിമിത്തേരി അനുവദിക്കുന്നില്ലെന്നുകൂടി എഴുതിയതായി അനുഭവമുണ്ടു്. ഇപ്രകാരം അനുമതി പ്രത്യേകം നിഷേധിച്ചിട്ടും ഒരു സിമിത്തേരി സ്ഥാപിച്ച ഒരു ദേവാലയാധികൃതരെ തടയുന്നതിനായി സർക്കാർ വാദിയായി സിവിൽ അന്യായം കൊടുത്തു് ഇഞ്ചംക്ഷൻ ഉത്തരവു വാങ്ങിച്ചതിനെ ശരിവച്ചതായി തിരുവിതാംകൂർ ഹൈക്കോർട്ടിൽ 1110-ൽ ഒരു വിധിയുണ്ടായിട്ടുണ്ടു്. 9 Travancore Law Times 294 ദേവാലയങ്ങളനുവദിച്ചതുതന്നെ സിമിത്തേരി കൂടാതെയെന്ന വ്യവസ്ഥയിലാകയാൽ ആ വ്യവസ്ഥ ലംഘിച്ചതിനാൽ ഇഞ്ചംക്ഷൻ അനുവദനീയമെന്നാണു് വിധിന്യായം.

സിമിത്തേരികളുടെ സ്ഥാപനത്തെ നിയന്ത്രിക്കുന്നതിനു നിയമങ്ങളില്ലെന്നുകണ്ടിട്ടു തിരുവിതാംകൂർ ഗവമ്മെണ്ടു് 1930 മാർച്ചു് 18 (1105 മീനം 4)-ാംനു-യിലെ ഗസറ്റിൽ തിരുവിതാംകൂർ ശിക്ഷാനിയമം 192-ാം വകുപ്പനുസരിച്ചുള്ള ചട്ടങ്ങളെന്നുംപറഞ്ഞു് ഒരു പരസ്യംചെയ്തു. ഈ പരസ്യം ഗവമ്മെണ്ടിന്റെ മുൻ അനുവാദംകൂടാതെ യാതൊരുത്തരും ദേവാലയങ്ങളോടു ബന്ധിച്ചു യാതൊരു സിമിത്തേരിയും ഉണ്ടാക്കുകയോ അനുവാദംകൂടാതെ സ്ഥാപിച്ച സിമിത്തേരികൾ തുടർന്നുപയോഗിക്കയോ ചെയ്തുകൂടെന്നായിരുന്നു. ഈ പരസ്യത്തെ അടിസ്ഥാനമാക്കി, ഒരു ക്രൈസ്തവവൈദികനെ അനുവാദമില്ലാതെ സ്ഥാപിച്ച സിമിത്തേരിയിൽ ശവസംസ്കാരം നടത്തിയതിനു ഗവമ്മെൻറു 182-ാംവകുപ്പനുസരിച്ചു കേസുകൊടുത്തു ശിക്ഷിക്കയുണ്ടായി. ഇതിന്മേൽ ഹൈക്കോർട്ടിൽ ഉണ്ടായ റിവിഷൻ ഹർജി ഒരു ഫുൾബെഞ്ചു കേൾക്കയും പീനൽകോഡ് 182-ാംവകുപ്പനുസരിച്ചു സിമിത്തേരികളെ സംബന്ധിച്ച പരസ്യങ്ങളൊ ചട്ടങ്ങളൊ ഉണ്ടാക്കുവാൻ ഗവമ്മെൻറിനധികാരമില്ലെന്നു വിധിക്കയും ശിക്ഷ അസ്ഥിരപ്പെടുത്തുകയും ചെയ്തു. T. L. T. 1219-തിരുവിതാംകൂർ പീനൽകോഡിലെ 182-ാംവകുപ്പുപോലുള്ള ഒന്നു ഇന്ത്യൻ പീനൽ കോഡിലില്ല. ഈ ഫുൾബെഞ്ചുവിധിയെ ആദരിച്ചു 1112-ലും ഹൈക്കോടതി കത്തോലിക്കർ സിമിത്തേരി അനുമതി കൂടാതെ സ്ഥാപിച്ചതിനുള്ള ഒരു ശിക്ഷ അസ്ഥിരപ്പെടുത്തുകയുണ്ടായി. II T. L. T. 827.

ഇങ്ങനെ ക്രൈസ്തവരുടെ ശവസംസ്കാരം തടയുന്നതിനുള്ള ശ്രമം ഫലപ്രദമാകാതെ വരുന്നതിനെ കണ്ടുപീനൽകോഡിലെ 182-ാംവകുപ്പുതന്നെ 1117-ൽ ഭേദഗതി ചെയ്തു. പൊതു ആരാധനസ്ഥലങ്ങളെയൊ സിമിത്തേരി ശ്മശാനം മുതലായവയെയോ സംബന്ധിച്ചു ഗവമ്മെണ്ടു ചെയ്യുന്ന വിളംബരങ്ങളും പരസ്യങ്ങളും ഉണ്ടാക്കുന്ന ചട്ടങ്ങളും ലംഘിക്കുന്നതു് ശിക്ഷാർഹമാണെന്നും ആ കുറ്റത്തിനു 500 രൂപയിൽ കുറയാത്ത ശിക്ഷ നൽകാമെന്നുമാണു് 18-ാംവകുപ്പിനെ ഭേദഗതി ചെയ്തതു്. ഈ ഭേദഗതിയെ ആസ്പദമാക്കി ദേവാലയങ്ങളും സിമിത്തേരികളും സ്ഥാപിക്കുന്നതുസംബന്ധിച്ചുള്ള ചട്ടങ്ങൾ 7-4-1946-ൽമാത്രമാണു് പരസ്യം ചെയ്തതു്. ഇങ്ങനെ 1930-ൽ ഉണ്ടാക്കിയ ചട്ടങ്ങൾ അസാധുവാണെന്നു് ഹൈക്കോടതി 1935-ൽ വിധിച്ചശേഷം 1946-ൽ മാത്രമെ വീണ്ടും ചട്ടങ്ങൾ നടപ്പിലാക്കിയുള്ളു. ഇതിനിടയ്ക്കു് 1944-ൽ അനുവാദംകൂടാതെയുള്ള സ്ഥലത്തു ഒരു ശവസംസ്കാരം നടത്തിയ ഒരു മാർത്തോമ്മ സഭാവൈദികനെ ശിക്ഷിച്ചതിനെ 1947-ൽ ഹൈക്കോടതി അസ്ഥിരപ്പെടുത്തുകയുണ്ടായി. 21 T. L. T. 95. ഈ വൈദികനെ അനുവാദംകൂടാതെ ദേവാലയവും സിമിത്തേരിയുംസ്ഥാപിച്ചതിനും അതുവഴി പൊതുജനശല്യം Public nuisance ഉണ്ടാക്കിയതിനുമാണു് ശിക്ഷിച്ചതു്. എല്ലാവ

കൂപ്പിനും പിഴയായിരുന്ന ശിക്ഷ. ധീരനായ ഈവൈദികൻ റവ. മത്തായി കരീശ, പിഴ അടയ്ക്കാതെ അതിനു പകരമുള്ള കടുവശിക്ഷ അനുഭവിക്കുവാനാണ് തയ്യാറായത്. ഈ ശിക്ഷാവിധിയിന്മേലുണ്ടായ റിവിഷൻഹർജി കേട്ട ചീഫ് ജസ്റ്റീസായിരുന്ന ശ്രീ ടി. എം. കൃഷ്ണസ്വാമിഅയ്യരുടെ ഏതൽക്കാര്യത്തിലുള്ള അഭിപ്രായം ശ്രദ്ധേയമാണ്.

"If the neighbour's well was polluted it was only a private nuisance..The dead body was not exposed and the public health did not suffer. The dead body must be buried somewhere or other. There is evidence in the case that the dead bodies of the father and grand-father of P. W. 2 lay buried in his own compound. As pointed out in 9 T. L. T. 1219 F. B. case dead bodies have to be buried or cremated. It is a social and moral and religious duty that one generation owes to the deceased human habitations of a prior generation" ഇതിൽ പറയുന്ന ഫുൾബഞ്ചു വിധിയിൽ ശവസംസ്കാരത്തെപ്പറ്റി പറയുന്നത് ഇപ്രകാരമാണ്.

"It is conceded that burial of the dead is a religious and social duty in which a priest of the religious body to which the deceased adhered may validly participate. It is also conceded that if the persons in whom the property in which the cemetery is vested consent to the burial there, the user of their own land cannot be prohibited any more than the user of their own chattels, unless that user involves a crime, a tort or a breach of contract" മേൽപ്പറഞ്ഞ മറെറാരു ഹൈക്കോർട്ട് വിധിയിലും (9 T. L. T. 294 a) 310 and 311) ശവസംസ്കാരത്തെപ്പറ്റി ജസ്റ്റീസ് സി. രാമൻമേനോൻ ഇപ്രകാരം പറയുന്നു. "In fact it is well known that Christians can bury their dead only on consecrated ground. The remedy by prosecution is embarrassing not only to the prosecutor but to the community as well. If every act of violation of the condition of sanction is to be followed by a prosecution there will be no end; for deaths in a community occur frequently."

1947-ൽ ഇന്ത്യ ഒരു സ്വതന്ത്രരാഷ്ട്രമായപ്പോൾ തിരുവിതാംകൂറിൽ ദേവാലയങ്ങളും സിമിത്തേരികളും സംബന്ധിച്ചു നിലവിലുണ്ടായിരുന്ന നിയമങ്ങൾ 1074-ലെ രാജകീയവിളംബരവും തിരുവിതാംകൂർ പീനൽകോഡിലെ 182-ാംവകുപ്പും 1946 ഏപ്രിൽ 6-ാംതീയതിയും1949-ലും ഗവണ്മെൻറു ഉണ്ടാക്കി ഗസറിൽ പരസ്യം ചെയ്ത ചട്ടങ്ങളുമാണ്. ഇവയെല്ലാംതന്നെ, വിശിഷ്യ തിരുവിതാംകൂർ പീനൽകോഡ് 182-ാം വകുപ്പും അതനുസരിച്ചുള്ള 1946-ലെയും 1949-ലെയും ചട്ടങ്ങളും ഇൻഡ്യൻ പീനൽ കോഡും 1-4- 1961-ൽ തിരുക്കൊച്ചി സംസ്ഥാനത്തേക്കും വ്യാപകമാക്കിയതോടുകൂടി ദുർബലമായി. 1961 മുതൽ ഇന്നേവരെ സിമിത്തേരികൾ സ്ഥാപിക്കുന്നതിനെ ബാധിക്കുന്ന യാതൊരു നിയമവുമില്ല.

ഇന്ത്യ ഒരു സ്വതന്ത്ര ജനകീയ ജനാധിപത്യരാഷ്ട്രമായി തീരുകയും മനുഷ്യാവകാശപ്രഖ്യാപനങ്ങളെ ആസ്പദമാക്കിയുള്ള മൗലികാവകാശങ്ങൾ ഉറപ്പുനൽകുന്ന ഒരു ഭരണഘടന പ്രാബല്യത്തിൽ വരികയും ചെയ്തതോടുകൂടി ന്യൂനപക്ഷങ്ങളുടെ താല്പര്യങ്ങൾ സുരക്ഷിതമാണെന്നു പലരും വിശ്വസിച്ചിരുന്നു. എന്നാൽ അവരുടെ രാഷ്ട്രീയ താല്പര്യങ്ങൾ മാത്രമല്ല മതതാല്പര്യങ്ങൾ പോലും വകവച്ചു കൊടുക്കുവാൻ തയ്യാറില്ലാത്ത ഒരു മനസ്ഥിതി ഇനിയും പലരിലുമവശേഷിക്കുന്നതായിട്ടാണ് അനുഭവം വിളിച്ചുപറയുന്നത്. മറുവിധത്തിൽ ക്രൈസ്തവരുടെ ശവസംസ്കാരം തടയുവാൻ സാദ്ധ്യമല്ലെന്നു കണ്ടപ്പോൾ പൊതുജനാരോഗ്യത്തിന്റെ (Public Health) പേരിലും പൊതുസമാധാനത്തിന്റെ പേരിലും തടസ്സങ്ങളുണ്ടാക്കുവാൻ തുടങ്ങി. മറു ചില വിഭാഗങ്ങൾ അവരുടെ മൃതദേഹങ്ങൾ അവർ താമസിക്കുന്ന സ്ഥലങ്ങളിൽത്തന്നെ മറവുചെയ്യുന്ന പതിവുണ്ട്. ഇതു മേൽ ഉദ്ധരിച്ച ചീഫ് ജസ്റ്റീസു് ശ്രീ കൃഷ്ണസ്വാമി അയ്യരുടെ വിധിയിൽനിന്നും കാണാവുന്നതാണ്. എന്നാൽ കേരളത്തിലെ ക്രൈസ്തവർ പ്രത്യേകം മതിൽകെട്ടി സൂക്ഷിച്ചുവരുന്ന സിമിത്തേരികളിൽപ്പോലും ശവസംസ്കാരം നടത്തുന്നതു പൊതുജനശല്യമാണെന്നാണ് പുതിയ കണ്ടുപിടുത്തം. ഇതിനിപ്പോൾ ആശ്രയിക്കുന്നതു് 1955-ലെ 16-ാംആക്ടായ പൊതുആരോഗ്യനിയമമാണ്. ഈ നിയമത്തിൽ എന്താണെന്നു 2 (27) 39-ാം വകുപ്പുകളിൽ പറയുന്നുണ്ട്. മൃതദേഹം ഭൂമിയിൽ 4 5 അടി താഴ്ത്തിസംസ്കരിക്കുന്നതു്ഇതിൽ പെടുകയില്ല. ഈവിധമുള്ള ശവസംസ്ക്കാരം പൊതുജനാരോഗ്യത്തെ ബാധിക്കുവാൻ യാതൊരു മാർഗ്ഗവുമില്ല. ഭൂമിയുടെ അടിയിൽ സംസ്ക്കരിക്കുന്നതാണ് ദഹിപ്പിക്കുന്നതിനേക്കാൾ ആരോഗ്യത്തിനു അനുയോജ്യമായതെന്നാണ് പല വിദഗ്ദ്ധന്മാരുടെയും അഭിപ്രായം. ഇക്കാരണത്താൽ ശവസംസ്കാരത്തിനെതിരായി പലരും പുറപ്പെടുവിച്ചിട്ടുള്ള ആക്ഷേപങ്ങൾ തിരുക്കൊച്ചിയിലും അധികാരസ്ഥാനങ്ങൾ തള്ളിക്കളയുകയും ഉണ്ടായിട്ടുണ്ട്. മന്ത്രിയായിരുന്ന ഡോ. എ. ആർ. മേനോൻ പൊന്നാരിമംഗലത്തെ കത്തോലിക്ക സിമിത്തേരിയെപ്പറ്റി ചിലർ പുറപ്പെടുവിച്ച ആരോഗ്യപരമായ ആക്ഷേപങ്ങളെ ശരിയല്ലെന്നു പറഞ്ഞു തള്ളിയതായ ഒരു സംഭവം അടുത്തകാലത്തുണ്ടായിട്ടുള്ളതാണ്.

ഭൂമിയുടെ അടിയിൽക്കൂടിയുള്ള ജലയുറവകൾ വഴി സിമിത്തേരികൾക്കടുത്തു കുടിക്കുന്ന ജലം മലിനമാകുമെന്നതാണ് ശവസംസ്കാരത്തിനെതിരായി പൊതുആരോഗ്യത്തെ അടിസ്ഥാനമാക്കി പറയുന്ന ഒരു തടസ്സം. എന്നാൽ ഈ ഉറവകൾ വഴിയുള്ള ദൃഷ്യം 30 അടിക്കുമേൽ സാധാരണയുണ്ടാകയില്ലെന്നാണ് വിദഗ്ദ്ധാഭിപ്രായം. ഇന്നത്തെ ചില പൊതു ആരോഗ്യ വകുപ്പു ഡോക്ടർമാർസിമിത്തേരി ജനവാസത്തിനു 30 അടിയെങ്കിലും അകലമായിരിക്കണമെന്നു് അഭിപ്രായം പുറപ്പെടുവിക്കുന്നതായി കാണുന്നുണ്ട്. ഇതു എന്തുകാരണത്താലാണെന്നു് വ്യക്തമല്ല. കുടിക്കുന്ന വെള്ളം വഴി ആരോഗ്യത്തിനു ഹാനി തട്ടുമെന്നതല്ല. മറെറന്തു് അനാരോഗ്യകരമായ ഫലമാണ് ശവസംസ്കാരം കൊണ്ടു 300അടിക്കുള്ളിൽ സംഭവിക്കുന്നതെന്നു വ്യക്തമല്ല. നിയമത്തിൽ പറയുന്നതുപോലുള്ള കാഴ്ചയ്ക്കോ

ഞങ്ങൾ തയ്യാർ

(അപ്പി പാറേക്കാട്ട്)

കത്തോലിക്കകോൺഗ്രസിൽ അംഗങ്ങളെ ചേർക്കുന്നതിനായി കത്തോലിക്കാഭവനങ്ങളിൽ ചെന്നാൽ തങ്ങൾക്കുണ്ടാകുന്ന അനുഭവങ്ങൾ എന്തായിരിക്കുമെന്നു് കത്തോലിക്കകോൺഗ്രസ് പ്രവർത്തകരായിരിക്കുന്ന പലർക്കും സംശയങ്ങളുണ്ടാകാം. എനിക്കു് അങ്ങനെയുള്ള സംശയം ഉണ്ടായിരുന്നതുകൊണ്ടാണു് ഞാനങ്ങനെ അനുമാനിക്കുന്നതു്. രാഷ്ട്രീയപാർട്ടികളുടെ ചട്ടകങ്ങളായി പലകാലം പ്രവർത്തിച്ചതിനേറയും വിമോചനസമരത്തിനായി ഒരുകാലം പ്രവർത്തിച്ചതിനേറയുമെല്ലാം ഫലം പൊതുജനങ്ങളെ സംബന്ധിച്ചിടത്തോളം "നൂറിരിയിടത്തോളം പഞ്ഞി" എന്നാണു് പൊതുധാരണ. അതിനുശേഷം ഗംഭീരമായ ഒരു ഡിഫൻസു ഫണ്ടുപിരിവു്. ഇടയ്ക്കിടെ "മലനാട്"പോലെയുള്ള മറ്റു പ്രവർത്തനങ്ങളും. ഫീൽഡിലിറങ്ങാൻ എക്കാലവും ഏതുകാര്യത്തിനും ഒരുകൂട്ടരെയുള്ളല്ലൊ. ഇതിനെല്ലാം പുറമെയാണു് ഇന്നു് വ്യാപകമായ ഒരു സമുദായപ്രവർത്തനവുമായി ജനങ്ങളെ അഭിമുഖീകരിക്കേണ്ടിയിരിക്കുന്നതു്, എവിടെ ചെന്നാലും അസംതൃപ്തരായവരെ മാത്രമേ കണ്ടുമുട്ടാനുള്ളൂ. ഒറ്റക്കായ്ത്തിനെങ്കിലും ആണുങ്ങളെപോലെ പറഞ്ഞുനില്ക്കാനുള്ള ഒരു മാർഗ്ഗം ആരെങ്കിലും വെട്ടിത്തുറന്നിട്ടമില്ല.

ഭീതികൾ അസ്ഥാനത്തു്

എന്നാൽ എന്റെ ഈവക ഭീതികൾ കത്തോലിക്കകോൺഗ്രസ്പ്രവർത്തനത്തെ സ്നേഹിക്കുന്നിടത്തോളം അസ്ഥാനത്തായിരുന്നു. തകരാറുകൾ ആരുടെ പക്കൽനിന്നും ഉണ്ടാവിക്കുന്നുവെന്നു് ഏറെക്കുറെ സാധാരണ ജനങ്ങൾ ഇതിനകം ധരിച്ചുകഴിഞ്ഞു. കത്തോലിക്കക്രിസ്ത്യാനികൾക്കു വിവിധതരത്തിൽ നേരിട്ടിരിക്കുന്ന അവശതകളെയും അസമത്വങ്ങളെയുംകുറിച്ചു് ഒരു സാമാന്യബോധം, വലിയ പഠിപ്പൊന്നുമില്ലാത്തവരിൽപോലും അങ്കുരിച്ചിട്ടുണ്ടു്. സ്ത്രീകൾക്കും ഏതാണ്ടെല്ലാമൊരു ബോധം ഉണ്ടായിരിക്കുന്നു..അവരവർക്കു പിടികിട്ടിയിട്ടുള്ളരീതിയിൽ പരിഹാരമാർഗ്ഗങ്ങളും അവക്കറിയാം. സന്ദർഭവും സൗകര്യവുമില്ലാതെ അവരങ്ങനെ വിഷമിക്കയാണു്: പുതുവെള്ളം പ്രതീക്ഷിച്ചുകഴിയുന്ന മത്സ്യങ്ങളെപോലെ.

സമുദായം ഉണർന്നുകഴിഞ്ഞു

കത്തോലിക്ക പത്രങ്ങളും മാസികകളും നടത്തുന്നവർ ഉണർന്നിരുന്നൊന്നെഴുതട്ടെ. നേതാക്കന്മാർ വിദൂരവീക്ഷണത്തോടെ ഒരു പദ്ധതി തയ്യാറാക്കി മുമ്പിലിട്ടുകൊടുക്കട്ടെ, സാമാന്യപ്രവർത്തകർ ആത്മാർത്ഥമായി ജനങ്ങളെ സമീപിക്കട്ടെ, ഇടവകവകാരിമാർ ഒന്നനുഗ്രഹിച്ചുവിടട്ടെ, കത്തോലിക്കകോൺഗ്രസ് അതിന്റെ സർവ്വവിധ ശക്തികളോടും പ്രതാപങ്ങളോടുംകൂടി പൂർവ്വാധികം വളർന്നു പന്തലിച്ചു പടരുകതന്നെ ചെയ്യും. സർ. സി. പിയുടെ ഭരണകാലത്തു് കത്തോലിക്കകോൺഗ്രസ് അതിന്റെ പ്രതാപത്തിന്റെ പരമോന്നതിയിലെത്തിയിരുന്നു. നാനാവശത്തുനിന്നും തള്ളിക്കയറിയ പ്രചരണംകൊണ്ടുകാരറിന്റെ നേരത്തുണ്ടായ സാമാജികരുടെ സംഖ്യ വെറും തൊണ്ണൂറുമാത്രമായിരുന്ന സ്ഥാനത്തു് നിശ്ശബ്ദമായ അന്തരീക്ഷത്തിൽ നിർജ്ജീവമായ പ്രചരണഫലമായുണ്ടായ അംഗസംഖ്യ നൂറിരിപ്പത്തൊന്നു്. സാമ്പത്തികമായ മേന്മ ഉണ്ടായിട്ടില്ലെങ്കിലും ജനങ്ങൾ ഉണർന്ന ആവശ്യം മനസ്സിലാക്കിയെന്നു് ന്യായമായും അനുമാനിക്കാം. മുന്നാറിലധികം കത്തോലിക്കവീടുകൾ-അവശന്റേയും ധനികന്റേയും ദരിദ്രന്റേയും സാധാരണക്കാരന്റേയും പഠിപ്പുള്ളവന്റേയും പഠിപ്പില്ലാത്തവന്റേയുംമുൾപ്പെടെ, കയറിയിറങ്ങി. ഇരുപത്തിരണ്ടുദിവസംകൊണ്ടാണു് കഷ്ടിച്ചൊരു ചുറ്റെത്തിയതു്. ചുരുക്കത്തിൽ പൊതുവെ സ്വാഗതം ചെയ്യപ്പെട്ടുവെന്നു പറയാം. എങ്കിലും ഹാ! കഷ്ടം! എൻ. എസ്. എസ്, എസ്. എൻ. ഡി. പി, ഇതുരണ്ടുമെന്നെന്നു് സാമാന്യമായി സകലക്കുമറിയാം. ഏ. കെ. സി. സി, കേട്ടിട്ടുപോലുമില്ല! നാലണവീതം കൊടുത്തു് ആണ്ടുതോറും കത്തോലിക്കകോൺഗ്രസ്സിൽ ചേരുന്നുണ്ടെന്നു് കട്ടായം പറഞ്ഞ എത്രയെത്ര പേരെയാണു് യാഥാർത്ഥ്യം മനസ്സിലാക്കേണ്ടിവന്ന

കേരളത്തിനൊ ഫ്രാൻസിനൊ അനുഭവകരമായി ഇതിൽ യാതൊന്നുമില്ല. 3000 അടിക്കുള്ളിൽ ജനവാസമില്ലാത്ത സ്ഥലത്തായിരിക്കണം ശവസംസ്കാരമെന്നുപറയുന്നതിനുശാസ്ത്രീയമായിഒരുകാരണവുമില്ലാതെ കേരളത്തെപ്പോലുള്ള ജനനിബിഡമായ ഒരു സ്ഥലത്തു് ഇങ്ങനെ ഒരു ചട്ടമുണ്ടാക്കുന്നതു് ന്യായമല്ല. മനഃപൂർവ്വം ഒരു മതവിഭാഗത്തെ ശല്യപ്പെടുത്തുകയായിരിക്കും. ഇപ്രകാരമുള്ള നിബന്ധനകളുടെ ഫലം. ഈ 300 അടി തിരുവിതാംകൂറിലെ 1946-ലെ ചട്ടങ്ങളിൽ നിന്നും ലഭിച്ചതാണു്. ഇങ്ങനെ ആൾപ്പാർപ്പില്ലാത്ത പ്രദേശങ്ങളിലായിരിക്കണം ശവസംസ്കാരമെന്ന ചില തല്പരകക്ഷികളുടെ സ്വേച്ഛാഭിപ്രായത്തെ ആസ്പദമാക്കി ഗവൺമെന്റു ചട്ടങ്ങളുണ്ടാക്കുന്നതു ശരിയായിരിക്കയില്ല. പട്ടണങ്ങളിലും തീരപ്രദേശങ്ങളിലും ഒരു ചതുരശ്രമൈലിനു 1500-നുമേൽ ജനങ്ങൾ താമസമുണ്ടു്. ഈ നിലയ്ക്കു താമസസ്ഥലത്തുനിന്നും 300 അടിയകലെയായിരിക്കണം സിമിത്തേരികളെന്നു വന്നാൽ സിമിത്തേരികൾ സ്ഥാപിക്കുക സാധ്യമല്ലാതെ വരും. ഉള്ള സിമിത്തേരികൾ നിരുത്തലാക്കുകയും ചെയ്യേണ്ടിവരും. ആരോഗ്യപരമായ കാരണങ്ങളാലാണല്ലൊ പബ്ലിക്ക് ഹെൽത്തു് ആക്ടനുസരിച്ചു് ഇപ്രകാരം ചട്ടങ്ങളുണ്ടാക്കണമെന്നു പബ്ലിക് ഹെൽത്തു് ഡയറക്ടറും മറ്റും ശുപാർശ ചെയ്യുന്നതു്. ആ നിലയ്ക്കു നിലവിലുള്ള സിമിത്തേരികളെയും ഇതു ന്യായമായി ബാധിക്കാതെ തരമില്ലല്ലൊ. ഏതു വിധത്തിലും ശവസംസ്കാരം അടഞ്ഞു ക്രൈസ്തവർക്കു ശല്യങ്ങളുണ്ടാക്കണമെന്നുള്ള ചിലരല്ലാതെ മറ്റാരും ഈ വിധം അപ്രായോഗികമായ വ്യവസ്ഥകൾക്കായി ശഠിക്കയില്ല. മേല്പറഞ്ഞ ഹൈക്കോടതി വിധിപ്രകാരമുള്ള അഭിപ്രായങ്ങൾ ആദരിച്ചു പ്രവർത്തിക്കുന്നതു നന്നായിരിക്കും. മനുഷ്യർമരിക്കുമ്പോൾ ക്രൈസ്തവർ അവരുടെ മൃതദേഹം ദേവാലയത്തോടു ബന്ധപ്പെട്ട സിമിത്തേരികളിൽ സംസ്കരിക്കണമെന്നതു് അവരുടെ മതാനുഷ്ഠാനങ്ങളിൽപ്പെട്ടതാണു്. മൃതദേഹം യഥാവിധി സംസ്കരിക്കുന്നതോ ദഹിപ്പിക്കുന്നതോ ചെയ്യണമെന്നതു സാമൂഹ്യവും സാന്മാർഗ്ഗികവും മതപരവുമായ ഒരു കടമയാണു്. അതു ജീവിച്ചിരിക്കുന്നവർക്കു കടന്നുപോകുന്ന തലമുറയോടുള്ള ഒരു കർത്തവ്യമാണു്. ഇപ്രകാരമുള്ള ഒരാചാരത്തെ പൊതു ആരോഗ്യത്തിനു ഹാനികരമായ ഒരു ശല്യമായി ഗണിച്ചു. അതിനെ അപ്രായോഗികമായ ചട്ടങ്ങൾകൊണ്ടു തടയുവാൻ ശ്രമിക്കുന്നതു നിയമലംഘനത്തിനു ജനങ്ങളെ നർബന്ധിക്കയായിരിക്കും ചെയ്യുന്നതു്.

—0—

തു! വനിതകൾ ഒന്നടങ്കം കത്തോലിക്കകോൺഗ്രസ്സിൽ അംഗത്വം സ്വീകരിക്കാൻ സന്നദ്ധരാണ്. ചില പുരുഷന്മാരുടെ കണ്ണുരുട്ട് അവരുടെ ഭാഗ്യമാരെ ഭഗ്നോത്സാഹരാക്കിയിട്ടുണ്ട്!.

ഒന്നു തീർച്ചയാണ്. നാമൊന്നടങ്കം വലിയ പ്രയാസങ്ങളെ അഭിമുഖീകരിക്കുന്നുണ്ടെന്നു നമ്മുടെ ജനങ്ങൾ ഗ്രഹിച്ചിട്ടുണ്ട്. സംഘടനയാവശ്യമാണെന്നറിയാം. സംഘടിച്ചാൽ നേട്ടമുണ്ടെന്നും നിശ്ചയമുണ്ട്. തങ്ങൾ അംഗത്വം സ്വീകരിക്കുന്ന സംഘടന അതിബൃഹത്തും ശക്തിമത്തുമായിത്തീരണമെന്ന ആഗ്രഹവും പ്രകടമാണ്. ഒരു സാധാരണപ്രവർത്തനംതന്നെ, കേരളം ഒന്നാകെ ഒന്നിച്ചു നടക്കുന്നുവെങ്കിൽ അഞ്ചുലക്ഷം അംഗങ്ങളെ കത്തോലിക്കകോൺഗ്രസ്സിന്റെകൊടിക്കീഴിൽ അണിനിരത്താൻ അതു പര്യാപ്തമാണ്. ഒരിടവകയിൽ രണ്ടുപേർ തയ്യാറായാൽ മതി. ഇടവകവികാരിക്കുകൂടി ഒന്നു കനിഞ്ഞാൽ ഏറ്റവും നന്നായി. ഒരുഭവനവും വിട്ടുകളയരുതു്. ദശയുള്ളിടത്തേയ്ക്കു് പ്രത്യേകദൃഷ്ടിയുമരുതു്. നാം ഭാവനയിൽ കാണുന്നവരുമായിരിക്കയില്ല യഥാർത്ഥ താല്പര്യക്കാർ. എവിടെ ചെന്നാലും കത്തോലിക്കനും കത്തോലിക്കനുമെന്ന ബന്ധം മാത്രം പാലിക്കണം. താരതമ്യങ്ങൾ അപകടമുണ്ടാക്കും. സാമാന്യജനങ്ങളിൽ യാതൊരു കുറവും ആരോപിക്കരുതു്. അപരാധങ്ങൾ പലതും ഏറ്റെടുക്കേണ്ടതായി വരും. നേതാക്കന്മാർ നാനാവിധത്തിലും ബലിയാക്കപ്പെട്ടുന്നതായി കാണാം. കുറെ അതും സഹിക്കണം. കത്തോലിക്കകോൺഗ്രസ്സിനു നേരിട്ട രാഷ്ട്രീയബന്ധം ഇല്ലെന്നുള്ളതു സ്പഷ്ടമാക്കണം. ഞങ്ങൾ കത്തോലിക്കകോൺഗ്രസ്സിൽ അംഗങ്ങളായിരിക്കാനും സംഘടന ബലപ്പെടുത്താനും തയ്യാർ! ഈ ഒരു പ്രതീതിയാണ് പൊതുവെ ജനങ്ങളിൽ നിഴലിക്കുന്നതെന്നു് ഞാൻ അനുമാനിക്കുന്നു.

ഒരു വിധവ അവരുടെ മൂത്തമകനെ വിളിച്ചു. രണ്ടാമനെ വിളിച്ചു. മൂന്നാമനേയും വിളിച്ചു. "എല്ലാവരും കത്തോലിക്കകോൺഗ്രസ്സിൽ ചേർന്നുകൊള്ളുവിൻ" എന്നുപറഞ്ഞു നിത്താത്തെ അടുക്കളയിൽചെന്നു് പെണ്ണുങ്ങളെ വിളിച്ചുകൊണ്ടുവന്നു് അപേക്ഷാഫാറം വാങ്ങി ഒപ്പിടുവിച്ച ആ രംഗം അത്യധികം പ്രോത്സാഹജനകവും ഹൃദ്യവുമായിരുന്നു. ആത്മാർത്ഥവും കാര്യമാത്രപ്രസക്തവുമായ അവരുടെ ചോദ്യങ്ങൾ! മറന്നാലും മറക്കാത്ത വിനാഴികകൾ!

ദാരിദ്ര്യത്തിലും വിഷമത്തിലും കഴിയുന്ന ദമ്പതികൾ! "നമുക്കു വേണ്ടാത്തതിനു് നിങ്ങളിങ്ങു വരികയില്ല. ചേർത്തുക്കണം രണ്ടുപേരേയും. അതിനുള്ള പണമെങ്ങിനേയുമുണ്ടാകും."

ആ ആഴ്ചത്തെ കൂലി, ശനിയാഴ്ച കിട്ടിയതു്. അഞ്ചുരൂപാ-അവശക്രിസ്ത്യാൻ—"അങ്ങെടുത്തിട്ട് ബാക്കിയിങ്ങു തന്നേല്ലാൻ."

ഇത്തരത്തിൽ മനസ്സിൽനിന്നും മായ്ഞ്ഞുപോവാത്ത ഡസൻ കണക്കിനു സംഭവങ്ങൾ ഉദ്ധരിക്കാനുണ്ട്.

സഹിഷ്ണത വേണം

എന്നാൽ ചുരുക്കത്തിൽ ചിലരുടെ വാക്കുകേട്ടാൽ "ദൈവമെ ഇവരുടെ അന്ധത എന്നേയ്ക്കുമാറും?" എന്നു തോന്നിപ്പോകും. മറുചിലരുടെ വാക്കുകൾ ഹൃദയം മുറുപുറം നൊപ്പിക്കും. വേറെ ചിലരുടെയാകട്ടെ കണ്ണുനീർ കുടിപ്പിക്കയും ചെയ്യും. എന്തു ചെയ്യാം! ഇതെല്ലാം കേൾക്കയേ വേണ്ടൂ. ഈവിധ കഷായങ്ങൾ എവിടേയും കുറെ കുടിക്കേണ്ടതായി വരാം. പ്രവർത്തകരുടെ സഹനം നെല്ലിപ്പലകവരെ എത്തിക്കുന്നതായും അവിടവിടവിടെ അനുഭവപ്പെട്ടേക്കാം. എന്റെ ഒരു നാല്പതുകൊല്ലത്തെ ഓർമ്മവച്ചു നോക്കിയാൽ അതെന്നെ, വഞ്ചിക്കുന്നില്ലെങ്കിൽ ഇത്തരം പ്രസ്ഥാനങ്ങൾകൊണ്ടുള്ള പ്രഥമ പ്രയോജനങ്ങളനുഭവിക്കുന്നതു് അത്തരക്കാരും അവരുടെ സന്തതികളുമായിരിക്കും. അതു ജീവിതത്തിന്റെ ഒരു രഹസ്യവും ദൈവത്തിന്റെ ഒരു പ്രത്യേക പരിപാലനയുമായി വിചാരിക്കാമെന്നാണ് എന്റെ വിശ്വാസം. ഈവിധ പൊതുപ്രവർത്തനങ്ങളുടെ ചരിത്രം പല വിധത്തിലും രാഷ്ട്രീയപ്രവർത്തനങ്ങളുമായി കോർത്തുകെട്ടിപ്പോകുന്നതുകൊണ്ടും അങ്ങനെ രാഷ്ട്രീയകാര്യങ്ങൾ വലിച്ചിഴച്ചുകൊണ്ടുവരുന്നതു് അനുചിതമായതിനാലും അത്തരം അനുഭവങ്ങൾ അവഗണിച്ചു പിൻതള്ളാം.

ലക്ഷ്യക്കണക്കിനു കത്തോലിക്കർ കത്തോലിക്കകോൺഗ്രസ്സ് പ്രവർത്തകരെ സഹായിക്കാനും സ്വാഗതംചെയ്യാനുമായിട്ട് അക്ഷമയോടെ കാത്തിരിക്കുന്നതായി മാത്രം ചിന്തിക്കാം. ആ വഴിയെമാത്രം സഞ്ചരിക്കയും ചെയ്യാം. ഞങ്ങൾ ഒരുദിവസം 15 വീട്ടുകളിൽ പോയി. എല്ലാ വീട്ടുകളിൽനിന്നും സാമാജികരുണ്ടായി. അതു പതിവിനു വിരുദ്ധമായിരുന്നു. അതിൽ അഞ്ചു വീട്ടുകളിൽ പത്രമുണ്ടായിരുന്നു ദീപിക. എന്റെ അനുമാനം ആ നല്ലയനുഭവം കത്തോലിക്ക പ്രസിദ്ധീകരണത്തിൽനിന്നും സംജാതമായി എന്നാണ്. കത്തോലിക്കാപത്രങ്ങളും മാസികകളും ഏതെങ്കിലും വീട്ടിൽ കണ്ടാൽ അതിന്റെഗുണംഅവിടെ പ്രതീക്ഷിക്കാം. മറ്റു പത്രങ്ങൾവായിക്കുന്നിടത്തു് പ്രതിബന്ധങ്ങൾ കാണും. പത്രമാസികകൾ വായിക്കാത്ത സ്ഥാനങ്ങളിലെ സ്ഥിതി പരിതാപകരംതന്നെ.

പ്രവർത്തകർ പലപ്പോഴും വളരെ സംസാരിക്കേണ്ടതായിവരും. അനേകംപേരുടെ അനേകതരത്തിലുള്ള തെറ്റായ ധാരണകളെ നീക്കേണ്ട ഭാരവുമുണ്ടാകും. ക്ഷമയോടെ പിൻമാറേണ്ട സന്ദർഭങ്ങളും ഉണ്ടാകുന്നതാണ്. എന്തെല്ലാമാണെങ്കിലും "ഞങ്ങൾ തയ്യാർ!" എന്നുള്ള സ്വരത്തിനു് പ്രാബല്യമുണ്ടായിരിക്കുമെന്നതു് നിസ്സംശയംതന്നെ.

.....

സാഹിത്യസമ്മേളനം

എ. കെ. സി. സി. വക്കിംഗ്കമ്മറ്റിയുടെ 28-4-63-ലെ തീരുമാനമനുസരിച്ചു് കേരളത്തിലെ കത്തോലിക്കാ സാഹിത്യകാരന്മാരുടെ ഒരു സമ്മേളനം, 12-5-63 ഞായറാഴ്ച പകൽ 2മണിക്കു് കോൺഗ്രസ് പ്രസിഡണ്ട് ശ്രീ പി. സി. എബ്രാഹം ബി. എ. ബി. എൽ.- ന്റെ അദ്ധ്യക്ഷതയിൽ ഹെഡ്ഓഫീസിൽ കൂടി.

പ്രാരംഭപ്രാർത്ഥനയ്ക്കുശേഷം ജനറൽസെക്രട്ടറി ശ്രീ കെ. എം. ജോസഫ് സ്വാഗതപ്രസംഗം നടത്തി. തദനന്തരം, കത്തോലിക്കാ സാഹിത്യകാരന്മാർ, സമുദായത്തിന്റെയും സമുദായസംഘടനയുടെയും വളർച്ചയ്ക്കും പുരോഗതിക്കുംവേണ്ടി തങ്ങളുടെ തൂലികകൾ ചലിപ്പിക്കേണ്ടതെങ്ങനെയെന്നും, സാഹിത്യസമിതിയെയും സാഹിത്യകാരന്മാരെയും പ്രോത്സാഹിപ്പിക്കുന്നതിൽ കത്തോലിക്ക കോൺഗ്രസ്സ് എടുക്കേണ്ട നിലപാടെന്താണെന്നും സമ്മേളനത്തിൻ ചർച്ചചെയ്യുകയുണ്ടായി.

റവ. ഫാ. മാത്യു മൂഴിയിൽ എസ്. ജെ., ഫാ. ജിയോ കപ്പല്യമാക്കൽ, റവ. ഷെവലിയർ സി. കെ. മന്ന, ഫാ. ഇസിദോർ സി. എം. ഐ., ഫാ. റാഫേൽ സി. എം, ഐ, ഫാ. ഉർമീസ് സി. എം. ഐ, മെ. ജയിംസ് മണിമല, സിപ്രിയാനോസ് പരീക്കണ്ണി, ജോസഫ് അഞ്ചനാട്ട് എം. എ., എം. എം. ജോൺ, വി. ജെ. കുര്യൻ വളവന്താ. എം. ഒ. ജോസഫ്, പി. റ്റി. ചാക്കോ എം. എ., എബ്രഹാം മൂഴൂർ, അപ്പി പാറേക്കാട്ട്, ദേവസ്യാ അഞ്ഞൂറ്റിമംഗലം, എ. എ. ജോസഫ്, പി. വി. ചെറിയാൻ, വിദ്വാൻ സി. എം. സെബാസ്റ്റ്യൻ തുടങ്ങിയവർ ചർച്ചകളിൽ സജീവമായി പങ്കെടുത്തു.

താഴെപ്പറയുന്ന പ്രമേയങ്ങൾ ഐകകണ്ഠ്യേന പാസ്സാക്കി.

പ്രമേയങ്ങൾ

1) സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായുന്നതിനായി ഏവംവിധം സാഹിത്യപ്രേമികളുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടിയതിൽ അഖിലകേരള കത്തോലിക്ക കോൺഗ്രസിന്റെ ഭാരവാഹികളുടെ ഈ സമ്മേളനം അനുമോദിക്കുന്നു.

2) കേരള സാഹിത്യ കലാസമിതിയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങളെ ഈ സമ്മേളനം പരിഗണിക്കുകയും, അതിനെ പൂർവ്വാധികം കാര്യക്ഷമമാക്കി വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നു് ബന്ധപ്പെട്ടവരോടു് സമ്മേളനം അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

വർക്കിംഗ് കമ്മിറ്റി യോഗങ്ങൾ

I—9-2-63

അഖിലകേരള കത്തോലിക്കകോൺഗ്രസ് വർക്കിംഗ് കമ്മറ്റിയുടെ ഒരു വിശേഷാൽ സമ്മേളനം 9-2-'63 ശനിയാഴ്ച വൈകുന്നേരം 7മണിക്ക് തൃശ്ശൂർ മുൻസിപ്പൽ ഓഫീസ് റോഡിലുള്ള മലബാർമെയിൽ ഓഫീസിൽ കൂടി.

മെ: കെ. എം. ജോസഫ് ബി. എ. ബി. എൽ
ഇ. പി. വർഗീസ് എം. എ. ബി. എൽ
എം. സി. ചാക്കോ മാന്നാനത്തിൽ.
പി. ജെ. ജോസഫ് പുല്ലാങ്കുളം.
റവ. കെ. കുര്യൻ— എന്നിവരും പ്രത്യേക ക്ഷണമനുസരിച്ച് മെ. വറുഗീസ് മേച്ചേരി, യു. പി. ഔസേപ്പ് ബി. എ, ബി. എൽ എന്നിവരും യോഗത്തിൽ സംബന്ധിച്ചു.

ശ്രീ. ഈ. പി. വറുഗീസ് അദ്ധ്യക്ഷം വഹിച്ചു. പ്രാർത്ഥനക്കു ശേഷം തൃശ്ശൂർ ശാഖയിലെ സംഘടനാ പ്രവർത്തനങ്ങൾ സംബന്ധിച്ചു ചർച്ചകൾ നടന്നു. കൂടുതൽ ചർച്ചകൾക്കും തീരുമാനങ്ങൾക്കുമായി അടുത്തദിവസത്തേക്കു യോഗം മാറ്റിവെച്ചു.

അപ്രകാരം 10—12'—63 ഞായറാഴ്ച രാവിലെ 10-30 ന് യോഗം തുടർന്നു.

മെ: പി. സി. എബ്രാഹം ബി. എ, ബി. എൽ
ഇ. എം. ജോസഫ് ബി. എ, ബി. എൽ
എ. ജി. അഗസ്റ്റിൻ ബി. എ, ബി. എൽ
എം. ഒ. ജോസഫ്
എം. വി. വക്കി. എന്നിവരും യോഗത്തിൽ സംബന്ധിച്ചു. ശ്രീ. പി. സി. എബ്രാഹം അദ്ധ്യക്ഷം വഹിച്ചു. പ്രാർത്ഥനക്കുശേഷം 20=1-'63-ലെ യോഗത്തിന്റെ മിനിറ്റ്സ് വായിച്ചു പാസാക്കി.

അസി: സെക്രട്ടറിയുടെ 21-1- 63 മുതൽ 10-2-' 63-വരെയുള്ള പ്രവർത്തനറിപ്പോർട്ട് വായിച്ചു റിക്കാർഡും ചെയ്തു.

ശ്രീമാൻ വക്കി മേവള്ളൂരിന്റെ സ്കോളർഷിപ്പിനുള്ള അപേക്ഷ തിരിച്ചുകൊടുക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് അദ്ദേഹം അയച്ച 23—1—'63—ലെ കത്തു വായിച്ചു പ്രസ്തുത അപേക്ഷ തിരികെ കൊടുക്കുവാൻ നിർവാഹമില്ലാത്തതിനാൽ വക്കിംഗ് കമ്മറ്റി ഖേദിക്കുന്നു എന്നു അദ്ദേഹത്തെ അറിയിക്കുവാൻ തീർച്ചയാക്കി.

അപേക്ഷാഫോറങ്ങൾ, ലെറ്റർഹെഡ് മുതലായവ അച്ചടിപ്പിച്ചതിനു ഗുഡ്ഷെപ്പേർഡ് പ്രസിലെ 103 രൂപ75 നയാപൈസക്കുള്ള ബില്ലു വക്കിംഗ് കമ്മറ്റി അംഗീകരിച്ചു.

തൃശ്ശൂർശാഖയുടെ സംഘടനാ പ്രവർത്തനങ്ങൾ സംബന്ധിച്ചു വക്കിംഗ്കമ്മറ്റിചർച്ചതുടരുകയും തത്സംബന്ധമായ പരിശ്രമങ്ങൾ തുടരുവാൻ തീരുമാനിക്കുകയും ചെയ്തു.

12—30-നു് യോഗം അവസാനിച്ചു.

II—10-3-63

അഖിലകേരള കത്തോലിക്കകോൺഗ്രസ് വക്കിംഗ്കമ്മറ്റിയുടെ ഒരുയോഗം 10—3-63 ഞായറാഴ്ചരാവിലെ 10-30 നു് ഹെഡ്ഓഫീസിൽ കൂടി.

മെ: പി. സി. എബ്രാഹം ബി. എ, ബി. എൽ
ഇ. എം. ജോസഫ് ബി. എ, ബി. എൽ
കെ. എം. ജോസഫ് ബി. എ, ബി. എൽ
എം. സി. ചാക്കോ
എ. ജി. അഗസ്റ്റിൻ ബി. എ, ബി. എൽ
വി. ജെ. കുര്യൻ ബി. എ, ബി എൽ
കെ. എം. ജോസഫ് ബി. എസ്സ്, ബി. എൽ
എൻ. എൽ. ജോസഫ്
റവ. കെ. കുര്യൻ
സിറിയക്കു്. ജെ. നീധിയിരി.
എം. ഒ. ജോസഫ് നെടുംകുന്നം
എം. വി. വക്കി മഴുവഞ്ചേരി— എന്നിവരും പ്രത്യേക ക്ഷണമനുസരിച്ചു് ഫൈനാൻസ് കമ്മറ്റിയംഗങ്ങളായ മെ: എ. എ. ജോസഫ് ബി. എ, ബി. എൽ, എ. മാരേട്ട് എന്നിവരും യോഗത്തിൽ സംബന്ധിച്ചു. ശ്രീ. പി. സി. എബ്രാഹം അദ്ധ്യക്ഷതവഹിച്ചു. ഈശ്വരപ്രാർത്ഥനയ്ക്കുശേഷം 10-2-63 ലെ യോഗത്തിന്റെ മിനിറ്റ്സു് വായിച്ചു പാസാക്കി. അസി: സെക്രട്ടറി ഹാജരാക്കിയ 10-2-63 മുതൽ 10—3-63 വരെയുള്ള പ്രവർത്തനറിപ്പോർട്ടും വായിച്ചു റിക്കാർഡുചെയ്തു. ആയതിനുശേഷം തൃശ്ശൂർ വക്കിംഗ്കമ്മറ്റിയോഗം സംബന്ധിച്ചും അതിനോടനുബന്ധിച്ചു് വക്കിംഗ്കമ്മിറ്റിചെയ്ത പരിശ്രമങ്ങൾ സംബന്ധിച്ചും ജനറൽ സെക്രട്ടറി ഒരു വിശദീകരണം നൽകി.

തീരുമാനങ്ങൾ

ഓർഗനൈസർമാരുടെ നിയമനം സംബന്ധിച്ചു സബ് കമ്മറ്റി കൺവീനർ ശ്രീ. എം. ഒ. ജോസഫ് നൽകിയ റിപ്പോർട്ടും പാനലും വക്കിംഗ്കമ്മറ്റി പഠിച്ചുതാഴെക്കാണുന്ന വിധം നിയമനം നടത്തുവാൻ തീരുമാനിച്ചു.

1. തലശ്ശേരി- കെ. കെ. മാത്യു C/o ചാക്കോ ചക്കാമ്പുഴ- ആനിക്കാട്ടപള്ളിക്കുസമീപം,ആനിക്കാട്ട്. P.O.
2. കോഴിക്കോട്ട്- കെ. കെ. വക്കി കളമുകാട്ടവീട്ട്,തിരുവമ്പാടി. PO. Via-Mukkam.
3. തിരൂർ.—Nil.
4. പാലക്കാട്ട്- വി. ജെ. ജോർജ് C/o സെൻറു് തോമ്മസ് ചർച്ചു് മേരിഗിരി,ഇളവംപാടം. P.O Via-കിഴക്കഞ്ചേരി.
5. വേലൂർ- എം. എൽ. കുര്യൻ, മണ്ടും പാലാവീട്ട് കുന്നംമുച്ചി. P.O
6. തൃശ്ശൂർ- തെക്കേക്കര കുര്യപ്പൻ പാവു, ചൂണ്ടൽ. P.O Via- കുന്നംകുളം.
7. ഇരിഞ്ഞാലക്കുട- എൻ. കെ. ലോനപ്പൻ നമ്പാടൻ,ടിച്ചർ- യു. പി. എസ്സ്. അനന്തപുരം, Via- പുതുക്കാട്ട്.
8. പറവൂർ— ഇട്ടിരാ മഞ്ഞളി, ആറുപുറം, P.O പുത്തൻവേലിക്കര, N. പറവൂർ.
9. എറണാകുളം- വി. ഒ. വക്കി. വലിയ പറമ്പിൽ വീട്ട്, ആമ്പല്ലൂർ P.O. Via-തൃപ്പൂണിത്തുറ.
10. വാഴക്കുളം- കെ. ജെ. യോഹന്നാൻ കടമ്പനാട്ട വീട്ട്, കാവന, വാഴക്കുളം. P.O. Via- മൂവാറ്റുപുഴ.

---

3) കത്തോലിക്കാ സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനു് സുശക്തമായ ഒരു സ്ഥാപനം പടുത്തുയർത്തുന്നതിനുള്ള പ്രഥമപടിയായി ക. കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ ഒരു മുദ്രണാലയം തുടങ്ങുകയും, കോൺഗ്രസിന്റെ ബുള്ളറ്റിൻ കൂടുതൽ ഉയർന്ന നിലവാരത്തിലുള്ള ഒരു മാസികയാക്കി പ്രസിദ്ധംചെയ്യുകയും ചെയ്യുന്നതു് അഭിലഷണീയമായിരിക്കും എന്നു് സമ്മേളനം പരിഗണിക്കുന്നു, സ്വകൃതികൾ പ്രസിദ്ധപ്പെടുത്തുവാൻ സാഹിത്യകാരന്മാരെ പ്രസ്തുത മുദ്രണാലയം പ്രോത്സാഹിപ്പിക്കണമെന്നു് അഭ്യർത്ഥിക്കുന്നു.

ഇതിന്റെ പ്രായോഗികമായ വിശദാംശങ്ങൾ രൂപപ്പെടുത്തുന്നതിനു് സാഹിത്യപ്രേമികളിൽനിന്നും, കേന്ദ്ര വക്കിംഗ്കമ്മറ്റിയിൽനിന്നും അംഗങ്ങളെ ചേർത്തു് ഒരു കമ്മറ്റി രൂപീകരിക്കുവാൻ ഈ യോഗം കോൺഗ്രസ് വക്കിംഗ് കമ്മറ്റിയോടഭ്യർത്ഥിക്കുന്നു.

ഉദ്ദേശം 6മണിയോടുകൂടി സമ്മേളനം സമംഗളം പര്യവസാനിച്ചു.

11. അഴിക്കൽ— വി. റവ. ജോസഫ്, ടീച്ചർ യു. പി. സ്കൂൾ, മേരിക്കുളം, അയ്യപ്പൻ കോവിൽ. P.O.

12. ആലപ്പുഴ— 1 ളൂയിസ് ചെറിയാൻകുഞ്ഞ് ഇലഞ്ഞിക്കൽ. തത്തംപള്ളി ആലപ്പുഴ. (അമ്പലപ്പുഴ താലൂക്ക്)
2. ജോർജ് കൊട്ടവേലിൽ പൂച്ചാക്കൽ. P.O Via- ചേർത്തല.

13- പാലാ- 1. സേവ്യർ തലയോലപ്പറമ്പ്, പ്ലാംകാലാ, തലയോലപ്പറമ്പ P.O.
2.പി. വി. ചെറിയാൻ ബി. എ. ബി. ടി. പടവൻ. കീഴ്തടിയൂർ— പാലാ.

14. കോട്ടയം- 1. ഇ. എം. ജോൺ ചമ്പക്കര, ഈശ്വപറമ്പിൽ വീട്ട്. ചമ്പക്കര, നെട്ടംകുന്നം P.O
2. കെ. എം. ജോർജ് കടതോടിൽ, ഏറുമാന്തുർ

15. കാഞ്ഞിരപ്പള്ളി. പി. സി, ചാക്കോ, പന്തിരുവേലിൽ, ചിറക്കൽ പൊൻകുന്നം.

16. മാവേലിക്കര— കെ. അബ്രാഹം കല്ലുങ്കര ഇലഞ്ഞിമേൽ പുലിയൂർ P.o— Via- ചെങ്ങന്നൂർ

17. പുനലൂർ— സി. പി. ജോർജ്, പുത്തൻവീട്ട്. കോന്നി. P.O

18. തിരുവനന്തപുരം, 1. അലക്സ് ലിയോൺ, ദേവസംവീട്ട്. കടകം- ചിറയിൽകീഴ്.
2. പി. കെ. മാത്യു പുളിച്ചക്കോണം, അമ്പൂരി P.O നെയ്യാറിൻകര.

19. കൊല്ലം- Nil

20. മൈസൂർ— യോഹന്നാൻ എബ്രാണ്ടിവയലിൽ, റാക്കിയ- P O -S. കാനറ.

ഇവയിൽ പാലാ, കോട്ടയം, ആലപ്പുഴ, തിരുവനന്തപുരം എന്നീ മേഖലകളിലെ സംഘാടകരുടെ കാലാവധി 2 മാസം മാത്രമായിരിക്കുന്നതാണ്.

മെ: പി സി ചാക്കോ, വലിയപറമ്പിൽ പുലിക്കുട്ടിശേരി P.O, രാജൻ മാരേട്ട് എന്ന വിദ്യാർത്ഥി അപേക്ഷകരെയും സംഘാടകരായി കോട്ടയം പുനലൂർ— എന്നീ മേഖലകളിൽ യഥാക്രമം നിയമിക്കുന്നു. മേഖലാസംഘാടകർക്ക വിധേയമായി അവർ പ്രവർത്തിക്കേണ്ടതാണ്.

മാർച്ച് 30-31 എന്നീ തീയതികളിൽ എറണാകുളത്തുവച്ചു സംഘാടകർക്കുള്ള സെമിനാർ നടത്തേണ്ടതും സബ്കമ്മറിയുടെ പാനലിൽ 2-ാംപരിഗണന നൽകിയിരിക്കുന്നവരെക്കൂടി സെമിനാറിൽ ക്ഷണിക്കേണ്ടതും, സെമിനാറിനുശേഷം അപേക്ഷകരുടെ ഇൻറർവ്യൂ നടത്തി വർക്കിംഗ് കമ്മറിനിയമനം നടത്തേണ്ടതുമാണ്.

31-ാം തീയതി എറണാകുളത്ത് വർക്കിംഗ്കമ്മറിക്കൂടേണ്ടതാണ്.

സെമിനാറിൽ ക്ലാസുകൾ നടത്തുവാൻ വേണ്ടവരെതെരഞ്ഞെടുക്കുന്നതിനു - സബ് കമ്മറിയെ അധികാരപ്പെടുത്തുന്നു.

കത്തുകൾ

കോൺഗ്രസ് ഭരണഘടനയ്ക്ക് ഏതാനും ഭേദഗതികൾ നിർദ്ദേശിച്ചുകൊണ്ട് ശ്രീ. ജയിംസ് കണ്ടത്തിൽ അയച്ച 1-3-63-ലെ കത്തും, വർക്കിംഗ്കമ്മറിയുടെ പരിഗണനയ്ക്ക് 3-ാം നമ്പർ ചങ്ങനാശേരിശാഖയിൽനിന്നയച്ചിരുന്ന 3-3-63 ലെ പ്രമേയങ്ങളും. ഒരു കലാവിഭാഗത്തിന്റെ രൂപീകരണം സംബന്ധിച്ച് ശ്രീ രാജൻ മാരേട്ട് സമർപ്പിച്ചിരുന്ന നിർദ്ദേശങ്ങളും അടുത്ത വർക്കിംഗ്കമ്മറിയോഗത്തിൽ പരിഗണിക്കുവാൻ മാറ്റിവച്ചു.

കാത്തലിക്ക് യൂണിയൻ ഓഫ് ഇൻഡ്യയുടെ ജനറൽ ബോഡി മീറ്റിംഗ് സംബന്ധിച്ച് യൂണിയൻ ജനറൽ സെക്രട്ടറിയുടെ 15—2—63—ലെ നോട്ടീസ് വായിച്ചു റിക്കാർഡ്ചെയ്തു. യൂണിയന്റെ എല്ലാ തീരുമാനങ്ങളും എ. കെ. സി. സി അംഗീകരിക്കുമെന്ന് അറിയിക്കുവാൻ തീരുമാനിച്ചു.

റിസർവ്വുവനങ്ങളിൽ 1960 ജനുവരി 1ം—തീയതിക്കുശേഷമുള്ള കുടിയേറ്റങ്ങൾ സംബന്ധിച്ച തീരുമാനം പുനപരിശോധന ചെയ്യേണ്ട ആവശ്യം കാണുന്നില്ല എന്നറിയിച്ചുകൊണ്ട് കേരളഗവർമ്മെൻറു സെക്രട്ടറി അയച്ച 20-2-63 ലെ കത്തു വായിച്ചു റിക്കാർഡ്ചെയ്തു.

പ്രസിഡൻറിന്റെ അഭിമുഖ്യത്തിൽ ഏതെങ്കിലും ജോലി നൽകണമെന്നഭ്യർത്ഥിച്ചുകൊണ്ട് ശ്രീമതിമാർ വി. ജെ. അന്നമ്മ വടക്കേടത്ത്, കാഞ്ഞിരപ്പള്ളി, കെ. റവ. ത്രേസ്യാമ്മ, കാവുങ്കൽ കാഞ്ഞിരപ്പള്ളി എന്നിവർ അയച്ചിരുന്ന കത്തുകൾ വായിച്ച് തൽക്കാലം കത്തോലിക്കാ കോൺഗ്രസിന്റെ കീഴിൽ അപ്രകാരം യാതൊരു സൗകര്യവുമില്ല എന്നും എന്തെങ്കിലും സൗകര്യമുണ്ടാകുന്ന പക്ഷം യഥാകാലം അറിയിക്കാമെന്നും മറുപടി നൽകുവാൻ തീരുമാനിച്ചു.

കോൺഗ്രസിന്റെ പ്രാദേശിക സംഘടനാപ്രവർത്തനങ്ങളുടെ അനുഭവങ്ങൾ വ്യക്തമാക്കിക്കൊണ്ട് ശ്രീ. അപ്പി പാറേക്കാട്ട് അയച്ചിരുന്ന 3-3-63—ലെ കത്തു വായിച്ച് ശ്രീമാൻ അപ്പിയുടെ പരിശ്രമങ്ങളിൽ അഭിനന്ദിച്ച മറുപടി അയക്കുവാൻ തീരുമാനിച്ചു.

രാജി

വർക്കിംഗ്കമ്മറിയിലെ അംഗത്വം രാജിവച്ചുകൊണ്ട് ശ്രീ. പി. ജെ. ജോസഫ് പുല്ലാകുളം സമർപ്പിച്ചിരുന്ന 10-2-63—ലെ കത്ത് വർക്കിംഗ്കമ്മറി ചർച്ചചെയ്ത് അദ്ദേഹത്തിന്റെ രാജി അംഗീകരിക്കുവാൻ തീരുമാനിച്ചു.

പ്രസ്തുത രാജിക്കത്തിൽ ശ്രീമാൻ പി. ജെ ജോസഫ് ഉപേക്ഷിച്ചിരിക്കുന്നതായി പറയുന്ന പണം രാജിസമർപ്പണത്തിനുശേഷം അദ്ദേഹം ട്രഷറിയിൽനിന്നും പററിയിട്ടുള്ളതായും, ട്രഷറർ പ്രസ്തുത പണം നൽകിയപ്പോൾ രാജിക്കത്തുസംബന്ധിച്ചു ട്രഷറർക്കു യാതൊരറിവുമില്ലാതിരുന്നതായും രേഖപ്പെടുത്തുവാൻ കമ്മറി തീരുമാനിച്ചു.

പ്രമേയങ്ങൾ

കോരുത്തോട്ടിലെ കർഷകരുടെമേൽ നടന്ന മർദ്ദനംസംബന്ധിച്ചും, കൂട്ടനാട്ടിലെ കർഷകരുടെവക്കൽനിന്നും കുടിശിഖകൾ ഈടാക്കുന്നതിനു കേരളഗവർമ്മെൻറിന്റെ കർശനനടപടികൾ സംബന്ധിച്ചും ശ്രീമാൻ എ. മാരേട്ട് വർക്കിംഗ്കമ്മറിയുടെ പരിഗണനയ്ക്കയച്ചിരുന്ന പ്രമേയങ്ങളെ അടിസ്ഥാനമാക്കി താഴെക്കാണുന്ന പ്രമേയങ്ങൾ വർക്കിംഗ്കമ്മറി അംഗീകരിച്ചു.

I കോരുത്തോട്ടിൽ കർഷകരുടെമേൽ നടന്നതായി റിപ്പോർട്ട് ഉണ്ടായിട്ടുള്ള മർദ്ദനത്തെക്കുറിച്ച് ഒരു പരസ്യാന്വേഷണം നടത്തേണ്ടതാണെന്ന് ഈ കമ്മറി കേരളാഗവർമ്മെൻറിനോടപേക്ഷിക്കുന്നു.

II കർഷകർ ഗവർമ്മെൻറിലടയ്ക്കാനുള്ള സംഖ്യകൾ ഒന്നാകെ റവന്യു റിക്കവറിനിയമമനുസരിച്ച് കർശനമായി പിരിച്ചുവരുന്നതു കാർഷികതാല്പര്യങ്ങൾക്കുതന്നെ ഹാനികരമാകയാൽ പ്രസ്തുത സംഖ്യകൾ തവണകളായി അടയ്ക്കുന്നതിനു അവർക്കു സാവകാശം നൽകണമെന്ന് ഈ യോഗം ഗവർമ്മെൻറിനോടു അപേക്ഷിക്കുന്നു.

സംഘടന

എ. കെ. സി. സി. മാർച്ചു വിശേഷാൽപ്രതിയുടെ പ്രസിദ്ധീകരണം, സംഘാടകരുടെ സെമിനാർ, സംഘടനാപ്രവർത്തനങ്ങൾ എന്നിവയ്ക്കു വേണ്ട ചെലവുകളെ സംബന്ധിച്ചു വർക്കിംഗ്കമ്മറി ആലോചിക്കുകയും പണമില്ലാത്തതിനാൽ തൽസംബന്ധമായ എല്ലാ തീരുമാനങ്ങളും മാറ്റിവയ്ക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

വർക്കിംഗ്കമ്മറിയുടെ തീരുമാനമനുസരിച്ചു ജനറൽസെക്രട്ടറി നൽകിയ ചാർജ്ജുഷീറ്റിന് അസി: സെക്രട്ടറിയുടെ വിശദീകരണം അടുത്ത വർക്കിംഗ്കമ്മറിയോഗത്തിൽ പരിഗണിക്കുവാൻ വർക്കിംഗ്കമ്മറി തീരുമാനിക്കുകയും ചാർജ്ജുഷീറ്റിന്റെയും വിശദീകരണത്തിന്റെയും കോപ്പികൾ എല്ലാ വ

ക്കിംഗ് കമ്മറിയംഗങ്ങൾക്കും അയച്ചുകൊടുക്കുവാൻ അസി: സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു.

എ. കെ. സ. സി. ഭരണഘടന 28-ാ വകുപ്പ്, 29-ാം വകുപ്പ് 2-ാം ഉപവകുപ്പ്, 97-ാം വകുപ്പ് 4-ാം ഉപവകുപ്പ് എന്നീ വകുപ്പുകളുടെ വ്യാഖ്യാനവും, ഭരണഘടനയെ ആസ്പദമാക്കിയുള്ള ചട്ടങ്ങളും അടുത്ത വക്കിംഗ്കമ്മറിയോഗത്തിന്റെ കാര്യപരിപാടിയിൽ ഉൾക്കൊള്ളിക്കുവാനും, വക്കിംഗ് കമ്മറിയുടെ അടുത്ത യോഗം ഏപ്രിൽ 7-ാം തീയതി കൂടുവാനും തീരുമാനിച്ചു.

വൈകുന്നേരം 5 മണിക്ക് യോഗം അവസാനിച്ചു.

III 31-3-63

അഖിലകേരള കത്തോലിക്കാകോൺഗ്രസ്സ് വക്കിംഗ്കമ്മറിയുടെ ഒരു അടിയന്തിരയോഗം 31-3-'63 ഞായറാഴ്ച ഉച്ച കഴിഞ്ഞു 4മണിക്ക് എറണാകുളത്ത് ററി. ഡി. റോഡിലുള്ള സ്റ്റാർലി ഹാളിൽ കൂടി.

മെമ്പേഴ്സ്—

പി സി എബ്രാഹം ബി എ ബി എൽ
ഈ എം ജോസഫ് ബി എ ബി എൽ
കെ എം ജോസഫ് ബി എ ബി എൽ
എം സി ചാക്കോ മാത്തുരുത്തിൽ
എ ജി അഗസ്റ്റിൻ ബി എ ബി എൽ
ഇ പി വറുഗീസ് എം എ ബി എൽ
എൻ എൽ ജോസഫ് ഞള്ളമ്പുഴ
എം വി വക്കി മഴുവഞ്ചേരി
എം ഒ ജോസഫ് നെടുങ്കുന്നം
സിറിയക്ക്. ജെ നിധിയിരി

ററി കെ കുര്യൻ—എന്നിവർ യോഗത്തിൽ സംബന്ധിച്ചു. പ്രസിഡൻറു ശ്രീ. പി. സി. എബ്രാഹം അദ്ധ്യക്ഷത വഹിച്ചു. പ്രാർത്ഥനയ്ക്കുശേഷം ശ്രീ. വി. ജെ. കുര്യൻവള്ളവന്താനം വക്കിംഗ്കമ്മറിയിൽ സംബന്ധിക്കുവാൻ സൗകര്യപ്പെട്ടകയില്ലെന്നുകാണിച്ച് 29-3-'63—ൽ അയച്ച കത്തു വായിച്ചു റിക്കാർഡുചെയ്തു. അനന്തരം 10-3-'63—ലെ വക്കിംഗ്കമ്മറിയോഗത്തിന്റെ മിനിററ്സ് വായിച്ചു പാസ്സാക്കി.

പത്രറിപ്പോർട്ടുകൾ

വക്കിംഗ്കമ്മറി യോഗനടപടികളുടെ പത്രറിപ്പോർട്ടുകൾ നൽകുന്നതിൽ ഉൾക്കൊള്ളിക്കേണ്ട സംഗതികൾ സംബന്ധിച്ച് അതതു യോഗദിവസങ്ങളിൽതന്നെ ജനറൽ സിക്രട്ടറിയുടെ അംഗീകാരം അസിസ്റ്റൻറുസിക്രട്ടറി വാങ്ങേണ്ടതാണെന്നു വക്കിംഗ്കമ്മറി തീരുമാനിച്ചു.

ഓർഗനൈസർമാരുടെ നിയമനം

മുൻ വക്കിംഗ്കമ്മറി യോഗത്തിൽ അംഗീകരിക്കപ്പെട്ട പാനലിൽനിന്നു പ്രവർത്തനത്തിനു സന്നദ്ധരായവരെ അതതു മേഖലകളിൽ എ. കെ. സി. സി. സംഘാടകരായി നിയമിച്ചതും ഇന്നുചേർന്ന ഓർഗനൈസർമാരുടെ സെമിനാറും മറ്റു നടപടികളും അംഗീകരിക്കുകയും ചെയ്തു.

ആലപ്പുഴ മേഖലയിൽ ഓർഗനൈസർ ശ്രീ. ലൂയീസുചെറിയാൻകുഞ്ഞിന്റെ പ്രവർത്തനപരിധി ആലപ്പുഴ മുനിസിപ്പൽ അതിർത്തിക്കുള്ളിൽ മാത്രമായിരിക്കുന്നതും മറ്റുഭാഗങ്ങൾ ശ്രീമാൻ ജോർജ് കൊട്ടവേലിയുടെ പരിധിയിലും ആയിരിക്കുന്നതുമാണ്.

സെമിനാറിൽ ഹാജരാകാതിരുന്ന സേവ്യർ പ്ലാംകാലായിൽ അവർകളെയും സംഘാടകനായി നിയമിക്കുന്നു.

മൈസൂർമേഖലയിൽ ശ്രീ. യോഹന്നാൻ എമ്പ്രാണ്ടിവയലിനെയും നിയമിക്കുന്നു.

മെ: പി. സി. ചാക്കോ വലിയപറമ്പിൽ, രാജൻ മാരേട്ട് എന്നീ വിദ്യാർത്ഥി അപേക്ഷകരെ കോട്ടയം, പുനലൂർ മേഖലകളിൽ നിയമിക്കുന്നു.

സംഘാടകർ അവരവരുടെ കൈവശം വന്നുചേരുന്ന വരിസംഖ്യ മുതലായ എല്ലാ തുകകളും അന്നന്ന് ഖജാൻജിയുടെപേക്ക് അയയ്ക്കേണ്ടതും പ്രവർത്തനങ്ങളുടെ പ്രതിദിനവിവരങ്ങളടങ്ങിയ റിപ്പോർട്ടുകൾ ആഴ്ചതോറും ജനറൽസിക്രട്ടറിക്കു നൽകേണ്ടതുമാണ്, പ്രസ്തുത റിപ്പോർട്ടുകൾ നൽകുന്നതിനു സഹായകമായ ഫോറങ്ങൾ അച്ചടിച്ച് അവർക്കു നൽകുന്നതുമാണ്.

ബുള്ളറിൻ

എ. കെ. സി. സി. ബുള്ളറിന്റെ ഒരു വിശേഷാൽ പതിപ്പ് അടുത്തമാസത്തിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

അടുത്ത യോഗം

ഏപ്രിൽ 7-ാം തീയതി കൂടുവാൻ നിശ്ചയിച്ചിരുന്ന വക്കിംഗ്കമ്മറിയുടെ യോഗം ഏപ്രിൽ 21-ാംതീയതിയ്ക്കു ശേഷം കൂടത്തക്കവിധം മാററിവയ്ക്കുന്നതിനും കമ്മറി തീരുമാനിച്ചു.

വൈകുന്നേരം 5-ന് യോഗം അവസാനിച്ചു.

IV 28-4-63

അഖിലകേരളകത്തോലിക്കാകോൺഗ്രസ് വക്കിംഗ്കമ്മറിയുടെ ഒരു അടിയന്തിരയോഗം 28-4-63 ഞായറാഴ്ച രാവിലെ 10 മണിക്ക് ഹെഡ്ഓഫീസിൽ കൂടി.

മെമ്പേഴ്സ്

പി. സി. എബ്രാഹം ബി. എ , ബി, എൽ
ഇ. എം. ജോസഫ് ബി. എ., ബി. എൽ
കെ. എം. ജോസഫ് ബി. എ., ബി. എൽ
എം. സി. ചാക്കോ മാത്തുരുത്തിൽ
സിറിയക്ക്. ജെ. നിധിയിരി
ഇ. പി. വറുഗീസ് എം. എ., ബി. എൽ
വി. ജെ. കുര്യൻ ബി. എ., ബി, എൽ
എൻ. എൽ. ജോസഫ് ഞള്ളമ്പുഴ
കെ. എം. ജോസഫ് ബി. എ. ബി. എൽ, (ദീപിക)
എം. ഒ. ജോസഫ് നെടുംകുന്നം—എന്നിവർ യോഗത്തിൽ സംബന്ധിച്ചു. പ്രസിഡൻറു് ശ്രീ പി. സി. എബ്രാഹം അദ്ധ്യക്ഷം വഹിച്ചു.

പ്രാരംഭപ്രാർത്ഥനാനന്തരം നിയമത്തിൽ പറഞ്ഞിരിക്കുന്നതുപോലെ അസി. സെക്രട്ടറിയല്ല വർക്കിംഗ് കമ്മറിയുടെ യോഗം വിളിച്ചുകൂട്ടിയിരിക്കുന്നതു് എന്നതിനാലും പ്രസ്തുത യോഗത്തിന്റെ നോട്ടീസ് ലഭിച്ചിട്ടില്ലാത്തതിനാലും വർക്കിംഗ്കമ്മറിയോഗം ക്രമാനുസൃതമല്ലയെന്നതിന്മേൽ ക്വാറംതികയായി താല്പര്യപ്പെട്ടുകൊണ്ട് ശ്രീമാൻ എം. ഒ. ജോസഫ് ഒരു പോയിന്റു് ഓഫ് ഓർഡർ ഉന്നയിച്ചു. ശ്രീ എം. ഒ. ജോസഫിനു് നോട്ടീസ് അയച്ചിരുന്നുവെന്നു് ഔട്ടവേർഡ് രജിസ്റ്റർ വ്യക്തമാക്കുന്നുണ്ടെന്നും അസി. സെക്രട്ടറിയുടെ അഭാവത്തിൽ ജനറൽ സെക്രട്ടറിയുടെ നിർദ്ദേശാനുസരണമാണു് ക്ലാർക്കു് നോട്ടീസുകൾ അയച്ചതെന്നുമുള്ള ജനറൽസെക്രട്ടറിയുടെ വിശദീകരണത്തെത്തുടർന്നു്, അദ്ധ്യക്ഷൻ അവർകൾ, ലഭ്യമായിരിക്കുന്ന രേഖകൾ എല്ലാ വർക്കിംഗ് കമ്മറി അംഗങ്ങൾക്കും നോട്ടീസു് അയച്ചിട്ടുണ്ടെന്നു് വെളിപ്പെടുന്നതിനാലും ജനറൽസെക്രട്ടറി യോഗം വിളിച്ചുകൂട്ടിയിരിക്കുന്നതുകൊണ്ടും കൂടാതെ മി. എം. ഒ. ജോസഫ് യോഗ

ത്തിൽ സന്നിഹിതനായിരിക്കുന്നതിനാലും മീറ്റിംഗ് ക്രമപ്രകാരമാണെന്നു് റൂളിംഗ് നൽകി.

മിനിറ്റ്സ്

31-3-63-ലെ വക്കിംഗ് കമ്മറ്റിയോഗത്തിന്റെ മിനിറ്റ്സ് വായിച്ചു പാസാക്കപ്പെട്ടു.

കത്തുകൾ

ശ്രീ റ്റി. കെ. കുര്യൻ 28-4-63-ലെ വക്കിംഗ് കമ്മറ്റിയോഗത്തിൽ സംബന്ധിക്കുന്നതിനു് സൗകര്യപ്പെട്ടകയില്ലെന്നു കാണിച്ചു് 25-4-63-ൽ അയച്ചകത്തു വായിച്ചു് റിക്കാർഡ് ചെയ്തു.

... ...

വിഷയനിർണ്ണയക്കമ്മിറ്റി

വിഷയനിർണ്ണയക്കമ്മറ്റിയിലേക്കു് താഴെപ്പറയുന്നപത്തു പേർനോമിനേറ്റു ചെയ്യപ്പെട്ടു:-

ഏ. ഏ. ജോസഫ് ബി എ ബി എൽ
അഡ്വോക്കറ്റ്, കോട്ടയം
പി സി പോൾ പ്രസിഡണ്ട്
(ഏ സി എം എസ്) പന്തണ്ണൽ വെച്ചൂർ
കെ എം ഡോമിനിക്കു് ബി എ എൽ റ്റി
കരിപ്പാപ്പറമ്പിൽ-കാഞ്ഞിരപ്പള്ളി
ജോസഫ് കുട്ടമ്മേൽ ചങ്ങനാശ്ശേരി
ഡോക്ടർ റ്റി വി ജോസ് ബി എസ്സി
എം ബി ബി എസ് തീമ്പലങ്ങാട്ട്
ചങ്ങനാശ്ശേരി
റ്റി ചാണ്ടി ബി എ ബി എൽ റിട്ടയാർഡ്
ചീഫ് സെക്രട്ടറി, ബീച്ചുറോഡ് ആലപ്പുഴ
ജോസഫ് ചെറിയാൻ ഇലഞ്ഞിക്കൽ
കോതമംഗലം
ചാക്കോ തൊമ്മൻ വെളിയിലായകരിയിൽ
ചാലിൽ, കോക്കമംഗലം P O
ലോനപ്പൻ നമ്പാടൻ പേരാമ്പ്ര, കൊടകര P O
പാവുണ്ണി കുഞ്ഞുവറിയത് ചെതലൻ കൊടകര

ചാർജ്ജുഷീറ്റ്

അസി: സെക്രട്ടറി മി. മാത്യു വള്ളിത്താനത്തിനു് ജനറൽസെക്രട്ടറി നൽകിയ ചാർജ്ജുഷീറ്റും അതിന്മേൽ അസി: സെക്രട്ടറിക്കുള്ള സമാധാനവും അടുത്തതായി പരിഗണിച്ചു.

മെസ്സേഴ്സ്-

ഇ പി വറുഗീസ്
ഇ എം ജോസഫ്
എൻ എൽ ജോസഫ് ഞള്ളുമ്പുഴ
സിറിയക്കു് നിധിയിരി
എം സി ചാക്കോ
പി സി അബ്രാഹം എന്നിവർ അസി. സെക്രട്ടറിയുടെ വിശദീകരണം തൃപ്തികരമല്ലായെന്ന അഭിപ്രായക്കാരായിരുന്നു. ആരോപണങ്ങളെ സ്ഥിരീകരിക്കുന്ന തെളിവുകൾ ലഭ്യമല്ലാത്തതിനാൽ ഇക്കാര്യത്തിൽ ഒരഭിപ്രായം പുറപ്പെട്ടവിക്കുവാൻ കഴിയുന്നില്ലായെന്നു് ശ്രീമാൻ കുര്യൻ വള്ളുവന്താറ ചൂണ്ടികാട്ടി. ശ്രീമാൻ കെ എം ജോസഫ് (ദീപിക) യാതൊരു അഭിപ്രായവും പുറപ്പെട്ടവിച്ചില്ല. മി. എം ഒ ജോസഫിന്റെ അഭിപ്രായം വിശദീകരണം തൃപ്തികരമാണെന്നുള്ളതായിരുന്നു. എന്തെങ്കിലും മേൽനടപടികൾ എടുക്കുന്നുണ്ടെങ്കിൽ അതു് ആരോപണങ്ങളേയും അവയുടെ വിശദീകരണങ്ങളെയും അടിസ്ഥാനപ്പെടുത്തി ആയിരിക്കരുതു് എന്നും അദ്ദേഹം പറഞ്ഞു. ആകയാൽ ഭൂരിപക്ഷ അഭിപ്രായമനുസരിച്ചു് അസി. സെക്രട്ടറിയുടെ സേവനം ഇനിമുതൽ ഒഴിവാക്കേണ്ടതുണ്ടെന്നും, മറ്റൊരു അസി. സെക്രട്ടറിയെ നിയമിക്കുന്നതുവരെ ജനറൽസെക്രട്ടറി അസി. സെക്രട്ടറിയുടെ ചുമതലകൾകൂടി ഏറ്റെടുക്കേണ്ടതാണെന്നും വക്കിംഗ്കമ്മറ്റി തീരുമാനിച്ചു. എസ്. എസ്. എൽ. സി. കഴിഞ്ഞ യോഗ്യതയുള്ളതും ഓഫീസ് ജോലിയിൽ ആവശ്യമായ അനുഭവസമ്പത്തുമുള്ള അപേക്ഷകരിൽനിന്നും അപേക്ഷകൾ ക്ഷണിക്കുന്നതിനു് യോഗം ജനറൽസെക്രട്ടറിയോടു് അഭ്യർത്ഥിച്ചു.

ബുള്ളറ്റിൻ എഡിറ്റർ

അസി. സെക്രട്ടറിസ്ഥാനത്തുനിന്നും നീക്കംചെയ്യപ്പെട്ട മി. മാത്യുവിനെ താൽക്കാലികമായി രണ്ടുമാസത്തേയ്ക്കു് ബുള്ളറ്റിൻ എഡിറ്റിംഗിന്റെ ചുമതല ഏല്പിക്കുകയുണ്ടായി.

വാഷ്കിറിപ്പോർട്ട

അഖിലകേരള കത്തോലിക്കാകോൺഗ്രസ്സിന്റെ 45-ാമതു വാഷ്കിറിപ്പോർട്ട് വക്കിംഗ്കമ്മറ്റിയോഗത്തിൽവച്ചു് വായിച്ചു് അംഗീകരിക്കപ്പെട്ടു.

വരവുചെലവുകണക്കും ബാക്കിപത്രവും

അഖിലകേരള കത്തോലിക്കാ കോൺഗ്രസിന്റെ 1962 ലെ ഓഡിറ്റുചെയ്യപ്പെട്ട വരവുചെലവുകണക്കും ബാക്കിപത്രവും ഓഡിറ്റുടെ റിപ്പോർട്ടുസഹിതം കോൺഗ്രസ്സ് ട്രഷറർ ശ്രീ എം. സി. ചാക്കോ വായിച്ചതു് യോഗം അംഗീകരിച്ചു.

ഓഫീസിലെ അത്യാവശ്യച്ചെലവുകളായ ഓഫീസ് വാടക, ജീവനക്കാരുടെ ശമ്പളം മുതലായവയ്ക്കുവേണ്ടി ശാശ്വത മൂലധനത്തിലേയ്ക്കു് അടയ്ക്കേണ്ട ഏതാനും സംഖ്യ, സംഭാവനയുടെകൂടെ ഉടനെലഭിക്കുന്നതിൽനിന്നും അടച്ചുതീർക്കാമെന്നകരുതിയാണു് പണം എടുത്തതെന്നു് ഓഡിറ്റുടെ റിപ്പോർട്ടിൽ കണ്ട പരാമർശത്തെ വിവരിച്ചുകൊണ്ടു് അടുത്തു് സംഭാവന ലഭിക്കുമ്പോൾ ആ തുക ശാശ്വതമൂലധനഫണ്ടിലേക്കു് അടയ്ക്കാമെന്നു് ട്രഷറർ ശ്രീ എം സി ചാക്കോ പറഞ്ഞു. അപ്രകാരം എത്രയും വേഗം ചെയ്യണമെന്നു് കമ്മറ്റി നിശ്ചയിച്ചു.

കത്തോലിക്കാ സാഹിത്യസമ്മേളനം

കത്തോലിക്കാ സാഹിത്യകാരന്മാരുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടണമെന്ന നിർദ്ദേശത്തെ അടിസ്ഥാനമാക്കി 1963 മെയ് 12-ാംനു ഹെഡ്ഓഫീസിൽ വച്ചു കൂടണമെന്നും, ഇതിലേയ്ക്കു് കേരളസാഹിത്യകലാസമിതി അംഗങ്ങളെ പ്രത്യേകം ക്ഷണിക്കേണ്ടതാണെന്നും തീരുമാനിച്ചു.

വൈകുന്നേരം 5 മണിക്കു് യോഗം അവസാനിച്ചു.

ജനറൽസെക്രട്ടറി



See India by Ambassador!

Our country abounds in natural riches which invite appreciation and exploration. The Ambassador provides easy access to ideal spots for holidaying, picnicking, camping, hiking, and every avenue leading to closer contact with nature. Designed as a family car, it carries upto six adults in relaxed comfort, plus ample luggage in its spacious boot. O.H.V. engine power, combined with a sturdy build, ensures fast and dependable performance at a modest fuel consumption. It is the ideal vehicle for enriching the experience and expanding the horizon of you and your family!

HINDUSTHAN **Ambassador**

HINDUSTAN MOTORS LTD., CALCUTTA—1

Authorised Dealers

MARIKAR (MOTORS) LTD., Main Road, Trivandrum

Edited, Printed and Published for the Working Committee of the All Kerala Catholic Congress by Mathew J. Pallithanam, at Deepika Press, Kottayam.